## ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ഡോ. കെ. ടി. ജലീൽ: സർ, രണ്ടാം പിണറായി സർക്കാരിനുവേണ്ടി ബഹുമാന്യനായ കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിനെ അനുകൂലിച്ച് കേരളത്തിന്റെ മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു സർക്കാരിന്റെ നയപ്രഖ്യാപനം, ആ സർക്കാരിന്റെ കുതിപ്പിന്റെ മാർഗ്ഗരേഖയാണ്. വ്യക്തമായ കാഴ്ചപ്പാടില്ലാതെ ഒരു സർക്കാരിന് മുന്നോട്ടുപോകാൻ കഴിയില്ല. നയപ്രഖ്യാപനം ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതിന്റെ അടിത്തറയാണ്. ആ അടിത്തറയിന്മേലാണ് അടുത്ത അഞ്ചുവർഷത്തെ വികസനത്തിന്റെ മഹാസൗധം ബന്ധപ്പെട്ട സർക്കാർ പണിയുന്നത്. ഒന്നാം പിണറായി സർക്കാരിനുവേണ്ടി അന്നത്തെ ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിലെ അവസാനത്തെ രണ്ടുവാചകങ്ങൾ ഓർമ്മിച്ചുകൊണ്ട് രണ്ടാം പിണറായി സർക്കാരിന്റെ നയപ്രഖ്യാപനത്തിലേക്ക് വരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ആ വാക്കുകൾ ഇങ്ങനെയാണ് - എന്റെ ഗവൺമെന്റ് ഒരു കാര്യത്തിലും ഭയപ്പെട്ട് പിന്മാറില്ല. എത്ര മനോവീര്യം കെടുത്തുന്ന വെല്ലുവിളികളാണെങ്കിലും നമ്മൾ അത് മറികടക്കും. കേരളത്തെ സാമ്പത്തിക

സാമൂഹ്യപുരോഗതിയുടെ മുൻപന്തിയിൽ എത്തിക്കുന്നതിന് ഉറച്ച ചുവടുവയ്പ്പുകളോടെയും ജാഗ്രതയോടെയും എന്റെ ഗവൺമെന്റ് മുന്നോട്ടുപോകും. ഇതിനുവേണ്ടിയുള്ള പ്രയത്നത്തിൽ നമുക്കെല്ലാവർക്കും ഒരുമിക്കാം. വള്ളിപുള്ളി തെറ്റാതെ ഒന്നാം നയപ്രഖ്യാപനത്തിലെ ആശയങ്ങളെല്ലാം നടപ്പാക്കിയതിന്റെ ഏറ്റവും വലിയ തെളിവാണ് ചരിത്രത്തിലാദ്യമായി ഒരു ഗവൺമെന്റിന് കേരളത്തിൽ ഭരണത്തുടർച്ച കിട്ടിയെന്നുള്ളത് വ്യക്തമാക്കുന്നത്. ഓഖിയും നിപയും നൂറ്റാണ്ടിലെ പ്രളയവും പ്രകൃതിദുരന്തങ്ങളും കൊവിഡ് എന്ന മഹാമാരിയും തീർത്ത ദുരിതക്കയങ്ങളിൽനിന്ന് ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേറ്റുവരാൻ കേരളത്തിന് കരുത്തായത് സഖാവ് പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയുടെ അനിതരസാധാരണമായ നേതൃപാടവമായിരുന്നുവെന്ന കാര്യത്തിൽ തർക്കമില്ല. ഒരു സർക്കാരിന്റെ ഏറ്റവും വലിയ ധർമ്മം ആ ഗവൺമെന്റിന്റെ അധികാരപരിധിയിൽ വരുന്ന, ജീവിക്കുന്ന മനുഷ്യർക്ക് ആത്മവിശ്വാസം പകർന്നുനൽകുകയെന്നുള്ളതാണ്. ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ഒന്നാം പിണറായി സർക്കാർ വിജയിച്ചുവെന്നുള്ളതിന്റെ തെളിവാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നുവെന്ന വസ്തുത. രണ്ടാം പിണറായി സർക്കാരും ആ പ്രതിജ്ഞാബദ്ധത നിറവേറ്റുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

അതിന്റെ ആകെ തുകയാണ് ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപനം. ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിന്റെ എല്ലാ അന്തഃസത്തയും ഉൾക്കൊണ്ട ഒരു വാചകം 112 പേജുള്ള പ്രസംഗത്തിൽനിന്ന് ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ. 'ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിരന്തരം നിറവേറ്റാനായിട്ടുള്ളതാണെന്നും അഞ്ചുവർഷക്കാല ഇടവേളകളിൽ ആവർത്തിച്ച് പറയാനായിട്ടുള്ളതല്ലെന്നും എന്റെ സർക്കാർ വിശ്വസിക്കുന്നു.' പറയുന്നത് പ്രവർത്തിക്കണമെന്ന് നിർബന്ധമുള്ള സർക്കാരാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാമതും അധികാരത്തിൽ വന്നിരിക്കുന്നതെന്ന് ചുരുക്കം. നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് എന്റെ സ്നേഹിതൻ ശ്രീ. എൻ. ഷംസുദ്ദീൻ ഇന്നലെ ഇവിടെ പറഞ്ഞ ചില കാര്യങ്ങളോട് പ്രതികരിക്കാൻ ഈ വിലപ്പെട്ട സമയം ഉപയോഗപ്പെടുത്തുകയാണ്. എനിക്കെതിരെയുണ്ടായ ലോകായുക്തയുടെ വിധിയെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. എന്തിന്റെ പേരിലായിരുന്നു അത് പറഞ്ഞതെന്ന് എല്ലാവർക്കും അറിയാം. എനിക്കെതിരെ ലോകായുക്ത വിധിച്ചത് പാലാരിവട്ടം പാലം അണ്ണാക്ക് തൊടാതെ വിഴുങ്ങി കോടികൾ മുക്കിയതിന്റെ പേരിലല്ല. എനിക്കെതിരെ ലോകായുക്ത വിധി പറഞ്ഞത് അഴിമതി നടത്തിയ പണം കോടികൾ ചന്ദ്രിക പത്രത്തിന് ട്രാൻസ്ഫർ ചെയ്തുകൊടുത്തുവെന്ന കേസിലല്ല.

എനിക്കെതിരെ ലോകായുക്ത വിധി പ്രസ്താവിച്ചത് ആളുകളിൽനിന്ന് പണം പിരിച്ച് ജ്വല്ലറിയുണ്ടാക്കി ആളുകളെ മുഴുവൻ കണ്ണീരുകുടിപ്പിച്ച് തട്ടിപ്പ് നടത്തിയ കേസിലല്ല. എനിക്കെതിരെ ലോകായുക്ത വിധിച്ചത് കത്വായിലെ പാവപ്പെട്ട പെൺകുട്ടിയുടെ കണ്ണീരുകാട്ടി നാട്ടുമുഴുവൻ പള്ളികളിലുൾപ്പെടെ പിരിച്ച് ലക്ഷങ്ങൾ മുക്കിയതിന്റെ പേരിലല്ല. എനിക്കെതിരെ ലോകായുക്ത വിധി പറഞ്ഞത് ഇഞ്ചിക്കൃഷി നടത്തി കോടികൾ സമ്പാദിച്ച് കൊട്ടാരസമാനമായ വീടുകൾ പണിയുകയും അമ്പതുലക്ഷം രൂപ കട്ടിലിനടിയിൽ സൂക്ഷിക്കുകയും ചെയ്ത കേസിലല്ല. എനിക്കെതിരെ ലോകായുക്ത വിധി പറഞ്ഞത് ഒരാളിൽനിന്നും പത്തുരൂപ ഒളിഞ്ഞോ തെളിഞ്ഞോ കൈക്കൂലി വാങ്ങി എന്ന കേസിലല്ല. എനിക്കെതിരെ ലോകായുക്ത വിധി പറഞ്ഞത് ഏതെങ്കിലും ഒരു വണ്ടിച്ചെക്ക് കേസിൽ പ്രതിചേർത്തതിന്റെ പേരിലല്ല. ഒരു സർക്കാർ സ്ഥാപനം മെച്ചപ്പെടുത്താൻ സദുദ്ദേശത്തോടുകൂടി നടത്തിയ ഒരു ശ്രമം ആ ശ്രമത്തിൽവന്ന ചില സാങ്കേതികത്വങ്ങൾ ചൂണ്ടിക്കാണിച്ചാണ് ലോകായുക്ത എനിക്കെതിരായി വിധി പറഞ്ഞത്. തവനൂരിൽ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയത് ഞാനാണെന്നുള്ള നിലയിൽ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നലെ ഇവിടെ ഒരു പ്രസ്താവന നടത്തുകയുണ്ടായി. യഥാർത്ഥത്തിൽ എന്താണ് തവനൂരിൽ നടന്നത്. ബി.ജെ.പി.-ക്ക് തവനൂരിൽ കഴിഞ്ഞ പഞ്ചായത്ത്

തെരഞ്ഞെടുപ്പിൽ പത്തൊമ്പതിനായിരം വോട്ടാണ് കിട്ടിയത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇരുപതിനായിരം വോട്ടാണ് ബി.ജെ.പി. അവിടെ നേടിയത്. മലപ്പുറം ജില്ലയിൽ ബി.ജെ.പി.-ക്ക് വോട്ടുള്ള ഒന്നാമത്തെ മണ്ഡലങ്ങളിൽ ഒന്ന് തവനൂരാണ്. ആ തവനൂർ മണ്ഡലത്തിൽ ബി.ഡി.ജെ.എസ്. എന്നുപറയുന്നവരുടെ സഖ്യകക്ഷിയെ മത്സരിപ്പിച്ചപ്പോൾത്തന്നെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലുള്ള വോട്ടുകച്ചവടത്തിന്റെ കഥ ആരംഭിക്കുകയായിരുന്നു. മൂന്ന് അന്വേഷണ ഏജൻസികൾ എന്റെ തലയ്ക്കുചുറ്റും വട്ടമിട്ട് പറന്നിട്ട് എന്റെ ഒരു രോമത്തിൽപോലും തൊടാൻ കഴിഞ്ഞില്ല. ആ ജാള്യത മറയ്ക്കാൻ തെരഞ്ഞെടുപ്പ് ഗോദയിൽ ബി.ജെ.പി. എന്നെ തോൽപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെയാണ് യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയെ അവർ പിന്തുണച്ചത്. വോട്ട് കച്ചവടം ജില്ലാടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലാണ് എനിക്കെതിരായി നടന്നത്. എന്നിട്ടും എന്നെ തോൽപ്പിക്കാൻ ഇവർക്ക് സാധിച്ചോ? മുസ്ലീംലീഗുകാരനായ ഒരു ചാരിറ്റി മാഫിയാ തലവനെ കോൺഗ്രസ്സിന്റെ വേഷംകെട്ടിച്ച് കൈപ്പത്തി ചിഹ്നത്തിൽ തവനൂരിൽ മത്സരിപ്പിച്ചു. ഒരു കോൺഗ്രസ്സുകാരൻ ഉണ്ടായിരുന്നില്ലേ അവിടെ, ഒരു ലീഗുകാരനുണ്ടായിരുന്നില്ലേ അവിടെ, ലീഗും കോൺഗ്രസ്സും ഒരുമിച്ചാണെന്ന് വരുത്താൻവേണ്ടി ഒരു ലീഗുകാരനെ വേഷംകെട്ടിച്ച് കൈപ്പത്തി

ചിഹ്നത്തിൽ മത്സരിപ്പിച്ചു. ആവനാഴിയിലെ അവസാന അസ്ത്രവും പുറത്തെടുത്തു, എന്നിട്ടും എന്നെ തോൽപ്പിക്കാൻ സാധിച്ചോ കുഞ്ഞാലിക്കുട്ടി സാഹിബേ. മുസ്ലീംലീഗിന് എന്നെ തോൽപ്പിച്ച് മുന്നോട്ടുപോകാൻ ആഗ്രഹമുണ്ടെങ്കിൽ, നിങ്ങൾക്ക് ആർക്കെങ്കിലും എന്റെ തോൽവി കണ്ട് സായൂജ്യമടഞ്ഞ് കണ്ണടയ്ക്കാമെന്ന മോഹമുണ്ടെങ്കിൽ ആ മോഹം അങ്ങ് വച്ചേക്കൂ, ഒരിക്കലും അത് നടക്കാൻ പോകുന്നില്ല. നിങ്ങളുടെ ആവനാഴിയിലെ അവസാനത്തെ അസ്ത്രവും എടുത്ത് പ്രയോഗിച്ചിട്ടും തവനൂരിൽ നിങ്ങൾക്ക് ഇടതുപക്ഷത്തെ മുട്ടുകുത്തിക്കാൻ സാധിച്ചില്ല. ബി.ജെ.പി.-യും ജമാഅത്തെ ഇസ്ലാമിയും സുഡാപ്പിയും എല്ലാം യു.ഡി.എഫ്.-നെ പിന്തുണച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തേരോട്ടത്തെ തടുക്കാൻ യു.ഡി.എഫ്.-ന് കഴിയില്ല. എനിക്കെതിരായി നിങ്ങൾ ചാവേറായി പറഞ്ഞയച്ച ആളുകളൊക്കെ ഇപ്പോൾ എവിടെ; എനിക്കെതിരായി കേസുകെട്ടുകളുമായി പറഞ്ഞയച്ച മഹാന്മാരൊക്കെ ഇപ്പോൾ എവിടെ? ശ്രീ. വി. അബ്ദുറഹിമാൻ ജയിച്ചുവന്നത് താനൂരിൽനിന്നാണ്. അദ്ദേഹം ആരെ തോൽപ്പിച്ചാണ് ഈ സഭയിലെത്തിയത്; ഇവിടെയിരിക്കുന്ന ശ്രീ. കെ. വി. സുമേഷ് ആരെ തോൽപ്പിച്ചാണ് അഴീക്കോട് മണ്ഡലത്തിൽനിന്ന് ഈ സഭയിലെത്തിയത്? വിശുദ്ധ ഖുർആനിന്റെ മറവിൽ ഞാൻ സ്വർണക്കള്ളക്കടത്ത് നടത്തിയിട്ടുണ്ടെന്ന് ഈ

സഭയിൽ പറഞ്ഞ ആ മഹാനെ ഇപ്പോൾ ഇവിടെ കാണുന്നില്ലല്ലോ. അദ്ദേഹം നിയമസഭയിൽ ഇന്ന് ലീവ് ആയിട്ട് വരാതിരുന്നതാണോ? അല്ലല്ലോ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടം 307. ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ തന്റെ പ്രസംഗത്തിനിടയിൽ ചാരിറ്റി തട്ടിപ്പ് നടത്തിയ ആളും പഴയ മുസ്ലീം ലീഗ്കാരനും ആയ ആളെയാണ് കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി അദ്ദേഹത്തിനെതിരായി മത്സരിപ്പിച്ചതെന്ന് പറയുന്നത് തെറ്റായ കാര്യമാണ്. അത് സഭാനടപടികളിൽ ഉണ്ടാകരുത്. അത് നീക്കം ചെയ്യണം.

മി. സ്പീക്കർ: പേര് പരാമർശിച്ചിട്ടില്ല. പരിശോധിക്കാം+.

ഡോ. കെ. ടി. ജലീൽ: സർ, ഇടതുപക്ഷത്തിനെതിരെയും വ്യക്തിപരമായി എനിക്കെതിരെയും ചാവേറാകാൻ പറഞ്ഞയച്ചവരെയൊന്നും ഇവിടെ കാണുന്നില്ല. അവരൊക്കെ എവിടെപ്പോയി? അവരൊക്കെ ജനകീയ കോടതിയിൽ തോറ്റ് തുന്നം പാടി. എന്നെ കൊല്ലാൻ സാധിച്ചേക്കും, എന്നാൽ എന്നെ തോൽപ്പിക്കാൻ നിങ്ങൾക്ക് കഴിയില്ല എന്നുള്ളത് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കുക. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ മറ്റൊരു കാര്യം ഇവിടെ സൂചിപ്പിച്ചു.

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.8687/ഇ.ബി./2021/നി.സെ. തീയതി 03-6-2021) സഭാരേഖകളിൽ നിലനിർത്തി.

ഇടതുപക്ഷം വിവിധ ജനവിഭാഗങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നു എന്ന് പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കിയപ്പോൾ 80:20 അനുപാതം സ്വീകരിച്ചതിനെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. ആ 80:20 അനുപാതം തന്നെയല്ലേ പാലൊളി കമ്മിറ്റിയുടെ ശിപാർശകളും അതിനുശേഷം യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊണ്ടുവന്ന പുതിയ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിന് നിങ്ങളും സ്വീകരിച്ചത്. കഴിഞ്ഞ പത്ത് കൊല്ലം അതല്ലേ അനുവർത്തിച്ചത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്തേ നിങ്ങളത് തിരുത്തിയില്ല? പാലൊളി കമ്മിറ്റി അങ്ങനെയൊരു തെറ്റ് ചെയ്തുവെന്നുണ്ടെങ്കിൽ ആ തെറ്റ് തിരുത്താനല്ലേ നിങ്ങൾ 2011-ൽ അധികാരത്തിൽ വന്നത്? 2011 മുതൽ 2016 വരെ നിങ്ങളത് തിരുത്താതെ പിന്തുടർന്നു എന്നുള്ളത് വ്യക്തമാക്കുന്നത് ആ തീരുമാനം ശരിയായിരുന്നു എന്നുള്ളതാണ്. കഴിഞ്ഞ എട്ട് കൊല്ലം ആ തീരുമാനത്തെ ഒരാളും ഒരു സംഘടനയും ഒരു വ്യക്തിയും ചോദ്യം ചെയ്തിട്ടില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ഡോ. കെ. ടി. ജലീൽ: സർ, കഴിഞ്ഞ ഒന്നാം പിണറായി സർക്കാരിന്റെ അവസാന കാലത്ത് ക്രൈസ്തവരെയും മുസ്ലീങ്ങളെയും ഒരുപോലെ ഇടതുപക്ഷ സർക്കാരിന് എതിരാക്കാൻവേണ്ടി ചിലയാളുകൾ, യു.ഡി.എഫ്. സ്പോൺസേർഡ്

സംഘടനകളും വ്യക്തികളും ഇത് കുത്തിപ്പൊക്കിക്കൊണ്ടുവന്നു, കോടതിയിൽ പോയി. കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ എന്താണ് ചെയ്തത്? ക്രൈസ്തവ സമുദായത്തിന് പിന്നോക്കാവസ്ഥ ഉണ്ടെങ്കിൽ അത് പഠിക്കുന്നതിന് ജസ്റ്റിസ് ജെ. ബി. കോശിയെ ചെയർമാനാക്കി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്നതുവരെ ക്ഷമിക്കാൻ ഇവിടെ ചിലർക്ക് എന്തേ സാധിച്ചില്ല? അതൊക്കെ കുത്തിപ്പൊക്കിക്കൊണ്ടുവന്നതിന്റെ പേരിൽ വ്യക്തമായ രാഷ്ട്രീയമുണ്ടായിരുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്തേ ഇതിനെ സംബന്ധിച്ച് ഒന്നും പറയാതിരുന്നത്? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അവർ സ്വീകരിച്ച അതേ മാനദണ്ഡം ഇപ്പോഴും സ്വീകരിക്കുന്നു. അതിനെതിരെയാണ് ഇപ്പോൾ ഇത് വന്നിരിക്കുന്നത്. ഒരേ ഒരു കാര്യം മാത്രമാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. നമുക്ക് ഒരു ചെറിയ സ്പാർക്ക് കൊണ്ട് വലിയ തീക്കുണ്ഡങ്ങൾ ഉണ്ടാക്കാൻ സാധിച്ചേക്കും. പക്ഷേ ആ തീക്കുണ്ഡങ്ങളിൽ എരിഞ്ഞമരുന്നത് എന്തായിരിക്കുമെന്ന് നമ്മൾ അറിയുക. അറബിക്കടലിലെ വെള്ളം മുഴുവൻ ഉപയോഗിച്ചാലും അത് ഒരുപക്ഷേ നമുക്ക് കെടുത്താൻ സാധിച്ചുകൊള്ളണമെന്നില്ല. ബഹുമാനപ്പെട്ട മുസ്ലീംലീഗിന്റെ അംഗങ്ങൾ അക്കാര്യം ഓർക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഹുമാന്യനായ ഡോ. കെ. ടി. ജലീലിന് മന്ത്രിസ്ഥാനം രാജി വയ്ക്കേണ്ടതിൽ ഇത്ര വിഷമമുണ്ടെന്ന് ഞങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കിയത്. അദ്ദേഹം ഇവിടെ പറഞ്ഞു, അദ്ദേഹം രാജിവച്ചത് വേറെ കുഴപ്പം കൊണ്ടൊന്നുമല്ലെന്ന്. ലോകായുക്തയുടെ വിധി ഞങ്ങളുടെ കയ്യിലുണ്ട്. അദ്ദേഹം വായിച്ചിട്ടുണ്ടല്ലോ, എല്ലാവരും വായിച്ചതല്ലേ? എന്താണ് എഴുതിയിരിക്കുന്നത്? പാരഗ്രാഫ് 54. "Hence we hereby enter a finding that the allegations of abuse of power (അധികാര ദുർവിനിയോഗം), favouritism (പക്ഷപാതം), nepotism (സ്വജനപക്ഷപാതം) and violation of Oath of office (സത്യപ്രതിജ്ഞാ ലംഘനം) have been substantiated against the second respondent and we make a declaration to that effect. We also declare that since such allegations have been substantiated against the second respondent he should not continue to hold the post held by him as a member of the Council of Ministers." മന്ത്രിസഭയിലെ ഒരു അംഗമായിരിക്കാൻ താങ്കൾക്ക് യോഗ്യതയില്ല എന്ന്..... എന്നിട്ട് രാജി വച്ചില്ല. ഇലക്ഷൻ കഴിഞ്ഞ് ഒൻപതാം തീയതി ഈ വിധിയുണ്ടായി. ഈ വിധിയിൽ ഒരു കാര്യംകൂടി പറഞ്ഞിട്ടുണ്ട്. പാരഗ്രാഫ് 55. "This report under

Section 12 (3) of the Kerala Lok Ayukta Act, 1999 is submitted to the Hon'ble Chief Minister, the Competent Authority, for taking appropriate action in accordance with Section 14 of the Kerala Lok Ayukta Act." ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇത് കൈമാറി. താങ്കളെ പുറത്താക്കണമെന്ന് മുഖ്യമന്ത്രിയോട് ലോകായുക്ത നിർദ്ദേശിച്ചു. നമുക്കറിയാം. സംസാരിക്കാൻ സമയം തരുമോ? പിന്നാമ്പുറം എല്ലാവർക്കും അറിയാമല്ലോ. ഡോ. കെ. ടി. ജലീൽ കേരള നിയമസഭയിൽ പറഞ്ഞ ഒരു കാര്യമുണ്ട്, 'എന്റെ പേരിലുള്ള കേസ് തെളിയിച്ചാൽ ഞാൻ രാഷ്ട്രീയം അവസാനിപ്പിക്കും'. നിങ്ങൾ മന്ത്രിസ്ഥാനം രാജിവച്ചതുമാത്രം പോരാ. നിങ്ങൾ അന്ന് പറഞ്ഞ വാക്ക് പാലിക്കുന്നുവെങ്കിൽ എം.എൽ.എ. സ്ഥാനം മുൻകാല പ്രാബല്യത്തോടെ രാജി വയ്ക്കണം. ഡോ. കെ. ടി. ജലീൽ, നിങ്ങൾ ചെയ്തതെന്താണ്? അദ്ദേഹം ഹൈക്കോടതിയിൽ പോയി. ലോകായുക്ത ഈ വിധി പ്രഖ്യാപിച്ചിട്ട് രാജിവയ്ക്കുന്നതിനുപകരം അധികാരത്തിൽ കടിച്ചുതൂങ്ങാൻ അദ്ദേഹം ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി എന്ത് പറഞ്ഞു? "We have already found that the Lok Ayukta was acting within the scope of its powers while arriving at its conclusion. In the circumstances, we are of the view that the petitioner has not made out any ground for interference ….." നിങ്ങൾ

ഹൈക്കോടതിയിലും പോയി തോറ്റുതൊപ്പിയിട്ടു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സണ്ണി ജോസഫ്, ചെയറിനെ അഡ്രസ് ചെയ്യൂ. അങ്ങ് ഒരു മുതിർന്ന അംഗമാണ്. പ്രകോപനങ്ങൾ ഒഴിവാക്കാം.

ശ്രീ. സണ്ണി ജോസഫ്: സർ, മുൻമന്ത്രിയും സ്പീക്കർ സ്ഥാനാർത്ഥിയുമായിരുന്ന ആൾ ഇങ്ങോട്ട് പ്രകോപനമുണ്ടാക്കിയാൽ പിന്നെ പറയേണ്ടി വരുമല്ലോ? ഒരു സിംപിൾ ക്വസ്റ്റ്യൻ ചോദിക്കട്ടെ. ഡോ. കെ. ടി. ജലീലിനെതിരെ വന്ന വിധി 09.04.2021-ന് പകരം 02.04.2021-നായിരുന്നുവെങ്കിൽ ഇദ്ദേഹം ഇപ്പോൾ സഭയിൽ ഉണ്ടാകുമായിരുന്നോ; ഈ കേസ് എപ്പോഴാണ്? 2018-ലെ സംഭവത്തിൽ 2019-ൽ കേസ് കൊടുത്തിട്ട് ആ കേസ് നീട്ടിക്കൊണ്ടുപോയി ഇലക്ഷൻ കഴിയുന്നതുവരെ വിധി പറയിക്കാതെ മാറ്റിമാറ്റി വയ്പിച്ചു. അതുകൊണ്ടല്ലേ അദ്ദേഹം സഭയിൽ വന്നത്. കഴിഞ്ഞ സർക്കാരിന്റെ ചെയ്തികളെ സംബന്ധിച്ച് നിരവധി കാര്യങ്ങൾ..... എന്റെ പക്കൽ ഒരുപാട് കോടതി വിധിയുണ്ട്. ഒരു കാര്യമെന്താണ്; ഞങ്ങളെ പല ആളുകളും പാർലമെന്ററി മര്യാദ പഠിപ്പിക്കുകയാണ് - ക്രിയേറ്റീവായിട്ടുള്ള വിമർശനമായിരിക്കണം പ്രതിപക്ഷം ചെയ്യേണ്ടത്, കൺസ്ട്രക്ടീവ് ആയിരിക്കണം, ഡിസ്ട്രക്ടീവ് ആകാൻ പാടില്ല. ശ്രീ. എ. എൻ. ഷംസീർ പറഞ്ഞത് മനസ്സിലാക്കാം. ഏതായാലും ഡോ. കെ. ടി. ജലീൽ അത് പറഞ്ഞില്ലല്ലോ. കാരണം

ബഹുമാനപ്പെട്ട സ്പീക്കറുടെ കസേര എടുത്തിട്ട ആളുകളിൽപ്പെട്ട പലരും ഇവിടെയില്ല. ഡോ. കെ. ടി. ജലീൽ ഇവിടെയുണ്ട്. അദ്ദേഹം പറഞ്ഞല്ലോ കൺസ്ട്രക്ടീവ്. എന്തായിരുന്നു ആ കേസ്. കേരള നിയമസഭയുടെ ചരിത്രത്തിൽ പതിമൂന്നാം നിയമസഭയിൽ സ്പീക്കറുടെ ഡയസിൽ കയറി കസേര മറിച്ചിട്ട് മൈക്ക് തകർത്ത ആളുകളെ രക്ഷിക്കുന്നതിനുവേണ്ടി കേരളത്തിലെ ഗവൺമെന്റ് ആ ക്രിമിനൽ കേസ് പിൻവലിക്കാൻ ഒരു ഓർഡർ കൊടുത്തു. ട്രയൽ കോടതി ആ ഓർഡർ നിരസിച്ചു. അതിനെതിരെ ഇതേ കക്ഷികൾതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി വിധിയാണ്. "Constitution of India Article 105(3) and 194 - Here the allegation is of the functioning of the Assembly Session having been disrupted by the Members by trespassing into the Speakers Dias and committing mischief. The aforementioned acts, if proven to be true, can, by no stretch of imagination, be deemed to be acts done in furtherance of the free functioning of the house." സ്പീക്കറുടെ ചെയറിൽ കയറി കസേര മറിച്ചിടുന്നതും മൈക്ക് തകർക്കുന്നതും ഭരണഘടനാനുസൃതമുള്ള അസംബ്ലി അംഗങ്ങളെന്ന നിലയിലുള്ള കർത്തവ്യനിർവ്വഹണത്തിന്റെ ഭാഗമായി പരിഗണിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞു.

അതുകൊണ്ട് ഞങ്ങളെ ക്രിയാത്മകമായ പ്രതിപക്ഷമാകാൻ പഠിപ്പിക്കണ്ട, ഞങ്ങൾ ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് കൊല്ലം വളരെ ക്രിയാത്മകമായിട്ടുതന്നെയാണ് പ്രവർത്തിച്ചത്. ഡോളർ കള്ളക്കടത്ത് കേസിൽ കഴിഞ്ഞ നിയമസഭാ സ്പീക്കറെ ചോദ്യം ചെയ്തത് ഈ തെരഞ്ഞെടുപ്പിന് മുൻപായിരുന്നെങ്കിൽ നിങ്ങളുടെ അവസ്ഥ എന്താകുമായിരുന്നു; അന്നത്തെ പ്രതിപക്ഷ നേതാവിനെതിരെ നിങ്ങൾ എന്താണ് പറഞ്ഞത്; ലൈഫ് മിഷൻ കേസിൽ എന്താണ് പറഞ്ഞത്? നിയമസഭാ ചരിത്രത്തിൽ ഒരു ബഹുമാന്യനായ സ്പീക്കറെ മുഖ്യമന്ത്രി ക്ഷണിച്ചുവരുത്തിയ കേന്ദ്ര അന്വേഷണ ഏജൻസി ചോദ്യം ചെയ്ത സംഭവമുണ്ടായത് തെരഞ്ഞെടുപ്പിന് ശേഷമായതുകൊണ്ട് എൽ.ഡി.എഫ്. രക്ഷപ്പെട്ടു. തെരഞ്ഞെടുപ്പിന് മുൻപായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി; അന്ന് എന്താണ് ഇവിടെ പറഞ്ഞത്? ഇന്നലെയും ഇവിടെ പറഞ്ഞു, ലൈഫ് മിഷൻ കേസ് വന്നപ്പോൾ എന്താണ് പറഞ്ഞത്, സ്വർണ്ണക്കള്ളക്കടത്ത് കേസിലെ പ്രതികൾ പറഞ്ഞു, 'ഞങ്ങൾക്ക് കാശ് കിട്ടിയത് ലൈഫ് മിഷൻ കമ്മീഷൻ ആണ്' എന്ന്. ലൈഫ് മിഷൻ കോൺട്രാക്ടർ സന്തോഷ് ഈപ്പനും പറഞ്ഞു 'ഞങ്ങൾ കാശ് കൊടുത്തിട്ടുണ്ട്' എന്ന്. അവസാനം എന്താണ് സന്തോഷ് ഈപ്പനെകൊണ്ട് പറയിച്ചത്? സ്വപ്ന സുരേഷിന് ഫോണും കൊടുത്തു, ആ ഫോൺ ആർക്ക് കൊടുത്തു

എന്നാണ് അവർ പറഞ്ഞത്? സ്വപ്ന സുരേഷ് ആ ഫോൺ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് കൊടുത്തു എന്നാണ് നിങ്ങൾ പറഞ്ഞത്. അവസാനം ഇപ്പോൾ ആ ഫോൺ എവിടെ നിന്നാണ് കണ്ടെത്തിയത്; XXXX* ആരുടെ ഭാര്യയാണ്? XXXXX* ഭാര്യയുടെ പക്കൽനിന്നും ആ ഫോൺ കണ്ടെടുത്തു. (...ബഹളം...) ഈ കാര്യം കേരളത്തിലെ ഭരണകക്ഷിക്ക് നിഷേധിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട സണ്ണി ജോസഫ്, ഈ സഭയിലില്ലാത്ത ആളുകളുടെ പേര് പരാമർശിക്കരുത്. അത് രേഖയിലുണ്ടാകില്ല. (...ബഹളം...). ആരോപണങ്ങൾ ഉന്നയിക്കാൻ പാടില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, നമ്മൾ ഇ.എം.എസ്.-ന്റെയും നെഹ്റുവിന്റെയുമൊക്കെ പേരുകൾ പറയുന്നത് അവർ സഭയിലുണ്ടായിട്ടല്ലല്ലോ, ഫാക്ച്വൽ ആയിട്ടുള്ള കാര്യങ്ങളാണ്. XXXXXX* അന്വേഷണ ഏജൻസികൾ ചോദ്യം ചെയ്യാൻ വിളിച്ചില്ലേ; അവർ ചോദ്യം ചെയ്യലിന് വിധേയയായോ? (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഒരു മിനിറ്റ്, ചെയർ ഇടപെടുകയാണ്,

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

ഈ സഭയിലില്ലാത്ത അംഗങ്ങളെ സംബന്ധിച്ച് ആരോപണങ്ങൾ ഉന്നയിക്കരുത്, അവർക്ക് ഇവിടെ വിശദീകരിക്കാൻ അവസരമില്ല, അത് രേഖയിൽ ഉണ്ടാകില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ സത്യവിരുദ്ധമായി ഒന്നും പറഞ്ഞിട്ടില്ല. അന്വേഷണ ഏജൻസികൾ ചോദ്യം ചെയ്യാൻ വിളിച്ചിട്ടും അവർ പോയില്ല, കാരണം അവരുടെ നമ്പറിൽ നിന്നുമാണ് ഈ ഫോൺ ഉപയോഗിച്ചതെന്ന് വളരെ വ്യക്തമാണ്. പിന്നെ പ്രതിപക്ഷം ഉന്നയിച്ച ഒരു കാര്യമെന്തായിരുന്നു; സ്പ്രിംഗ്ലർ, എന്തുകൊണ്ട് സ്പ്രിംഗ്ലർ കമ്പനി ആ കരാർ ഉപേക്ഷിച്ചുപോയി? ഡാറ്റാ കച്ചവടമാണ് പ്രതിപക്ഷം തുറന്നുകാട്ടിയത്. കേരള ഹൈക്കോടതിയുടെ വിധിതന്നെയുണ്ട്. അതിൽ ഖണ്ഡിക 24 (a) മുതൽ (f) വരെയുള്ള ഭാഗം, വായിക്കാൻ സമയമില്ല. അതുപോലെ മറ്റൊരു കാര്യമെന്തായിരുന്നു? അക്രമ രാഷ്ട്രീയത്തിനെതിരായിട്ടായിരുന്നു പ്രതിപക്ഷം നിലപാട് സ്വീകരിച്ചത്. അക്രമ രാഷ്ട്രീയത്തിന്, കൊലപാതക രാഷ്ട്രീയത്തിന് തിരിച്ചടി നൽകിക്കൊണ്ടാണ് 51 വെട്ടിനാൽ കൊലചെയ്യപ്പെട്ട ടി. പി. ചന്ദ്രശേഖരന്റെ വിധവ ശ്രീമതി കെ. കെ. രമ ആയിരങ്ങളുടെ ഭൂരിപക്ഷത്തിന് കേരള നിയമസഭയിൽ സി.പി.ഐ.(എം)-നെ വെല്ലുവിളിച്ചുകൊണ്ട് കടന്നുവന്നത്. ഞങ്ങൾ കൊലപാതക രാഷ്ട്രീയത്തെ

എതിർക്കുന്നത് അക്രമം കൊണ്ടല്ല, ബാലറ്റിലൂടെ അതിനെ എതിർത്തുകൊണ്ടുതന്നെയാണ് കേരളത്തിലെ പ്രതിപക്ഷം സമാധാനത്തിന്റെ മാർഗ്ഗത്തിൽ വന്നിട്ടുള്ളത്. ഈ സർക്കാർ അതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ നയപ്രഖ്യാപനത്തിൽ പുതുമയൊന്നുമില്ല. പഴയ വീഞ്ഞ് പുതിയ കുപ്പിയിൽപ്പോലുമല്ല, പഴയ വീഞ്ഞ് പഴയ കുപ്പിയിൽതന്നെയാണ്. അതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തുടർഭരണത്തിലേറിയ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ജനകീയ നയങ്ങളുടെ പ്രഖ്യാപനം നടത്തിയ ബഹുമാനപ്പെട്ട കേരള ഗവർണർക്കുള്ള നന്ദിപ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി നടപ്പിലാക്കിയ നയങ്ങൾകൊണ്ടുതന്നെയാണ് ചരിത്രപരമായിട്ടുള്ള ഒരു രണ്ടാം വിജയത്തോടെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വീണ്ടും എത്തുന്നത്. ഈ തെരഞ്ഞെടുപ്പിനുമുൻപുള്ള എല്ലാ സ്ഥിതിയും ഒന്ന് പരിശോധിക്കപ്പെട്ടാൽ നമുക്ക് മനസ്സിലാകും, ഇവിടെ എനിക്ക് മുൻപ് സംസാരിച്ച ശ്രീ. സണ്ണി ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ അനാവശ്യമായിട്ടുള്ള ഏർപ്പാടുകളും ചിന്തകളും ഈ

സമൂഹത്തിൽ നിറയ്ക്കാൻ കഴിയുമോ എന്നാണ് യു.ഡി.എഫ്. ചിന്തിച്ചത്. തീർച്ചയായും അത് ഏറ്റുപാടാൻ ചില മാധ്യമങ്ങളുടെ പിന്തുണയൊക്കെ ചിലപ്പോൾ കിട്ടിയിരിക്കാം. പക്ഷെ സാധാരണക്കാരായ ജനങ്ങൾ അതെല്ലാം നിഷ്കരുണം തള്ളിക്കളയുകയാണുണ്ടായത്. ഈ തെരഞ്ഞെടുപ്പിൽ എന്താണ് പ്രതിപക്ഷ നേതാവും യു.ഡി.എഫ്.-ഉം പറഞ്ഞത്? ഏറ്റവും പ്രധാനപ്പെട്ട പദ്ധതി എന്നുപറയുന്ന കിഫ്ബി പദ്ധതി നിർത്തലാക്കുമെന്നാണ് പറഞ്ഞത്. ലൈഫ് മിഷനെ സംബന്ധിച്ച് ഇത് ഇങ്ങനെ തുടരില്ല എന്നുപറയുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കേരള സംസ്ഥാനം കണ്ട ഏറ്റവും വലിയ പദ്ധതികളെല്ലാം നിർത്തലാക്കാൻ പോകുന്നു, എന്നാൽ അതിന്റെ എല്ലാ തരത്തിലുമുള്ള ആനുകൂല്യങ്ങൾ അനുഭവിക്കാൻ ഒരു വിഷമവുമില്ല, പക്ഷെ അത് ഒരിക്കലും പിന്തുടരില്ല എന്നുപറയുന്ന രീതിയിൽ പോകുമ്പോൾ 'ഉറപ്പായും' എന്ന പുതിയൊരു മുദ്രാവാക്യം കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പറഞ്ഞപ്പോൾ കേരളം അത് ഏറ്റെടുക്കുകയാണുണ്ടായത്. നമുക്കറിയാം, ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ചാൽ യഥാർത്ഥത്തിൽ പല പ്രദേശങ്ങളിലും വികസനത്തിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ നയവുമായി ബന്ധപ്പെട്ട കാര്യങ്ങളാണോ ചർച്ച ചെയ്തത്? അതിനപ്പുറം പലപ്പോഴും

പല മണ്ഡലങ്ങളിലും ചാരിറ്റി സംബന്ധിച്ചുള്ള വിഷയം, അയാളുടെ വീട്ടിലെ പ്രശ്നം, മറ്റ് തരത്തിലുള്ള പ്രശ്നം, ഇതാണ് ചർച്ചയായത്. അല്ലാതെ യഥാർത്ഥത്തിൽ ഊന്നൽ നൽകാനുള്ള വിഷയങ്ങളെ സംബന്ധിച്ച്, കേരളത്തിലെ വികസനത്തെ സംബന്ധിച്ചൊക്കെ പറയേണ്ട സന്ദർഭത്തിൽ അതിൽനിന്നും മാറുന്ന ഒരു കാഴ്ചയാണ് യു.ഡി.എഫ്. അനുവർത്തിച്ചതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നമുക്കറിയാം, ഈ തെരഞ്ഞെടുപ്പിലുണ്ടായ കൂട്ടുകെട്ട് പല സന്ദർഭങ്ങളിലും നമുക്ക് മനസ്സിലായതാണ്. ഈ കഴിഞ്ഞ പ്രാവശ്യമാണെങ്കിൽ അതിന് കുറേക്കൂടി തെളിമ വന്നിരിക്കുകയാണ്. തൃപ്പൂണിത്തുറ ഉൾപ്പെടെ മറ്റ് പല മണ്ഡലങ്ങളിലുമുണ്ടായ വിഷയങ്ങൾ... എനിക്കറിയാം, ഞാൻ വരുന്നത് തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്തുനിന്നാണ്. അവിടെ കഴിഞ്ഞ പ്രാവശ്യം ബി.ഡി.ജെ.എസ്.-ന് ഉണ്ടായിരുന്ന വോട്ട് എന്നുപറയുന്നത് 30000 ആണ്. ഇപ്രാവശ്യത്തെ വോട്ട് കേവലം 9000 ആണ്. കേരള സംസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വോട്ട് ചോർന്ന പ്രദേശങ്ങളിലൊന്നാണത്, 21000 വോട്ട്. ആ വോട്ട് എവിടെ കൂടി, അപ്പുറത്ത് യു.ഡി.എഫ്.-ന് കൂടി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികളുടെയൊന്നും വോട്ടിന്റെ ടോട്ടൽ മാർജിനിൽ ഒരു വ്യത്യാസവും വന്നിട്ടില്ല. പക്ഷെ വോട്ടുകളുടെ ഈ വ്യത്യാസം വരുന്ന മിക്കവാറും

മണ്ഡലങ്ങളിലൊക്കെ പരിശോധിച്ചാൽ ബി.ജെ.പി.-യുമായി ബന്ധപ്പെട്ട വോട്ട് നിൽക്കുന്നത് യു.ഡി.എഫ്.-ലാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗം സംബന്ധിച്ച് ഇവിടെ യു.ഡി.എഫ്. പറയുന്നുണ്ടായിരുന്നു, മതേതരത്വത്തിൽ വേണ്ടത്ര ഊന്നൽ നൽകിയില്ല, വർഗ്ഗീയതയ്ക്കെതിരായും കേന്ദ്ര ഗവൺമെന്റിനെ വിമർശിച്ചും വർത്തമാനം പറഞ്ഞില്ല എന്നൊക്കെ. ഒരു കാര്യമോർക്കണം, ഇന്ത്യ കണ്ടു, ലോകം കണ്ടു, ലോകത്തിനുമുൻപിൽ ഇന്ത്യ തലതാഴ്ത്തിനിന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മതേതരത്വത്തിന് സംഭവിച്ച അപചയം എന്നുപറയുന്നത് യഥാർത്ഥത്തിൽ എന്താണ്? നമുക്കുറപ്പുണ്ട്, അത് ബാബ്റി മസ്ജിദ് പൊളിക്കപ്പെട്ട സംഭവമാണ്. ആ ബാബ്റി മസ്ജിദ് പൊളിച്ച ആളുകളൊക്കെ ഇപ്പോൾ ഒരുമിച്ചാണ് നിൽക്കുന്നത്. ഇത്തരം കാര്യങ്ങൾക്ക് ചരിത്രം എന്നെങ്കിലും മാപ്പ് നൽകുമോ? ഇതാണ് പ്രധാനപ്പെട്ട വിഷയം. അതിനപ്പുറത്തേയ്ക്ക് മതേതരത്വം പറയുമ്പോൾ, നെഹ്റുവിനെപ്പറ്റിയും മഹാത്മാഗാന്ധിയെപ്പറ്റിയും പറയുമ്പോൾ, അതൊന്നുമല്ല അതിനപ്പുറത്തേയ്ക്കുള്ള കേവലം ചെറിയ ചെറിയ വിഷയങ്ങൾ മാത്രം പറഞ്ഞുകൊണ്ട് മുന്നോട്ട് പോകുന്ന യു.ഡി.എഫ്. എന്നുപറയുന്നത് യഥാർത്ഥത്തിൽ നമ്മുടെ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് യുണൈറ്റഡ് എന്നല്ല പറയേണ്ടത് ഉഡായിപ്പ്

ആണ് എന്നുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

നമ്മുടെ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ നിരവധിയായിട്ടുള്ള പരിഷ്കാരങ്ങൾക്ക് ജനം നൽകിയ പിന്തുണയാണിത്. തീർച്ചയായും ഇടതുപക്ഷ ജനാധിപത്യമുന്നണി പറയുന്നത് കേവലം അഞ്ച് വർഷത്തേയ്ക്കുള്ള നയപ്രഖ്യാപനമായി ഇതിനെ കുറച്ച് കാണേണ്ടതില്ല എന്നതാണ്. ഇനി ഞങ്ങൾ പതിനഞ്ചും ഇരുപതും വർഷത്തേയ്ക്കുള്ള കാര്യങ്ങൾ പറയും. ഈ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽത്തന്നെ ചില മാറ്റങ്ങളൊക്കെ വരുത്തിയപ്പോൾ വല്ലാതെ വിഷമിച്ചവരാണ് അപ്പുറത്തിരിക്കുന്നത്. നല്ല രീതിയിൽ പ്രവർത്തനം നടത്തിയ മന്ത്രിമാരെ നയപരമായ തീരുമാനത്തിന്റെ മാത്രം വിഷയത്തിൽ നമുക്ക് തെരഞ്ഞെടുപ്പിൽനിന്നും മാറ്റിനിർത്തേണ്ടിവന്നു. ജയിച്ചതിനുശേഷവും ചില മുൻമന്ത്രിമാരെ നമ്മൾ അങ്ങനെ ചെയ്തു. അപ്പോൾ എത്ര കരച്ചിലായിരുന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനെ സംബന്ധിച്ച വിഷയത്തിലൊക്കെ എത്രയോ ഉച്ചത്തിൽ വർത്തമാനം പറഞ്ഞു. എന്തിന്? എനിക്കുതോന്നുന്ന ആ മാറ്റങ്ങളുടെ ഗുണം യഥാർത്ഥത്തിൽ ലഭിച്ചത് നമ്മുടെ പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനാണ് എന്നാണ്. അല്ലെങ്കിൽ അദ്ദേഹം ശ്രീ. രമേശ് ചെന്നിത്തലയെപ്പോലൊന്നും മുറ്റിയ പ്രതിപക്ഷ നേതാവാണെന്ന് ഞാൻ

വിശ്വസിക്കുന്നില്ല. എന്തായാലും പുതുമുഖങ്ങൾക്ക് പ്രാധാന്യം നൽകി അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുക എന്നുള്ള നയപരമായ വലിയ ലക്ഷ്യം മുൻനിർത്തിപോയപ്പോൾ അതിനെ പൊതുവെ സ്വാധീനിച്ചത്.... പക്ഷെ അപ്പുറത്ത് വലിയ കരച്ചിലുണ്ടായി. ഇവിടത്തെ ചെറിയ കമ്മിറ്റികൾ, യു.ഡി.എഫ്.-ന്റെ കമ്മിറ്റികൾ ഉൾപ്പെടെപോലും എന്റെ ഈ പുതിയ സ്ഥാനലബ്ധിക്ക് സന്തോഷം രേഖപ്പെടുത്തി എന്നാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. ഒന്നുനോക്കണം, ഇപ്പുറത്ത് കരയുന്നു, അപ്പുറത്തേയ്ക്ക് അനങ്ങുന്നില്ല. ഒരാൾക്കുപോലും മിണ്ടാനാകുന്നില്ല. ഇപ്പോൾ പണ്ട് കുറുക്കൻ മുന്തിരിക്കുവേണ്ടി ചാടിയ അനുഭവമാണ്. കിട്ടാതായപ്പോൾ പറയുന്നു, സ്പ്രിംഗ്ലർ, ആഴക്കടൽ എന്നീ വിഷയങ്ങൾ വന്നപ്പോൾ ഞങ്ങൾ കൃത്യമായി തിരുത്തിയതുകൊണ്ടുമാത്രമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വന്നത് എന്നാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അധികാരത്തിലേറ്റാൻ ഞങ്ങളാണ് ശ്രമിച്ചത് എന്നാണ് പറയുന്നത്. അതാണ് പുതിയ ഭാഷ്യം. എനിക്ക് ഉറപ്പുണ്ട്, മുസ്ലീം ലീഗിന്റെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഉൾപ്പെടെ നന്നായി സഹായിച്ചിട്ടുണ്ട്. എങ്ങനെയാണ്? മൂന്നും നാലും പ്രാവശ്യം ഇവിടന്ന് പാർലമെന്റിലേയ്ക്ക് പോകുന്നു, അവിടെ സത്യപ്രതിജ്ഞ ചെയ്യുന്നു, വീണ്ടും തിരിച്ച് നിയമസഭയിലേയ്ക്ക് വരുന്നു. ഇങ്ങനെ കറങ്ങുമ്പോൾ

ചിലപ്പോൾ അവിടത്തെ പ്രസ്ഥാനത്തിലുള്ള ആളുകളൊക്കെ വോട്ട് ചെയ്യും, പക്ഷെ കേരള ജനത പൊതുവെ ഒട്ടും തൃപ്തികരമല്ലാത്ത രീതിയിൽ അതിന് തക്കതായ മറുപടി കൊടുക്കണമെന്ന് തീരുമാനിച്ച് ഉറച്ചുതന്നെയാണ് ഈ തെരഞ്ഞെടുപ്പിൽ എല്ലാ മണ്ഡലത്തിലും ചെറുതായി അത്തരത്തിലൊരു കാറ്റ് ഞങ്ങൾക്ക് അനുകൂലമായി വന്നതെന്ന് സൂചിപ്പിക്കുകയാണ്.

നമ്മുടെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ നിരവധി പുതിയ കാര്യങ്ങൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അതിന്റെ അടുത്തഘട്ടം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിഫലിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമുക്കറിയാം ഈ സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തെ തീർച്ചയായും സാമ്പത്തിക രംഗത്തുള്ള പ്രധാനപ്പെട്ട ആളുകളെല്ലാംതന്നെ വലിയ രീതിയിലും നല്ല അർത്ഥത്തിലും നോക്കിക്കാണാനാണ് ശ്രമിക്കുന്നത്. ഇതിന് നോബൽ സമ്മാന ജേതാവായിട്ടുള്ള അമർത്യാ സെൻ സർക്കാർ വിഭാവന ചെയ്ത വൈജ്ഞാനിക സമ്പദ്‍വ്യവസ്ഥയെക്കുറിച്ച് പറഞ്ഞത് ഇന്ത്യയിലെ ഏറ്റവും ദരിദ്രമായിട്ടുള്ള മൂന്ന് സംസ്ഥാനങ്ങളിൽനിന്നും ഏറ്റവും സമ്പന്നമായ മൂന്ന് സംസ്ഥാനങ്ങളിലൊന്നിലേയ്ക്കുള്ള യാത്ര ഇടതുപക്ഷ സർക്കാരുകൾ പിന്തുടർന്ന നയങ്ങളുടെ ഫലമായിട്ടാണ് എന്നാണ്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നയങ്ങൾ നടപ്പിലാക്കുമ്പോൾ ഇന്ത്യയിലെ ഏറ്റവും മികച്ച സമ്പന്ന

സംസ്ഥാനങ്ങളിലൊന്നായി ഈ കേരളം രൂപപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിൽ ഒരുപാട് അഭിമാന പദ്ധതികളുണ്ട്. ലക്ഷകണക്കിന് വീടുകൾ ഇനിയും നിർമ്മിക്കാൻ പോകുന്നു. അത് ഏറ്റവും പ്രധാനപ്പെട്ടതല്ലേ. കടൽത്തീരം സംരക്ഷിക്കാനുള്ള പദ്ധതികൾ പ്രധാനപ്പെട്ടതാണ്. അതുപോലെതന്നെ പുതിയ ഒരു വൈജ്ഞാനിക മേഖലയാക്കി മാറ്റുമെന്ന് പറയുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ചെറുപ്പക്കാരെ ലക്ഷ്യംവച്ചുകൊണ്ടുള്ള ലോക ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്ന ഒരു പദ്ധതിയായി മാറുകയാണ്. വിദ്യാഭ്യാസ പ്രക്രിയയിൽ പൊതുവിദ്യാഭ്യാസ രംഗം സംരക്ഷിക്കുന്നു. അതുപോലെ ഉയർന്ന രീതിയിലുള്ള സർവ്വകലാശാലകൾ ഉൾപ്പെടെയുള്ളവ മികവിന്റെ കേന്ദ്രങ്ങളായി മാറുമെന്ന് പറയുന്നു. അതുപോലെ മറ്റ് ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നോക്കുക - നയപ്രഖ്യാപനത്തിലെല്ലാം ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് വീണ്ടും വീണ്ടും ആവർത്തിച്ചുറപ്പിക്കുകയാണ്. ഭൂരഹിതരില്ലാത്ത എല്ലാവർക്കും പട്ടയം കൊടുക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു കേരളം. അതുപോലെതന്നെ എല്ലാ കൃഷിഭവനും സ്മാർട്ടാക്കാനുള്ള പരിപാടി, എല്ലാവർക്കും റേഷൻ കാർഡ് കൊടുക്കാനുള്ള പരിപാടി, വിപണിയിൽ കരിച്ചന്ത ഇല്ലാതാക്കാനുള്ള പരിപാടി, നെല്ല് സംഭരണമുൾപ്പെടെ നിരവധിയായിട്ടുള്ള പരിപാടികളുണ്ട്. ഞാൻ ഓരോന്നും

പ്രത്യേകിച്ച് പറയുന്നില്ല. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതായി ഞാൻ കാണുന്നത് തീരപ്രദേശത്തെയും കടലാക്രമണത്തെയും സംബന്ധിച്ചുള്ള പരിപാടികളാണ്. രാവിലെ ഇവിടെ പ്രമേയം അവതരിപ്പിക്കപ്പെട്ടപ്പോൾ ഒന്നും ചെയ്തില്ലായെന്നാണ് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. നുണപ്രചാരകരായി പ്രിയപ്പെട്ട പ്രതിപക്ഷം മാറരുത്. ഞങ്ങൾക്കറിയാം, തൃശ്ശൂർ ജില്ലയിൽതന്നെ ഞാൻ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിൽ 'പുനർഗേഹം' എന്ന പരിപാടിയിലൂടെ ഇപ്പോൾ 136 വീടുകൾ കൊടുത്തുകഴിഞ്ഞു. ഒരു കൊച്ചുമണ്ഡലത്തിൽപ്പോലും 136 വീടുകൾ കൊടുക്കുന്നു. എന്നിട്ട് ഇവിടെ പറയുന്നു 10 ലക്ഷം രൂപ പോരാ 15 ലക്ഷം രൂപ വേണമെന്ന്. സർക്കാർ എന്ത് പ്രഖ്യാപിച്ചാലും 10 എന്ന് പറഞ്ഞാൽ 15 എന്ന് പറയും പെൻഷൻ 3000 രൂപയെന്ന് പറഞ്ഞാൽ 3500 രൂപയെന്ന് പറയും. എന്ത് പറഞ്ഞാലും അൽപം കൂട്ടിപ്പറയും. ഇപ്പോൾ നാട്ടിൽ പ്രകടനപത്രികയെന്ന് പറയുന്നത് സത്യമെന്ന് പറയുന്നതിന്റെ പര്യായമായി മാറ്റിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരെന്ന് ഓർമിക്കണം. അത്രമാത്രം മാറ്റം വരുത്താനും വലിയ രീതിയിലുള്ള പരിഷ്കാരങ്ങൾ നടത്താനും ഇനിയും കുറേക്കൂടി മുന്നോട്ടുകൊണ്ടുപോകാനും ഈ ഗവൺമെന്റിന് കൂടുതൽ ശക്തി പകരാൻ ജനങ്ങൾ കൂടെയുള്ളപ്പോൾ തീർച്ചയായും പ്രതിപക്ഷമേ എനിക്ക് ആശംസിക്കാനുള്ളത്

നിങ്ങൾ നല്ല പ്രതിപക്ഷമായി കുറേകാലംകൂടി തുടരേണ്ടി വരുമെന്നാണ്. അത് ശ്രീ. രമേശ് ചെന്നിത്തല മാറി ശ്രീ. വി. ഡി. സതീശനായാലും വേറൊരാളായാലും നിങ്ങളുടെ ഈ സങ്കൽപ്പത്തിൽ, പ്രവർത്തിയിൽ, പ്രകടനപത്രികയിൽ, നിങ്ങളുടെ രീതിയിൽ കാതലായ മാറ്റം വരുത്താത്തിടത്തോളം കാലം നിങ്ങൾക്ക് ഒരു മാറ്റമുണ്ടാക്കാൻ പറ്റില്ലെന്ന് കൂട്ടിച്ചേർത്തുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ഔപചാരികമായി ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജനാധിപത്യത്തിന്റെ നിയമനിർമ്മാണങ്ങളുടെ കാവൽ കോട്ടയായ ഈ സഭയിൽ ആദ്യമായി സംസാരിക്കാൻ അവസരം ലഭിക്കുന്നതിൽ ഞാൻ ദൈവത്തെ സ്തുതിക്കുകയാണ്. ഇതിന് അവസരം നൽകുകയും വഴിയൊരുക്കുകയും ചെയ്ത എന്റെ ബഹുമാന്യനായ നേതാവ് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെയും യു.ഡി.എഫ്.-ന്റെ പ്രഗത്ഭരായ നേതാക്കളെയും എന്നോടൊപ്പം ചേർന്നുനിന്ന യു.ഡി.എഫ്.-ന്റെ പ്രവർത്തകരെയും എല്ലാത്തിനുമുപരി കക്ഷി രാഷ്ട്രീയത്തിനപ്പുറം എന്നെ നെഞ്ചോട് ചേർത്ത പെരിന്തൽമണ്ണയിലെ സാധാരണ മനുഷ്യരെയും നന്ദിപൂർവ്വം ഞാൻ ഓർക്കുകയാണ്.

ഞാൻ ഈ നയപ്രഖ്യാപനത്തോട് ശക്തമായി വിയോജിക്കുന്നു. ഈ നന്ദി പ്രമേയത്തെ എതിർക്കുകയും ചെയ്യുന്നു. ഞാൻ സംസാരിക്കാൻ തുടങ്ങുന്നതിനുമുമ്പ്

എനിക്ക് രണ്ട് വാക്ക് പറയാതെ പോകാനാകില്ല. മനസ്സിൽ കിനാവ് കണ്ട കസേരകളെല്ലാം നഷ്ടപ്പെട്ടുമ്പോഴും നാലാം നിരയിലേയ്ക്ക് ഇരിക്കേണ്ടിവരുന്നവരുടെ ഗതികേട് സ്വാഭാവികമായും നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു. അവരുടെ സങ്കടങ്ങളെ വലിയ മാസ്ക് വച്ച് മറച്ചാലും ഈ ലോകത്തിന് കാണാൻ കഴിയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്റെ പ്രിയപ്പെട്ടവരെ, നമ്മൾ പല കുഴലൂത്തുകാരെയും കണ്ടിട്ടുണ്ട് പക്ഷെ സ്വയം കുഴലായി മാറുന്നവരെ ഇത് ആദ്യമായിട്ടാണ് കാണുന്നത് എന്ന് ഈ സഭയിൽ പറയേണ്ടി വരും. നമുക്ക് ഇവരുടെ സങ്കടങ്ങൾ മനസ്സിലാക്കാം. സ്പെയിസുണ്ടാകാൻ വേണ്ടി എന്ത് വൃത്തികേടും പറയുന്ന ആളുകളെ ഈ സഭ എങ്ങനെയാണ് കാണുന്നതെന്ന് എനിക്കറിയില്ല. Negative publicity is also a publicity, എന്ന് വിചാരിക്കുന്ന ചില ആളുകൾക്ക് ഇതൊക്കെ ആഘോഷമായിരിക്കാം എന്ന് ഞാൻ വിചാരിക്കുന്നു. നിങ്ങൾക്ക് അങ്ങനെ ചില publicity ഞങ്ങളെക്കൊണ്ട് കിട്ടുമെങ്കിൽ അത് ഞങ്ങൾ അനുവദിച്ചുതരുന്നതിലും സന്തോഷമേയുള്ളു. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് കടക്കുംമുമ്പ് ഒരു കാര്യംകൂടി പറയട്ടേ. തവനൂരിലെ സ്ഥാനാർത്ഥിയെകുറിച്ച് ഇവിടെ പറയുകയുണ്ടായി. പെരിന്തൽമണ്ണയെകുറിച്ചുകൂടി നിങ്ങൾ ഓർക്കേണ്ടിയിരുന്നു ഇത് പറയുമ്പോൾ എന്ന് മാത്രമേ എനിക്ക് പറയാനുള്ളു. പണച്ചാക്കുകളും പ്രമാണിമാരും

ഒരു ഭാഗത്ത് നിലയുറപ്പിച്ച് നിൽക്കുമ്പോൾ അവിടെ എന്നെ നെഞ്ചോട് ചേർത്തുപിടിച്ചത് പാവപ്പെട്ട മനുഷ്യരാണ്, അവരുടെ വോട്ടിന്റെ ബലത്തിലാണ് ഞാൻ ഈ സഭയിൽ ഇരിക്കുന്നതെന്ന് അഭിമാനത്തോടെ ഞാൻ പറയുകയാണ്. പ്രിയപ്പെട്ട ഡോ. കെ. ടി. ജലീൽ, ആയിരം വട്ടം തോറ്റാലും നിങ്ങളെപ്പോലെയൊരു വിഴുപ്പുഭാണ്ഡത്തെ പേറേണ്ട ഗതികേട് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനുണ്ടാകില്ല യു.ഡി.എഫ്.-നുണ്ടാകില്ലായെന്ന് ഈ സഭയ്ക്കുമുമ്പാകെ ഞാൻ അറിയിക്കുകയാണ്. നിങ്ങളെ കൊല്ലാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. മലപ്പുറം ജില്ലയിൽ നിങ്ങൾ എത്ര സ്വാതന്ത്ര്യമായാണ് സഞ്ചരിക്കുന്നത്. ആ പരിപാടി ഞങ്ങൾക്കില്ലെന്ന് ഇവിടെയിരിക്കുന്ന ശ്രീമതി കെ. കെ. രമ സംസാരിക്കുമ്പോൾ നിങ്ങളെ ബോധ്യപ്പെടുത്തും എന്നുകൂടി ഞാൻ ഓർമ്മിപ്പിക്കട്ടെ. നിങ്ങളെ തോൽപ്പിക്കാനാകില്ലായെന്ന് പറഞ്ഞു, എന്നോ തോറ്റുപോയ ഒരാളാണ് ഡോ. കെ. ടി. ജലീൽ എന്ന് നിങ്ങൾ മനസ്സാക്കണം. നിയമസഭയിലേയ്ക്ക് കുറുക്കുവഴികളിലൂടെ പലർക്കും കയറി വരാൻ കഴിയും അങ്ങനെ കയറി വന്നവരും ഈ സഭയിലുണ്ട്. ഞാൻ പറയട്ടേ, ജനാധിപത്യത്തെ പണാധിപത്യംകൊണ്ട് വിലയ്ക്കുവാങ്ങി ഈ സഭയിൽ കയറി വന്നവർ ആരുമില്ലായെന്ന് ഇടതുപക്ഷത്തിരിക്കുന്ന എന്റെ മാന്യ മെമ്പർമാർക്ക് ഹൃദയത്തിൽത്തൊട്ട് പറയാൻ സാധിക്കുമോ. അങ്ങനെ പലരും ഈ

സഭയിലിരിക്കുന്നുണ്ട്. ഞാൻ അവരെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരാം. ജനങ്ങളുമായി ബന്ധപ്പെട്ട വളരെ ഗൗരവമായ വിഷയങ്ങൾ അവതരിപ്പിക്കേണ്ട ഒരു സമയത്ത് ഇത്തരം വിലകുറഞ്ഞ കാര്യത്തിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ പ്രിയപ്പെട്ടവരെ, ഈ നയപ്രഖ്യാപനത്തിൽ എന്ത് നയമാണുള്ളത്. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി എല്ലാ വൈകുന്നേരങ്ങളിലും നടത്തുന്ന പത്രസമ്മേളനങ്ങളുണ്ട്. അത് സമാഹരിച്ച് ഒരു പുസ്തകമാക്കിയാൽ ഇതിനേക്കാൾ മനോഹരമായ ഒരു നയപ്രഖ്യാപനമാകുമെന്നായിരുന്നു എന്റെ അഭിപ്രായം. ഈ പകർച്ചവ്യാധി കാലത്ത് എന്ത് പ്രതീക്ഷയാണ് നിയമസഭയിൽ അവതരിപ്പിച്ച ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത്. ഞാൻ ഈ നയപ്രഖ്യാപന പ്രസംഗം പലവുരു വായിക്കുകയുണ്ടായി. പതിരിനിടയിൽ ചേറിയെടുക്കാൻ ഒരു ധാന്യമണിപോലുമില്ലാത്ത വിധമാണ് ഈ നയപ്രഖ്യാപനമെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. ഇത് കോവിഡിന്റെ രണ്ടാം വേവിന്റെ കാലമാണ്. ഒരുപാട് സങ്കടങ്ങൾക്കിടയിലൂടെ മനുഷ്യൻ സഞ്ചരിക്കുന്ന ഒരു സമയമാണ്. ലോകാരോഗ്യ സംഘടനയടക്കം മൂന്നാം വേവിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന സമയമാണ്. ഈ നയപ്രഖ്യാപനത്തിലെവിടെയാണ് മൂന്നാം വേവിനെ നേരിടാനുള്ള ഏറ്റവും ശക്തമായ

പ്രവർത്തനങ്ങളെക്കുറിച്ച് പറയുന്നത് എന്ന് നമ്മൾ ഓർക്കണം. യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് ഇൻജെക്ഷൻ ചെയ്യുമ്പോൾ സൂചി വളഞ്ഞുപോയി എന്ന് ഇന്നലെ ഒരംഗം ഈ സഭയിൽ പരിഹാസ രൂപത്തിൽ പറയുകയുണ്ടായി. ഞാൻ ആ അംഗത്തെ മലബാറിലേയ്ക്ക് ക്ഷണിക്കുകയാണ്. അവിടെയുള്ള ആശുപത്രികളിൽ വളഞ്ഞുപോകാനൊരു സൂചിപോലുമില്ലായെന്ന യാഥാർത്ഥ്യം നിങ്ങൾ ഉൾക്കൊള്ളണം. ഭൂമിശാസ്ത്രപരമായ കടുത്ത വിവേചനമാണ്. ഞങ്ങൾ ആ വിവേചനം നേരിടുന്ന ജനതയുടെ പ്രതിനിധികളാണ്. അവിടെ ജനസംഖ്യാനുപാതികമായി ആശുപത്രികളില്ല, ഐ.സി.യു.കളില്ല, ബെഡ്ഡുകളില്ല, വെന്റിലേറ്ററുകളില്ല, വാക്സിനുകളില്ല. അവിടെയുള്ളത് ലാത്തിയും പോലീസ് രാജുമാണ്. ശ്രീമതി ലേഖ എന്ന ഒരു റവന്യൂ ഉദ്യോഗസ്ഥ, അവരുടെ ഭർത്താവ് അവരെ ഓഫീസിലേയ്ക്ക് കൊണ്ടുപോകുമ്പോൾ അദ്ദേഹത്തെ തടഞ്ഞ് അദ്ദേഹത്തിന്റെ പുറം പൊളിച്ചുകളഞ്ഞു. (പേപ്പർ കട്ടിംഗ് ഉയർത്തിക്കാട്ടി) വാർത്താപത്രങ്ങൾ റിപ്പോർട്ട് ചെയ്ത എല്ലാ രേഖകളും എന്റെ കൈയിലുണ്ട്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഈ മഹാമാരി കാലത്ത് ഞങ്ങൾ ചോദിച്ചത് മരുന്നും വാക്സിനുമാണ്. പക്ഷേ നിങ്ങൾ നൽകിയത് ഒരു ഐ.ജി.-യെയും ഡി.ഐ.ജി.-യെയുമാണ്. ഇത് എന്ത് മര്യാദയാണ്; ഈ വിവേചനത്തെക്കുറിച്ച്

ഓർക്കുമ്പോൾ 1958-ലെ നിയമസഭയുടെ പ്രഥമ സമ്മേളനത്തിൽ എന്റെ പ്രിയങ്കരനായ നേതാവ് സി. എച്ച്. മുഹമ്മദ്കോയ സാഹിബ് പറഞ്ഞ ഒരു വാക്കുണ്ട്, മദിരാശി ഭരണകൂടത്തിന് മലബാറിനോടുള്ള വിവേചനം കുപ്രസിദ്ധമാണ്. എന്നാൽ ഈ സഭയും അത് തുടരുകയാണോയെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. പതിനഞ്ചാം നിയമസഭയിലും അത് ആവർത്തിക്കേണ്ടി വരുന്നുവെന്നത് ഖേദകരമായിട്ടുള്ള കാര്യമാണ്.

പ്രവാസികൾ ഈ നാടിന്റെ ബലമാണെന്നും അവർ നാടിന്റെ നട്ടെല്ലാണെന്നുമാണ് നമ്മൾ പറയുന്നത്. പക്ഷേ ആ പ്രവാസികൾക്കുവേണ്ടി എന്താണ് ചെയ്യുന്നത്; ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ ഇന്നലെ കണ്ട് പറഞ്ഞു. ഒരുപാട് പോർട്ടലുകൾ നമുക്ക് ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ ചെയ്യാൻ കഴിയുന്നില്ല. അതിനാൽ പഞ്ചായത്ത് തലത്തിൽ പ്രത്യേകമായി പ്രവാസികൾക്കുവേണ്ടി രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തണമെന്നുകൂടി പറയുകയാണ്. നമ്മുടെ നാട് ആപത്കരമായി വിഭജിക്കപ്പെടുകയാണ്. മനുഷ്യർ തമ്മിൽ വെറുപ്പ് വളർത്താൻ വലിയ ഗൂഢാലോചനകൾ നടക്കുകയാണ്. സോഷ്യൽ മീഡിയ അതിന്റെ ഏറ്റവും വലിയ ഉപകരണമായിത്തീരുകയാണ്. സംഘപരിവാറാണ് ഈ വിഷവിത്ത് വിതയ്ക്കുന്നത്.

എന്നാൽ അതിന് വെള്ളവും വളവും ഒഴിച്ചുകൊടുക്കുന്നത് മറ്റ് പലരുമാണ്. 80:20 അനുപാതവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിക്കുശേഷം വളരെ ഹീനമായൊരു ക്യാമ്പയിനിംഗ് നടക്കുന്നുണ്ട്. മുസ്ലീം സമുദായം .......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ് ........ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ബഹുമാനപ്പെട്ട മെമ്പർ നേരത്തെ പ്രസംഗിക്കുമ്പോൾ ഇവിടെ നിയമസഭയിൽ പലരും ഷോർട്ട്കട്ടിലൂടെ വന്നതാണെന്നൊരു പ്രസ്താവന നടത്തി. അതായത്, തെറ്റായ രീതിയിൽ വന്നതാണെന്നാണ്. ഇലക്ഷൻ കമ്മീഷന്റെ എല്ലാ നടപടിക്രമങ്ങളും തെരഞ്ഞെടുപ്പും കഴിഞ്ഞ് വരുന്ന ആളുകളെക്കുറിച്ച് അത്തരത്തിൽ പറയുന്നത് വാസ്തവ വിരുദ്ധമാണ്. മാത്രമല്ല അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന അഭ്യർത്ഥനയാണുള്ളത്. നിയമസഭയിൽ ഷോർട്ട്കട്ടിലൂടെ ആരും വരുന്ന പരിപാടിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്........ ഇരിക്കൂ... പ്ലീസ്..... പരിശോധിച്ച് നടപടി സ്വീകരിക്കാം*.

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീ. മുഹമ്മദ് മുഹസിന്റെ നിയോജകമണ്ഡലത്തിന്റെ അടുത്ത മണ്ഡലങ്ങളൊക്കെയൊന്ന് പരിശോധിച്ചാൽ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.8688/ഇ.ബി./2021/നി.സെ. തീയതി 03/06/2021) നിലനിർത്താൻ തീരുമാനിച്ചു.

ഈ പ്രയാസം തീരുമെന്നാണ് ഞാൻ പറയുന്നത്.......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്...... സമയം അവസാനിക്കാറായി ചുരുക്കണം....

ശ്രീ. നജീബ് കാന്തപുരം: ബഹുമാന്യനായ സർ, എനിക്ക് അല്പംകൂടി സമയം അനുവദിക്കണം. ആദ്യമായി സഭയിലെത്തിയ എന്റെ ആദ്യത്തെ പ്രസംഗമാണിത്. പ്രിയപ്പെട്ടവരെ, 80:20 അനുപാതത്തിൽ ഹൈക്കോടതിയുടെ ഒരു വിധി വന്നതിനുശേഷം..........

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ പ്രസംഗം ചുരുക്കണം.....

ശ്രീ. നജീബ് കാന്തപുരം: സർ, വളരെ ഹീനമായ ക്യാമ്പയിനിംഗ് നടക്കുന്നു. മുസ്ലീം സമുദായം പലതും തട്ടിപ്പറിച്ചെടുത്തതായി ആരോപണം ഉയരുന്നു. എന്താണ് വസ്തുത; മുസ്ലീങ്ങൾ അങ്ങനെ വല്ലതും തട്ടിപ്പറിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തിരിച്ച് വാങ്ങി കൊടുക്കാൻ സന്നദ്ധമാകണം. ഇല്ലെങ്കിൽ എന്താണ് വസ്തുതയെന്ന് തെളിയിക്കാനുള്ള ധവളപത്രമിറക്കാൻ ഈ സർക്കാർ സന്നദ്ധമാകണം. കേരളത്തിലെ മുസ്ലീങ്ങളുടെ സർവ്വീസ് പ്രാതിനിധ്യത്തെക്കുറിച്ചും ജനസംഖ്യാനുപാതികമായ അവസരങ്ങളുടെ ലഭ്യതയെക്കുറിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തെക്കുറിച്ചും സാമ്പത്തിക സൗകര്യങ്ങളെക്കുറിച്ചും ജീവിത

നിലവാരത്തെക്കുറിച്ചും ആളോഹരി വരുമാനത്തെക്കുറിച്ചും സർക്കാർ പഠനം നടത്തി ഒരു ധവളപത്രം പുറത്തിറക്കണം. അല്ലെങ്കിൽ വളർന്നുവരുന്ന എന്റെ സമുദായത്തിലെ കുട്ടികൾപോലും സംശയത്തിന്റെ നിഴലിൽ ജീവിക്കേണ്ടിവരും. അത് അനുവദിക്കാനാവില്ല. എത് വ്യക്തിക്ക് നേരെയാണെങ്കിലും സമൂഹത്തിന് നേരെയാണെങ്കിലും നീതി നിക്ഷേധിക്കാനാവില്ല.....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം......

ശ്രീ. നജീബ് കാന്തപുരം: സർ, ഞാനൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കാം. പ്രഗല്ഭനായ പോളിഷ് കവി 'Czeslaw Milosz'-ന്റെ വിഖ്യാതമായൊരു കവിതാശകലം മാത്രം ഉയർത്തിക്കൊണ്ട് ഞാൻ പറയാം,

"In a room where people unanimously maintain a conspiracy of silence, one word of truth sounds like a pistol shot."

ഞാനിപ്പോൾ പറയുന്ന, പ്രിയപ്പെട്ട മുഖ്യമന്ത്രി അങ്ങ് ആ സത്യത്തിന്റെ ശബ്ദം മുഴക്കാൻ ധൈര്യം കാണിക്കേണ്ട ഒരു സമയമാണ്, ധവളപത്രമിറക്കാൻ സന്നദ്ധമാകേണ്ട സമയമാണ്, ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ പോകാൻ ധൈര്യം കാണിക്കേണ്ട സമയമാണെന്ന് ഞാൻ പറയുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം..........

ശ്രീ. നജീബ് കാന്തപുരം: സർ, ഞാനൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കാം. സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നാട്ടിൽ നിന്ന് വന്നതാണ് ഞാൻ. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ, പണചാക്കുകളുടെ കുഴിബോംബുകൾക്കിടയിൽ നിന്ന് കഷ്ടപ്പെട്ട് രക്ഷപ്പെട്ട ഒരാളാണ് ഞാൻ. ഈ ഏർപ്പാട് സഖാവ് ഇ.എം.എസ്.-ന്റെ നാട്ടിലെങ്കിലും മാറ്റാതിരിക്കാൻ നിങ്ങൾ സന്നദ്ധരാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ജനാധിപത്യത്തിന്റെ ശ്രീകോവിലായ, ഈ സഭയിൽ വന്ന് പ്രസംഗിക്കുവാൻ അവസരം ലഭിച്ചതിൽ ദൈവത്തിനോട് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ചങ്ങനാശ്ശേരിക്കാരോടുള്ള പ്രത്യേകമായ കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു. ബഹുമാന്യനായ കേരള ഗവണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട്/നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പരിപൂർണ്ണമായി പിന്തുണക്കുകയാണ്. ഈ നയപ്രഖ്യാപനത്തിലുടനീളം ജനങ്ങളോടുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ കരുതലാണ് നമുക്ക് കാണാൻ സാധിക്കുന്നത്. സാധാരണക്കാരോടുള്ള കരുതലാണ് ഒരു പൊതുപ്രവർത്തകന് വേണ്ടതെന്ന് എന്നെ പഠിപ്പിച്ച, എന്റെ രാഷ്ട്രീയ ഗുരുനാഥനായ കെ. എം. മാണി

സാറിനെ ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷം കേരളം കടന്നുപോയത് അതിഭയങ്കരമായ പ്രതിസന്ധി കാലഘട്ടത്തിലൂടെയായിരുന്നു. അത് ഇപ്പോഴും തുടരുകയാണ്. പ്രതിസന്ധിയുള്ള കാലഘട്ടത്തിൽ കേരളത്തെ കാത്ത് പരിരക്ഷിക്കുവാൻ/സംരക്ഷിക്കുവാൻ ഒരു സർക്കാർ ഇവിടെയുണ്ടായിരുന്നു. അതിനുള്ള ജനകീയ അംഗീകാരമാണ് വീണ്ടും തുടർഭരണമെന്നുള്ളത് നമുക്ക് വിസ്മരിക്കാൻ സാധിക്കില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാവപ്പെട്ട ജനങ്ങളോട് കാണിച്ച കരുതലും സ്നേഹവും അവർക്ക് വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുതിലുമുള്ള പ്രത്യുപകാരമായിട്ടാണ് വീണ്ടും ഈ സർക്കാരിനെ ജനങ്ങൾ അംഗീകരിച്ചതും വീണ്ടും അധികാരത്തിലേയ്ക്ക് കൊണ്ടുവന്നതും. ഈ അംഗീകാരം ബഹുമാനപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനുള്ളതാണ്. ഈ അംഗീകാരം കേരളത്തിലെ ജനങ്ങൾ മാത്രമല്ല ലോകത്തിലെ എല്ലാ മലയാളികളും അദ്ദേഹത്തിന് ചാർത്തി നൽകിയിരിക്കുന്നു. ഇത് ഇടതുപക്ഷത്തിനുള്ള അംഗീകാരമാണ്. പ്രകടന പത്രിക നടപ്പിലാക്കാനുള്ളതാണെന്ന് തെളിയിച്ച സർക്കാരാണ് കഴിഞ്ഞ സർക്കാർ. ജനക്ഷേമവും വികസനവും ഒരുമിച്ച് നടപ്പിലാക്കിയ എൽ.ഡി.എഫ്. സർക്കാർ തുടരണമെന്നുള്ളത് കേരളത്തിലെ ജനങ്ങളുടെ ആഗ്രഹമായിരുന്നു. ആ ആഗ്രഹമാണ്

ഇവിടെ നിറവേറ്റപ്പെട്ടത്. ഇന്ന് ജൂൺ മാസം ഒന്നാം തീയതിയാണ്. ജൂൺ മാസം ഒന്നാം തീയതി തന്നെ കേരളത്തിലെ സ്കൂളുകൾ വെർച്വൽ പ്ലാറ്റ്ഫോമിൽ തുറന്നുകൊണ്ട് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ രംഗത്തേയ്ക്ക് പ്രവേശിക്കാൻ ഈ സർക്കാർ മാർഗ്ഗമുണ്ടാക്കിയിരിക്കുന്നു. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. അതോടൊപ്പം കാർഷിക മേഖലയിൽ സമഗ്രമായൊരു മാറ്റമാണ് ഈ നയപ്രഖ്യാപനം ലക്ഷ്യമിടുന്നത്. സ്മാർട് കൃഷി ഭവനുകൾ, നെൽകർഷകരുടെ സഹകരണ സംഘങ്ങൾ, റൈസ് മില്ലുകൾ, സഹകരണ ചന്തകൾ എന്നിവയൊക്കെ ആരംഭിക്കുമെന്ന് ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത് കേരളത്തിലെ പാവപ്പെട്ട സാധാരണക്കാരായ കർഷകരുടെ നിലവാരവും അവരുടെ ജീവിത നിലവാരം ഉയർത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. വിദ്യാർത്ഥി യുവജനപ്രസ്ഥാനത്തിൽക്കൂടി കടന്നുവന്ന ഒരു എളിയ രാഷ്ട്രീയ പ്രവർത്തകനാണ് ഞാൻ. കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമി പോലുള്ള നൂതനമായ ആശയങ്ങൾ ഈ നയപ്രഖ്യാപനത്തിൽ ചേർത്തിരിക്കുന്നത് അഭിനന്ദനാർഹമാണ്. കേരളത്തിലെ യുവജനങ്ങൾക്ക് പുത്തൻ ഉണർവുണ്ടാകുവാൻ അതുവഴി സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കോവിഡ്

എന്ന മഹാരോഗം കേരളത്തിലും ഇന്ത്യയിലും ലോകത്തിലും വന്നപ്പോൾ അതിനെ നേരിടുന്നതിനുവേണ്ടി കേരളത്തിലെ സർക്കാർ നടത്തിയ പ്രവർത്തനങ്ങളെല്ലാം അഭിനന്ദനാർഹമാണ്. സർക്കാരിന്റെ ചെലവിൽ എല്ലാ ജനങ്ങൾക്കും വാക്സിൻ നൽകുമെന്നുള്ള പ്രഖ്യാപനം കേരള സർക്കാരിനെ ഇന്ത്യയിൽ മാത്രമല്ല ലോകത്തെല്ലാവർക്കും മാതൃകയാക്കി മാറ്റിയിരിക്കുന്നു. കേരളത്തിലെ മുഖ്യമന്ത്രിയെ കേരളത്തിലെ ജനങ്ങൾ നെഞ്ചോടെ ചേർക്കുവാൻ അത് കാരണമായി മാറിയിരിക്കുന്നു. കോവിഡ് സൃഷ്ടിച്ച ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കുവാൻ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം കിഫ്ബി പോലുള്ള കാര്യങ്ങളിലൂടെ കോടിക്കണക്കിന് രൂപ (അറുപത്തിമൂവായിരത്തി അഞ്ഞൂറ്റി ചില്ല്വാനം കോടി രൂപ) വികസനത്തിന് കരുതി വച്ചത് വലിയൊരു കാര്യമായി ഞങ്ങൾ കരുതുകയാണ്. കൂടുതൽ ശക്തമാക്കി കേരളത്തിലെ ജനങ്ങൾക്ക് വീണ്ടും ഉന്നത നിലവാരത്തിലേയ്ക്ക്, വികസനമെന്നുള്ളത് എല്ലാവരിലേയ്ക്കും എത്തുന്ന ഒരു സംവിധാനമാക്കി മാറ്റിയെടുക്കുവാൻ സർക്കാരിന് സാധിച്ചിരിക്കുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ കേരളം നേരിടുന്ന സുപ്രധാന പ്രശ്നമാണ് മാലിന്യ സംസ്കരണം. 'Solid Waste Management Project'-ന് മുൻഗണന നൽകുമെന്നുള്ള

പ്രഖ്യാപനത്തിലൂടെ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുമെന്ന് ഞാൻ കരുതുകയാണ്. ഈ നിലയിൽ പരിശോധിക്കുമ്പോൾ കരുത്തുറ്റ കേരളമായി നമ്മുടെ നാടിനെ മാറ്റിയെടുക്കുവാൻ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണത്തിൽ സാധിച്ചുവെങ്കിൽ അടുത്ത അഞ്ച് വർഷം കഴിയുമ്പോൾ ഈ ഭരണം തന്നെ കേരളത്തിൽ വീണ്ടും വരണമെന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കേരളത്തിലെ ജനങ്ങൾ നെഞ്ചോടുചേർത്തുവച്ചു. കേരളത്തിലെ ജനങ്ങളെ നമുക്ക് അറിയാം സാധാരണക്കാരാണ്, കർഷകരാണ്. പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാർ എന്നുള്ള ഖ്യാതി കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നേടിയെങ്കിൽ അടുത്ത അഞ്ചുവർഷംകൊണ്ട് സമഗ്രമായ വികസന കുതിപ്പോടുകൂടി കേരളത്തിലെ ജനങ്ങൾ കണ്ടിട്ടില്ലാത്ത രീതിയിലുള്ള ഒരു പുത്തൻ വികസന മുന്നേറ്റം ഈ സർക്കാർ നടത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. നമുക്കറിയാം, കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി അവരെ നെഞ്ചിലേറ്റിക്കൊണ്ട് പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാർ എന്നുള്ള രീതിയിൽ പട്ടിണിയില്ലാതെ പാവപ്പെട്ട ജനങ്ങളെ പരിപോഷിപ്പിച്ച ഈ സർക്കാരിന് എല്ലാ

പിന്തുണയും അറിയിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു, പിന്തുണക്കുന്നു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, ആദ്യമേ എനിക്കൊരു പരാതിയുണ്ട്. പ്രതിപക്ഷം വാക്കൗട്ട് നടത്തിയപ്പോൾ ശ്രീ. അനൂപ് ജേക്കബ് പ്രസംഗിച്ചശേഷം ഞാൻ പ്രസംഗിക്കാൻ എഴുന്നേറ്റു. എന്നെ ശ്രദ്ധിക്കാതെ അടുത്ത കാര്യപരിപാടിയിലേയ്ക്ക് കടക്കുകയാണ് ചെയ്തത് അതിൽ എന്റെ പ്രതിഷേധം രേഖപ്പെടുത്തുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് കേരളത്തിന്റെ ജനപ്രതിനിധികളുടെ ഈ മഹനീയ സഭയെ അഭിസംബോധന ചെയ്ത് സംസാരിച്ച ബഹുമാനപ്പെട്ട കേരള ഗവർണറുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ശക്തമായ പ്രതിപക്ഷം ജനാധിപത്യത്തിന്റെ അടിത്തറയാണ്. ആ പ്രതിപക്ഷത്തെക്കൂടി സഹകരിപ്പിച്ചുകൊണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് മുമ്പോട്ട് നീങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്. കോവിഡ് മഹാമാരിയെ പ്രതിരോധിക്കുവാൻ ആരോഗ്യം, പോലീസ്, ദുരന്തനിവാരണം, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടെ പ്രവർത്തനം

മുൻനിരയിലായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. തുടർന്നും കോവിഡ്-19 എന്ന മഹാമാരിയെ പിടിച്ചുകെട്ടുവാൻ കൂട്ടായ്മയോടെ നമുക്ക് പ്രവർത്തിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ എല്ലാവരെയും സഹകരിപ്പിച്ച് മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാർ തുടർന്നും ശ്രദ്ധ ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ കൊച്ചുകേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളാണ്. ദിവസേനയുള്ള പണമൊഴുക്കിന്റെ അടിസ്ഥാനത്തിലാണ് അവ നിലനിൽക്കുന്നത്. അത് മുടങ്ങിയാൽ അവർക്ക് പിടിച്ചുനിൽക്കാനാവില്ല. ബാങ്ക് വായ്പയും മൊറട്ടോറിയവുമൊന്നും അവർക്ക് പ്രയോജനപ്പെടുന്നതല്ല. ഇത്തരം സംരംഭകരെ സഹായിക്കാനാണ് സംസ്ഥാന സർക്കാർ അടിയന്തര ഇടപെടൽ നടത്തേണ്ടത്. ആയതിനാൽ സമ്പദ്‌വ്യവസ്ഥയുടെ സ്തംഭനം ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് സർക്കാർ അടിയന്തര ശ്രദ്ധ പുലർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പെൻഷനുകൾ ലഭിക്കാത്ത നിരവധി ബി.പി.എൽ. കുടുംബങ്ങൾ ഉള്ളതായി അറിയുന്നു. ആ കുടുംബങ്ങൾക്ക് എക്സ്ഗ്രേഷ്യയായി സർക്കാർ പ്രഖ്യാപിച്ച 1000 രൂപ അടിയന്തരമായി കൊടുത്തുതീർത്താൽ അതവർക്ക് സഹായകരമാകും എന്ന കാര്യത്തിൽ സംശയമില്ല. കോവിഡ് -19 മഹാമാരിയെത്തുടർന്ന് ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ

പ്രതിസന്ധികളെ പരിഹരിക്കുന്നതിനോ പ്രകൃതിക്ഷോഭങ്ങളെ ഫലപ്രദമായി നേരിടുന്നതിനോ സാമ്പത്തിക ഉത്തേജനത്തിനോ ഉള്ള പദ്ധതികളൊന്നും ഈ നയപ്രഖ്യാപനത്തിൽ ഉള്ളതായി കാണുന്നില്ല. എന്നാൽ ഇവയെല്ലാം നേരിടാൻ കഴിയുന്ന പരിഹാര നിർദ്ദേശങ്ങൾ ഇപ്പോഴത്തെ പ്രതിസന്ധി ഘട്ടത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വരാൻപോകുന്ന ബഡ്ജറ്റിൽ പ്രത്യേകമായി ഉൾക്കൊള്ളിക്കണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. കോവിഡ്-19 എന്ന മഹാമാരിയും പ്രളയവുംകൂടി കേരളത്തിലാകെയുള്ള കാർഷികമേഖലയെ തകർത്തിരിക്കുകയാണ്. ഇതുമൂലം കേരളത്തിലെ കർഷകർ ബുദ്ധിമുട്ടിലാണ്. ഇപ്പോഴത്തെ നീണ്ടുപോകുന്ന കോവിഡ് ഭീഷണിയിലും ലോക്ക്ഡൗണിലും കൊടുംമഴയിലും കർഷക സമൂഹം വ്യാകുലരാണ്. കഴിഞ്ഞ പ്രളയകാലത്ത് പാലാ നിയോജകമണ്ഡലത്തിൽ നിരവധി വീടുകൾ തകരുകയും കാർഷിക വിളകൾക്ക് പൂർണ്ണമായും ഭാഗികമായും നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. അന്ന് സർക്കാർ നൽകിയ നഷ്ടപരിഹാരം എല്ലാവർക്കും കിട്ടിയില്ലെന്ന് തന്നെയല്ല കിട്ടിയത് അപര്യാപ്തവുമാണ്. മാത്രമല്ല, ഇപ്പോഴുണ്ടായ കൊടുംമഴയിലും പേമാരിയിലും ഞാൻ പ്രതിനിധീകരിക്കുന്ന പാലാ നിയോജകമണ്ഡലത്തിൽ നിരവധി വീടുകളും കാർഷിക വിളകളും നശിച്ചുപോയിട്ടുണ്ട്. ആയതിനാൽ സർക്കാർ ഇവർക്കുവേണ്ട

നഷ്ടപരിഹാരം അടിയന്തരമായി നൽകണമെന്ന് ഈ അവസരത്തിൽ സർക്കാരിനോട് അപേക്ഷിക്കുകയാണ്. റബ്ബറിന് സർക്കാർ പ്രഖ്യാപിച്ച തറവില 170 രൂപയാണ്. 172 രൂപ ഇപ്പോൾ മാർക്കറ്റിൽ വിലയുണ്ട്. 200 രൂപയെങ്കിലും തറവിലയാക്കി പ്രഖ്യാപിക്കണമെന്നും അത് ഒക്ടോബർ മാസം മുതൽ കൊടുക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ സർക്കാർ റബ്ബർ കർഷകരുടെ കാര്യംകൂടി പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കേരളത്തിൽ പലയിടത്തും ഏക്കർ കണക്കിന് വാഴ കൃഷികൾ നശിച്ചുപോയതായി അറിയാൻ കഴിഞ്ഞു. എന്നാൽ ഇൻഷ്വർ ചെയ്ത വാഴകൾക്ക് ഊന്ന് നൽകിയില്ലെന്ന ഒറ്റക്കാരണത്താൽ ഈ വാഴകൾക്ക് ഇൻഷ്വറൻസ് തുക നിഷേധിച്ചതായി അറിയാൻ കഴിഞ്ഞു. വാഴകൾക്ക് ഊന്ന് കൊടുക്കുന്ന കമ്പ് ഒന്നിന് 80 രൂപ വിലയാകുമെങ്കിൽ വാഴക്കുലയ്ക്ക് ഇപ്പോൾ വെറും അറുപതുരൂപ മാത്രമാണ് വില. ആയതിനാൽ സർക്കാർ ഈ വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തി കർഷകർക്ക് നഷ്ടപരിഹാരം വാങ്ങി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര സർക്കാർ നമ്മുടെ കേരളത്തിന്റെ സഹകരണ മേഖലയെ തകർക്കുന്ന തരത്തിലുള്ള നയങ്ങളാണ് സ്വീകരിച്ചുവരുന്നത്. ഈ പിന്തിരിപ്പൻ നയങ്ങളെ നമ്മൾ തിരിച്ചറിയണം. ഇന്ന് നമ്മുടെ ജനങ്ങൾ കൂടുതലും

ആശ്രയിക്കുന്ന ഒരു മേഖലയായി സഹകരണ മേഖല വളർന്നിരിക്കുന്നു. അതുകൊണ്ട് സർക്കാർ സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിന് കർമ്മപരിപാടികൾ ആവിഷ്കരിക്കണം. യുവസംരംഭകർക്കും സേവനദാതാക്കൾക്കുംവേണ്ടി പുതിയ വിവിധ പദ്ധതികൾ കൊണ്ടുവരണമെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. എല്ലാ കാര്യങ്ങളും അക്കമിട്ട് എടുത്തുപറയാനുള്ള സമയക്കുറവുമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ പ്രഖ്യാപിച്ച നയപ്രഖ്യാപനത്തിന് പിന്തുണച്ചും നന്ദി രേഖപ്പെടുത്തിയും ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തിന് ഞാൻ സമ്പൂർണ്ണമായ പിന്തുണ രേഖപ്പെടുത്തുകയാണ്. ഈ നിയമസഭ ഒരു ചരിത്ര വിജയത്തിന്റെ സാക്ഷ്യമാണ്. തുടർ ഭരണമെന്ന ഭരണ രാഷ്ട്രീയ രംഗത്തെ ഏറ്റവും മഹിതോജ്ജ്വലമായ വിജയം കേരളത്തിൽ നേടിയെടുത്തുകൊണ്ടാണ് കേരളത്തിന്റെ ശക്തി ചൈതന്യമായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നയിക്കുന്ന രണ്ടാം സർക്കാർ അധികാരത്തിൽ വന്നത്. ആദ്യഘട്ടത്തിൽ അധികാരത്തിൽ വന്നപ്പോൾ ഓഖി, നിപ, പ്രളയം പിന്നെ കോവിഡ്-19 അങ്ങനെ ദുരന്തങ്ങളുടെ ഒരുപാട്

വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. ഈ ദുരന്തങ്ങളെല്ലാം ഉണ്ടായപ്പോഴും കേരളത്തിലെ വേദന അനുഭവിക്കുന്ന ജനങ്ങൾക്ക് രക്ഷകനായി മാറി, ആ രക്ഷാബോധം ഞങ്ങൾക്ക് ഉണ്ടായതിന്റെകൂടി പ്രതിസ്പന്ദമാണ് ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായ മഹിതമായ വിജയമെന്ന് ഞാൻ കരുതുന്നു. ഈ വെല്ലുവിളി നേരിടാൻ കാണിച്ച ആത്മധൈര്യം, ലക്ഷ്യബോധം, അചഞ്ചലമായ ആത്മവിശ്വാസം ഇതെല്ലാം മുഖ്യമന്ത്രി പ്രകടിപ്പിച്ചതുകൊണ്ടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പിന്തുണ നൽകാൻ ജനങ്ങൾ സന്നദ്ധരായത്. വാഗ്ദാനങ്ങൾ അലമാരയിൽ സൂക്ഷിക്കേണ്ടതല്ല, നടപ്പിലാക്കാനുള്ളതാണെന്ന് ഈ കഴിഞ്ഞ ഭരണകാലത്ത് തെളിയിക്കുകയും ചെയ്തു. അതുപോലെതന്നെ ജീവിത തത്വവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ നേരിൽ ബോദ്ധ്യപ്പെടാനും മനസ്സിലാക്കാനും കഴിയുന്ന ജനങ്ങൾക്ക് ഏത് പ്രതികൂല സാഹചര്യങ്ങളും വെല്ലുവിളികളും വിമർശനങ്ങളുമൊക്കെത്തന്നെ നിരാകരിക്കുന്നതിന് യാതൊരു പ്രയാസവും ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെയാണ് ജനങ്ങളുടെ പിന്തുണ ലഭിച്ചത്. കോവിഡ് മഹാമാരി ഇപ്പോഴും ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തെ കീഴടക്കാൻ ആഗ്രഹിക്കുന്ന അമേരിക്കൻ സാമ്രാജ്യംപോലും കോവിഡ്-

19 -നമുന്നിൽ വിറങ്ങലിച്ച് നിൽക്കുകയുണ്ടായി. ഇന്ത്യയിലെ സാഹചര്യം നമുക്കറിയാം. എന്നാൽ കേരളത്തിൽ കോവിഡ് മഹാമാരിക്കെതിരെയുള്ള പോരാട്ടം അതിശക്തമായി മുന്നോട്ടുകൊണ്ടുപോയി. അതുകൊണ്ടുതന്നെയാണ് ഇന്ത്യയ്ക്കകത്തും പുറത്തും അത് പ്രകീർത്തിക്കപ്പെട്ടത്. ഇനിയും തുടരേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ കൊണ്ട് പക്ഷപാതപരമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് രാഷ്ട്രീയ പ്രേരിതമായി സംസ്ഥാനങ്ങളെ കാണാൻ ശ്രമിക്കുന്നത്. കോവിഡിന്റെ ചർച്ച നടക്കുന്നു. കോവിഡ് വാക്സിൻ നൽകുന്നതിന് കാണിക്കുന്ന വൈമനസ്യം, അതെല്ലാവർക്കും അറിയാം. അതിനോടനുബന്ധമായി ഭരണഘടനാ മൂല്യങ്ങൾ വലിച്ചെറിഞ്ഞുകൊണ്ട് ഫെഡറൽ സമ്പ്രദായത്തിനെതിരായ പരസ്യമായ വെല്ലുവിളി നടത്തുന്നത് ഭരണഘടനാപരമായ ചുമതല നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥമായ കേന്ദ്ര ഗവൺമെന്റ് തന്നെയാണ്. ഇന്നലെ നമ്മുടെ നിയമസഭ ഏകകണ്ഠമായി, പ്രതിപക്ഷ-ഭരണകക്ഷി ഭേദമില്ലാതെ ലക്ഷദ്വീപിനോടുള്ള അചഞ്ചലമായ ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ പ്രമേയം പാസ്സാക്കി. ലക്ഷദ്വീപിലെ ജനങ്ങളെ അടിച്ചമർത്തുന്ന നിലപാടുകളിൽ പ്രതിഷേധമുണ്ടാക്കിയിട്ടും കേന്ദ്ര സർക്കാർ ശ്രദ്ധിച്ചില്ല. ഈ നിലയിൽ നടപടികൾ ഉണ്ടാകുമ്പോൾ എന്താണ് രാജ്യത്തിന്റെ രക്ഷ; ദേശീയതലത്തിൽ കാണുന്ന ഭരണകൂടത്തിന്റെ

ഭീകരതയ്ക്കെതിരായി ജനാധിപത്യവും സ്വാതന്ത്ര്യവും മതേതരത്വവും സംരക്ഷിക്കാൻ എന്താണ് മാർഗ്ഗം എന്ന ചോദ്യത്തിനുള്ള യഥാർത്ഥമായ ഉത്തരമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി വിജയവും അതിന് അധിനായകനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും. ആ ചരിത്രപരമായ ദൗത്യമാണ് കേരളത്തിലെ ജനങ്ങൾ ഉയർത്തിയത്. ഇവിടെ വികസന പ്രവർത്തനങ്ങൾക്ക് ഒരു പുതിയ വികസന സംസ്കാരം തന്നെ ആരംഭിക്കാൻ ഭരണകൂടത്തിന് കഴിഞ്ഞിട്ടുണ്ട്. ആ വികസന പ്രവർത്തനങ്ങൾക്ക് ജാതിയില്ല, മതമില്ല, രാഷ്ട്രീയമില്ല എന്നുപറയാൻ മുഖ്യമന്ത്രിക്ക് പ്രയാസമുണ്ടായിട്ടില്ല. അങ്ങനെയുള്ള സഹകരണം സമാരംഭിക്കാൻ സാധിച്ചിട്ടുണ്ട്. അത്തരം മുന്നേറ്റങ്ങൾ തുടരേണ്ടത് ആവശ്യമാണ്. കാർഷിക മേഖലയിൽ ധാരാളം സമഗ്രമായ മാറ്റങ്ങൾ, തൊഴിൽരഹിതരായ 20 ലക്ഷം പേർക്ക് തൊഴിൽ, ബി.പി.എൽ. കുടുംബങ്ങൾക്ക് ആശ്വാസം എത്തിക്കുന്ന പരിപാടികൾ, ക്ഷേമപദ്ധതികൾ, വില്ലേജ് ഓഫീസ് നവീകരണം തുടങ്ങിയ നിരവധി കാര്യങ്ങൾ.

ഇന്ന് സ്കൂൾ പ്രവേശനോത്സവത്തിന്റെ ദിവസംകൂടിയാണ്. സംസ്ഥാനതലത്തിലുള്ള പരിപാടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്ക് കൃത്യസമയത്ത് പാഠപുസ്തകങ്ങൾ, കൈത്തറി യൂണിഫോം

വിതരണം ഇതെല്ലാം നൽകുകയാണ്. അങ്ങനെ വിദ്യാഭ്യാസം പോലെയുള്ള സുപ്രധാനമായ മേഖലകളിൽ നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സംസ്ഥാനത്തിന് പുതിയ രൂപവും ഭാവവും നൽകുന്ന പ്രവർത്തനങ്ങൾക്കാണ് ഇവിടെ സാക്ഷ്യം വഹിക്കാൻ കഴിഞ്ഞത്. അതിന്റെ തുടർച്ചയെന്ന നിലയ്ക്ക് തുടർഭരണം വേണമെന്ന് പറഞ്ഞപ്പോൾ അത് എന്തിനാണെന്ന ചോദ്യം അപ്രസക്തമാക്കിക്കൊണ്ടാണ് ജനങ്ങൾ നിർലോഭമായ പിന്തുണ സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നൽകിയത്. അതിന്റെ ഫലമായാണ് തുടർഭരണം സാക്ഷാത്കരിക്കാൻ സാധിച്ചത്. ആ തുടർഭരണത്തിന് നൽകിയിട്ടുള്ള അംഗീകാരത്തിന്റെ കരുത്തും ശക്തിയും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുമ്പോൾ അത് ഇന്ത്യയ്ക്കുതന്നെ മാതൃകാപരമായ പ്രവർത്തനമായി മാറുകയും അതോടൊപ്പം ദേശീയ ബദലിലേയ്ക്ക് വെളിച്ചം വീശാനും സശ്രദ്ധം ശ്രവിക്കാനും അതിന് ഉത്തരം നൽകാനും കഴിയുന്ന ഒരു രാഷ്ട്രീയ വിളംബരമാണ് കേരളത്തിലെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായത് എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തിന് ഒരിക്കൽക്കൂടി എന്റെ പൂർണ്ണമായ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, കേരള രാഷ്ട്രീയ ചരിത്രത്തിന്റെ

വഴിത്തിരിവാകുന്ന പതിനഞ്ചാം കേരള നിയമസഭയിൽ ആദരണീയനായ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച പ്രമേയത്തെ അഭിമാനത്തോടെ, ആവേശത്തോടെ ഞാൻ പിന്തുണയ്ക്കുകയാണ്.

ജ്ഞാനവൃദ്ധനായ ഡയോജിനിസിനോട് നൂറാമത്തെ വയസ്സിലും എന്തുകൊണ്ടാണ് സന്തുഷ്ടനായിരിക്കാൻ കഴിയുന്നതെന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ ചോദിച്ചു. അദ്ദേഹം പറഞ്ഞു, എല്ലാ പ്രഭാതത്തിലും എനിക്ക് തെരഞ്ഞെടുക്കാൻ രണ്ട് വഴികളേയുള്ളൂ. ഒന്ന്, സന്താപത്തിന്റെയും നിരാശയുടെയും വഴി. മറ്റൊന്ന്, സന്തുഷ്ടിയുടെ വഴി. ഞാൻ തെരഞ്ഞെടുക്കുന്നത് സന്തുഷ്ടിയുടെ വഴിയാണ്. 2021 ഏപ്രിൽ മാസം 6-ാം തീയതി കേരളത്തിലെ മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷം വരുന്ന മലയാളികൾ ചിന്തിച്ചതും അങ്ങനെതന്നെയാണ്. ഞങ്ങൾക്ക് തെരഞ്ഞെടുക്കാനുള്ളത് സന്തോഷത്തിന്റെ, സന്തുഷ്ടിയുടെ, പ്രതീക്ഷയുടെ, പ്രത്യാശയുടെ വഴിയാണ്. അതുകൊണ്ട് ഈ നയപ്രഖ്യാപനമുണ്ടായി. അതുകൊണ്ടാണ് ഈ നയപ്രഖ്യാപനത്തെ ആവേശത്തോടെ ഞാൻ പിന്തുണയ്ക്കുന്നത്.

നാളത്തെ ഇന്ത്യ എന്തായിരിക്കണം എന്ന ചോദ്യത്തിന്റെ ഉത്തരം കൂടിയാണ്

പതിനഞ്ചാം കേരള നിയമസഭ. ഇന്ത്യാ രാജ്യം ചരിത്രത്തിലെ ഏറ്റവും ഭീഷണമായ നാളുകളിലൂടെ കടന്നുപോയെന്ന് നമുക്കറിയാം. ഫാസിസം അർബുദമായി ഇന്ത്യയുടെ രാഷ്ട്രശരീരത്തെ കീഴ്പ്പെടുത്തുന്ന ഘട്ടത്തിൽ ധീരതയുടെ ശബ്ദമായി മാറിയത് ഈ നിയമസഭയാണ്, നമ്മുടെ രാഷ്ട്രീയ നേതൃത്വമാണ്. പൗരത്വനിയമം പ്രഖ്യാപിക്കപ്പെട്ടപ്പോൾ, കർഷക ബിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ, ലക്ഷദ്വീപിൽ കടന്നാക്രമണത്തിന് കളമൊരുക്കപ്പെടുന്ന സാഹചര്യമുയർന്നപ്പോൾ പ്രതിഷേധിച്ചത് ഈ സഭയാണ്. നമ്മുടെ രാഷ്ട്രീയ നേതൃത്വമാണ്. നോട്ടുനിരോധനം ഒരു ദിവസം രാത്രി 8 മണിക്ക് പ്രഖ്യാപിക്കപ്പെട്ടപ്പോൾ അതിനെതിരായി കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തെരുവിലേയ്ക്ക് പ്രക്ഷോഭവുമായി ഇറങ്ങിത്തിരിച്ച് ഇന്ത്യാ രാജ്യത്തിന് മാതൃകയായത് നമ്മുടെ നാടാണ്, കേരളമാണ്. ഈ കേരളം ഫാസിസത്തിന്റെ വളക്കൂറുള്ള മണ്ണാവുകയില്ലെന്ന് തെളിയിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിലാണ് കേരളത്തിന്റെ കരുത്തനായ നായകൻ കേരളത്തിന്റെ മുഖ്യമന്ത്രി ഫാസിസത്തിന്റെ അക്കൗണ്ട് ഞങ്ങൾ പൂട്ടിക്കുമെന്ന് പ്രഖ്യാപിച്ചത്. ഇന്ന് ഈ സഭയിൽ കേരളത്തിന്റെ ആദരണീയനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയായി സഖാവ് വി. ശിവൻകുട്ടി ഇരിക്കുമ്പോൾ ഞങ്ങൾ അഭിമാനത്തോടെ പറയുന്നു ബി.ജെ.പി.-ക്ക്,

ഫാസിസത്തിന് അക്കൗണ്ടില്ലാത്ത നാടായി കേരളത്തെ മാറ്റിയത് ഇടതുപക്ഷമാണെന്ന്.

ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമാകുമെന്ന് ഇവിടെ പറയുന്നതുകേട്ടു. ഇന്നലെ രാത്രി മുഴുവൻ എല്ലാ നിഘണ്ടുവിലും ക്രിയാത്മകമെന്ന വാക്കിന്റെ അർത്ഥം തിരയുകയായിരുന്നു. പ്രതിപക്ഷനേതാവിന്റെ പുറകിലിരുന്നുകൊണ്ട് ഇന്നലെ നടത്തിയ പ്രസംഗങ്ങൾ, ലക്ഷദ്വീപ് പ്രശ്നം അവതരിപ്പിക്കപ്പെട്ടുമ്പോൾപോലും ഈ നാട് ഒറ്റക്കെട്ടായി ഒരേ മനസ്സോടെ ആ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന പശ്ചാത്തലത്തിൽപ്പോലും ചൈനയിലേയ്ക്കും ടിബറ്റിലേയ്ക്കും നുഴഞ്ഞു കയറുന്ന മനസ്സുമായി പ്രതിപക്ഷത്തെ അംഗങ്ങൾ പെരുമാറുന്നത് കാണുമ്പോൾ ക്രിയാത്മകമെന്ന വാക്ക് ഇനിയുള്ള അഞ്ച് വർഷവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്ന ഒരു വാക്കായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്തുകൊണ്ട് തങ്ങൾ പരാജയപ്പെട്ടു? ജനങ്ങളാൽ ശിക്ഷിക്കപ്പെട്ടുവെന്ന് മനസ്സിലാക്കാനുള്ള വിവേകം കേരളത്തിലെ പ്രതിപക്ഷത്തിനുണ്ടാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ കരുതുന്നത്, ഇന്നലെപ്പറഞ്ഞു ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ ദിവസവും വൈകുന്നേരം ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ടതുകൊണ്ടാണ് അവർ

പരാജയപ്പെട്ടതെന്ന്, ഭക്ഷ്യ കിറ്റ് കൊടുത്തതുകൊണ്ടാണ് അവർ പരാജയപ്പെട്ടതെന്ന്. യഥാർത്ഥത്തിൽ അവരുടെ രാഷ്ട്രീയ നിലപാടും നയങ്ങളും കാരണമാണ് പരാജയപ്പെട്ടതെന്ന് തിരിച്ചറിയണം. കേരളത്തിലെ പ്രതിപക്ഷത്തോടുള്ള സ്നേഹം കൊണ്ടല്ല, അടുത്തൊരു അരന്യൂറ്റാണ്ട് കാലമെങ്കിലും കേരളത്തിന്റെ പ്രതിപക്ഷമായി കോൺഗ്രസ് നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി തുടർ പ്രതിപക്ഷമായി ഉണ്ടാകണമെന്ന ആഗ്രഹം കൊണ്ടാണ് ഞങ്ങളത് പറയുന്നത്.

വളരെ സീനിയറായ പേരാവൂർ അംഗം നിലവാരമില്ലാത്ത തരത്തിലാണ് ഇവിടെ സംസാരിച്ചത്. ഏതോ പത്രുവാർത്തയുടെ ഏതോ ഒരു അന്വേഷണ ഏജൻസിക്ക് മുന്നിൽ ആരോ പറഞ്ഞതെന്ന പേരിൽ ഏതൊക്കെയോ പേര് പറഞ്ഞുകൊണ്ട് ഇവിടെ സംസാരിച്ചു. ഞങ്ങളൊന്ന് തീരുമാനിച്ചാൽ, ഞങ്ങളൊന്ന് തീരുമാനിച്ചിറങ്ങിത്തിരിച്ചാൽ അപ്പുറത്തിരിക്കുന്ന ഒരാൾക്കും മുഖമുയർത്തി ഈ സഭയിൽ ഇരിക്കാനാവില്ലെന്നത് നിങ്ങൾ തിരിച്ചറിയണം. ബഹുമാന്യനായ മുഖ്യമന്ത്രി ഞങ്ങളോട് പറയുന്നത് ക്രിയാത്മകമായി പ്രവർത്തിക്കണം, ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെല്ലണം, ജനങ്ങളെ അണിനിരത്തണം, ജനങ്ങളെ ഇടതുപക്ഷത്തോടൊപ്പം നിർത്തണം എന്നാണ്. കഴിഞ്ഞ അഞ്ച് വർഷവും ഈ

ഗവൺമെന്റ് അതാണ് ചെയ്തത്. ഈ നിയമസഭയിലേയ്ക്ക് ആദ്യമായി ഞാൻ കടന്നുവരുന്നത് ഐക്യജനാധിപത്യ മുന്നണിയുടെ കോട്ടയായ ഒരു മണ്ഡലത്തിൽ നിന്നാണ്. 849 എന്ന നേരിയ ഭൂരിപക്ഷം. ഇത്തവണ ഞാൻ സഭയിലേക്ക് വരുന്നത് 23231 എന്ന മാന്ത്രിക സംഖ്യയുടെ പിൻബലത്തിലാണ്. എന്തുകൊണ്ടാണത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ കാഴ്ചവച്ച എല്ലാ പ്രവർത്തനങ്ങളുടെയും പ്രതിബിംബമായി ഒരു മണ്ഡലം മാറിയെന്നുള്ളതുകൊണ്ടാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ മാറ്റിത്തീർത്ത പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടക്കം കുറിച്ചത് എന്റെ മണ്ഡലത്തിലെ മലയിൻകീഴിലെ ആനപ്പാറയിലെ പെൺപള്ളിക്കൂടത്തിൽ നിന്നായിരുന്നു. ആ പെൺപള്ളിക്കൂടത്തിലെ അങ്കണത്തിലെ കൽവിളക്കിൽ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി തിരിതെളിച്ചപ്പോൾ ഞങ്ങൾക്ക് സന്ദേഹമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ 140 മണ്ഡലങ്ങളിലും അന്താരാഷ്ട്ര നിലവാരമുള്ള ഒരു പള്ളിക്കൂടമുണ്ടായില്ലേ. കിഫ്ബിയെ ഇവിടെ പലരും എതിർത്തു. എന്നാൽ ആ പള്ളിക്കൂടങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ, ശിലാസ്ഥാപന ചടങ്ങിൽ പ്രതിപക്ഷ എം.എൽ.എ.-മാർ കിഫ്ബിയെ പാടി പുകഴ്ത്തി, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ

യജ്ഞത്തെ പാടിപുകഴ്ത്തി. ക്ഷേമപെൻഷൻ 1000 രൂപയായി വർദ്ധിപ്പിച്ച് വീടുകളിലെത്തിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചത് എന്റെ മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിലെ പിറയിൽ ഗ്രാമത്തിലാണ്. അന്ന് പിടയ്ക്കുന്ന അഞ്ഞൂറിന്റെ നോട്ടുകൾ കയ്യിൽ പിടിച്ചുകൊണ്ട് ആ അപ്പൂപ്പനും അമ്മൂമ്മയും ചിരിച്ച ചിരിയുണ്ടല്ലോ, അവരുടെ മനസ്സിന്റെ തെളിച്ചമുണ്ടല്ലോ, ആ വെളിച്ചമുണ്ടല്ലോ, ആ വെളിച്ചമാണ് ഇടതുപക്ഷ തുടർഭരണത്തിന് കാരണമായത്. ഐക്യരാഷ്ട്ര സഭയുടെ ലോക പുനർനിർമ്മാണ സെഷൻ ജനീവയിൽ ചേർന്നപ്പോൾ ഡച്ച് ഡിസാസ്റ്റർ ഡിഡക്ഷൻ ടീം ലീഡറും ലോകപ്രശസ്തനായ ശാസ്ത്രജ്ഞനുമായ Dr. Paul Van Meel ഒരു പ്രബന്ധം അവതരിപ്പിച്ചു. ആ പ്രബന്ധത്തിൽ, ലോകത്തെ ഏറ്റവും മികച്ച ജലസംരക്ഷണ മാതൃക ഞങ്ങൾ ഇന്ത്യയിൽ കണ്ടു, അത് കേരളത്തിലാണ്, കേരളത്തിന്റെ തലസ്ഥാന നഗരത്തോട് ചേർന്നുകിടക്കുന്ന കാട്ടാക്കട എന്ന മണ്ഡലത്തിലാണെന്ന് അദ്ദേഹം പറഞ്ഞു. അത് കാട്ടാക്കടക്കാരുടെ മികവല്ല, ഹരിതകേരളമെന്ന പദ്ധതിയിലൂടെ പരിസ്ഥിതിയെ സ്നേഹിക്കാൻ പ്രകൃതിയെ സംരക്ഷിക്കാൻ ഒരു ഗവൺമെന്റെടുത്ത തീരുമാനത്തിന്റെ പ്രതിഫലനമായിരുന്നു. ഇതുപോലെ കേരളത്തിലെ 140 മണ്ഡലങ്ങളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ, എന്റെ മണ്ഡലത്തിന് തൊട്ടടുത്താണ് അരുവിക്കര മണ്ഡലം. പ്രസ്തുത മണ്ഡലത്തെ

പതിനാലാം നിയമസഭയിൽ പ്രതിനിധാനം ചെയ്തിരുന്ന എന്റെ പ്രിയപ്പെട്ട സുഹൃത്ത് ഇന്ന് ഇവിടെയില്ല. ഈ ഗവൺമെന്റിനെ നഖശിഖാന്തം എതിർത്തുകൊണ്ട് നുണ പ്രചരണങ്ങൾക്കുവേണ്ടി നിയോഗിക്കപ്പെട്ട ആ സുഹൃത്തിന്റെ മണ്ഡലത്തിലാണ് ഏഷ്യയിലെ ഏറ്റവും വലിയ ആന വളർത്തൽ കേന്ദ്രം കിഫ്ബി പദ്ധതിയിലൂടെ അനുവദിക്കപ്പെട്ടത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തെ ഒരു യൂണിറ്റായി കണ്ടുകൊണ്ടാണ് വികസന പദ്ധതികൾക്ക് സർക്കാർ നേതൃത്വം നൽകിയത്. ചുരുക്കിപ്പറഞ്ഞാൽ ഈ ഗവൺമെന്റ്, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് പ്രവർത്തിക്കുന്ന ഒരു പ്രത്യയശാസ്ത്രമാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പോയിന്റ് ഓഫ് ഓർഡർ...

<u>ശ്രീ. ഐ. ബി. സതീഷ്</u>: ഈ തെരഞ്ഞെടുപ്പ് കാലത്ത് എന്റെ മണ്ഡലത്തിന്റെ പേര് പേറുന്ന കവി പറഞ്ഞിട്ടുണ്ട്, അദ്ദേഹം എഴുതിയിട്ടുണ്ട്.

മനുഷ്യനാകണം മനുഷ്യനാകണം

പുല്ലിനും പുഴുവിനും ചരാചരങ്ങളേയും തുല്യമെന്ന

നേരതിന്റെ പേരതാണ് മാർക്സിസം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, സഭയിലില്ലാത്ത, ഒരു

സഹപ്രവർത്തകനായി കഴിഞ്ഞ അഞ്ച് വർഷമിരുന്ന ഒരാളെപ്പെറ്റി വളരെ മോശമായ രീതിയിൽ പറയുന്നത് ശരിയല്ല. സംസ്ഥാന ഗവൺമെന്റിന്റെ ജല നയത്തെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട അംഗം തൊട്ടടുത്ത നിയോജക മണ്ഡലത്തിലെ, മുമ്പ് സഭയിലുണ്ടായിരുന്ന ഒരു അംഗത്തെക്കുറിച്ച്, ഒരു എം.എൽ.എ.-യെക്കുറിച്ച് വളരെ മോശമായി ഇവിടെ പറയുകയാണ്ടായി. അത് സഭാ രേഖയിൽ ഉണ്ടാകരുത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അദ്ദേഹം മോശമായി ഒന്നും പറഞ്ഞില്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് ഏഷ്യയിലെ ഏറ്റവും വലിയ ആന വളർത്തൽ കേന്ദ്രം കിഫ്ബി പദ്ധതിയിലൂടെ അനുവദിക്കപ്പെട്ടതെന്ന് മാത്രമേ പറഞ്ഞുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: അതെ. അതിൽ പോയിന്റ് ഇല്ല. ശ്രീ. ഐ. ബി. സതീഷിന് തുടരാം. സമയം കഴിയാറായി. പ്ലീസ്....

ശ്രീ. ഐ. ബി. സതീഷ്: സർ, ഇനിയും നിരന്തരമായി ജനങ്ങളുടെ ശിക്ഷ ഏറ്റുവാങ്ങാൻ ഞങ്ങൾ തയ്യാറാണെന്ന പ്രഖ്യാപനമാണ് പ്രതിപക്ഷ ബഞ്ചുകളിൽനിന്ന് പ്രകടമാകുന്ന ഈ അസഹിഷ്ണുത ബോധ്യപ്പെടുത്തുന്നത്. ഇവിടെ ഞങ്ങളുടെയെല്ലാം ഒരു സങ്കടവും, നിരാശയുമുണ്ട്. സഖാവ് എം. സ്വരാജ് ഈ നിയമസഭയിലില്ല. എന്തുകൊണ്ട് അദ്ദേഹം പരാജയപ്പെട്ടുവെന്നതിന് കഴിഞ്ഞ

അഞ്ച് വർഷക്കാലത്തെ നിയമസഭയിലെ സഖാവ് എം. സ്വരാജിന്റെ വാക്കുകൾ, പ്രസംഗങ്ങൾ ചരിത്ര രേഖയായി ഇവിടെ കിടപ്പുണ്ട്. ഇന്ത്യയിൽ ഫാസിസത്തിനെതിരായ പോരാട്ടത്തിന്റെ വജ്രസൂചി മുനയുള്ള കൃത്യതയായിരുന്നു സഖാവ് എം. സ്വരാജിന്റെ വാക്കുകൾ. കേരളത്തിലെ കോൺഗ്രസ്സ് രാഷ്ട്രീയമെത്തപ്പെട്ടിരിക്കുന്ന ജീർണ്ണത എത്രമാത്രം പരിഹാസ്യമാണെന്ന് ചൂണ്ടിക്കാണിക്കുന്നതായിരുന്നു സഖാവ് എം. സ്വരാജിന്റെ വാക്കുകൾ. അതുകൊണ്ട് സഖാവ് എം. സ്വരാജ് തോൽക്കണമെന്ന് വലതുപക്ഷ രാഷ്ട്രീയം തീരുമാനിച്ചു. ബി.ജെ.പി.-യും കോൺഗ്രസ്സും തീരുമാനിച്ചു. അതുകൊണ്ടാണ് അത് സംഭവിച്ചത്. എന്നാലും ആ വാക്കുകൾ, ഇടതുപക്ഷം മുന്നോട്ട് വയ്ക്കുന്ന ആശയത്തെ കേരളത്തിലെ ജനത ഏറ്റുവാങ്ങുക തന്നെ ചെയ്യും. 'ഉയർച്ച താഴ്ചകൾക്കതീതമായ സ്നേഹമേ നിനക്ക് പേരിടുന്നതാണ് മാർക്സിസം' എന്ന് എന്റെ നാട്ടിലെ കവി ശ്രീ. മുരുകൻ കാട്ടാക്കട പറഞ്ഞത് ഈ നാട്ടിലെ മുഴുവൻ മലയാളികളുടെയും വികാരമായി മാറുക തന്നെ ചെയ്യും. അതുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ഹൃദയത്തിന്റെ പിന്തുണയോടുകൂടി ഞാൻ പിൻതുണയ്ക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ സർക്കാറിന്റെ നയപ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തിനോട്

എന്റെ എതിർപ്പ് രേഖപ്പെടുത്തുന്നു. കോഴിക്കോട് ജില്ലയിലെ വളരെ പ്രധാനപ്പെട്ട വിദേശ വ്യാപാര ബന്ധങ്ങളും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ചരിത്രത്തിലിടമുള്ള പ്രദേശവുമാണ് വടകര. ഐതിഹാസികമായ സമരപോരാട്ടങ്ങളുടെ ഭൂമിയായ വടകരയെ പ്രതിനിധീകരിച്ച് നിയമസഭയിൽ അംഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനവും ആഹ്ലാദവും രേഖപ്പെടുത്തുന്നു. കോഴിക്കോട് ജില്ലയിലെ തന്ത്രപ്രധാനമായ കേന്ദ്രമാണ് വടകര. എന്നാൽ പൗരാണിക ചരിത്ര പ്രാധാന്യത്തിനനുസരിച്ചുള്ള പുരോഗതിയും വികസനവും ഇനിയും കൈവരിക്കാൻ വടകരയ്ക്ക് സാധിച്ചിട്ടില്ല. അതിനുള്ള വലിയ പരിഗണന ഈ സഭയിൽനിന്ന് അഭ്യർത്ഥിക്കുകയാണ്. കിലോമീറ്ററുകളോളമുള്ള വടകരയുടെ തീരദേശ ജനതയ്ക്ക് കടലാക്രമണ ഭീഷണിയിൽനിന്ന് സുരക്ഷിതമായ ജീവിതം ഉറപ്പ് വരുത്താൻ ഇനിയും സാധിച്ചിട്ടില്ല. വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഗതാഗത സൗകര്യം തുടങ്ങിയ സർവ്വ മേഖലകളിലും വടകരയുടെ പുരോഗതി ഉറപ്പുവരുത്താൻ ഈ സഭയുടെയും സർക്കാരിന്റെയും സർവ്വാത്മനാ പിന്തുണ അഭ്യർത്ഥിക്കുകയാണ്. ഒരു നിയമസഭ അംഗമെന്ന നിലയിൽ ഏറെ ആഹ്ലാദകരമായ അനുഭവമാണ് ലക്ഷദ്വീപിന്റെ സ്വസ്ഥവും സമാധാനപൂർണ്ണവുമായ ജീവിതത്തിനും ജനാധിപത്യ അവകാശങ്ങൾക്കുംവേണ്ടി ഐക്യകണ്ഠേന സഭ

അവതരിപ്പിച്ച പ്രമേയം. നമ്മുടെ സംസ്ഥാനത്തും നിർഭയവും ജനാധിപത്യപരവുമായ പൊതുജീവിതം, വ്യത്യസ്തമായ അഭിപ്രായങ്ങൾ സഹിഷ്ണുതയോടെ പുലർത്തുന്നതിനുള്ള ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം നമുക്ക് ഓരോരുത്തർക്കുമുണ്ട്. അപ്പോൾ മാത്രമേ നമ്മുടെ ഇത്തരം ഇടപെടലുകൾ ആത്മാർത്ഥവും അർത്ഥ പൂർണ്ണവുമായി ചരിത്രം രേഖപ്പെടുത്തുകയുള്ളൂ. പുതിയ സർക്കാരിന്റെ നയപ്രഖ്യാപനമാണ് ഇവിടെ നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ആ നയപ്രഖ്യാപനം ഒട്ടും പുതിയതല്ലെന്ന് നിരാശാപൂർവ്വം പറയേണ്ടിവരുന്നു. കഴിഞ്ഞ സർക്കാറിന്റെ തുടർച്ചയാണ് ഈ സർക്കാർ എന്ന് അവകാശപ്പെടുന്ന ഭരണപക്ഷം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷവും കേരളത്തിലെ വിവിധ ജനകീയ സമര പ്രസ്ഥാനങ്ങളുമൊക്കെ മുന്നോട്ടുവച്ച, കൃത്യമായി ചൂണ്ടിക്കാട്ടിയ നിരവധി വിമർശനങ്ങളുണ്ട്. അതിൽ പുതിയ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. ഉദാഹരണത്തിന് കേരളത്തിലെ ആഭ്യന്തര വകുപ്പിന്റെ നയം. ആ നയം പരിശോധിച്ചാൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന ലോക്കപ്പ് കൊലകൾ, വ്യാജ ഏറ്റുമുട്ടലുകൾ, പിഞ്ചുപീഡനകേസുകൾപോലും അട്ടിമറിക്കപ്പെട്ടത്, ചെറുപ്പക്കാരുടെമേൽ ചുമത്തപ്പെട്ട യു.എ.പി.എ. പോലുള്ള ഭീകരമായ നിയമങ്ങൾ തുടങ്ങി അപമാനകരമായ അനുഭവങ്ങളുടെ ഒരു

ഘോഷയാത്രയായിരുന്നു. പുതിയ നയപ്രഖ്യാപനത്തിൽ പോലീസിന്റെ നയം ഇതിൽനിന്നും വ്യത്യസ്തമാണെന്ന് പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടില്ല. തീർച്ചയായും ആ നയത്തോടുള്ള നിശിതമായ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഈ സർക്കാരിന്റെ വികസന നയം എന്താണ്? ആളുകളെ പുറംതള്ളുകയും ഇരകളെ സൃഷ്ടിക്കുകയും ചെയ്യുന്ന നവലിബറൽ മൂലധന വികസനത്തിന്റെ വിശ്വസ്തരായ നടത്തിപ്പുകാരാണ് തങ്ങളെന്ന് ഈ സർക്കാർ നിർലജ്ജം പറഞ്ഞുകൊണ്ടിരിക്കുകയാണ്. കെ-റെയിൽ പദ്ധതി തികച്ചും ജനവിരുദ്ധവും മൂലധനാധിഷ്ഠിതവുമാണ്. ആയിരക്കണക്കിന് മനുഷ്യരെ കിടപ്പാടങ്ങളിൽനിന്നും ആവാസവ്യവസ്ഥകളിൽനിന്നും പുറംതള്ളി കേരളത്തിന്റെ തെക്കുവടക്കായി നിർമ്മിക്കാൻ പോകുന്ന അതിവേഗ റെയിൽ പദ്ധതിയാണത്. ഈ പദ്ധതി കേരളത്തിന്റെ അവശേഷിക്കുന്ന പ്രകൃതി സമ്പത്തുക്കളെപ്പോലും നശിപ്പിക്കുമെന്നും കേരളത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് പ്രായോഗികമല്ലെന്നും പൊതുഖജനാവിൽ കോടിക്കണക്കിന് രൂപയുടെ ബാധ്യത വരുത്തുമെന്നും ഇടതുപക്ഷ സഹയാത്രികർ ഉൾപ്പെടെ ആർ.വി.ജി. മേനോനെപ്പോലെയുള്ള ആളുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 65000 കോടി രൂപ ചെലവഴിച്ചുകൊണ്ടും 1082 ഹെക്ടർ ഭൂമി ഏറ്റെടുത്തുകൊണ്ടുമാണ് കെ-റെയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇരുപതിനായിരത്തിലധികം കുടുംബങ്ങളെ

കുടിയൊഴിപ്പിക്കേണ്ടിവരുന്ന ഈ പദ്ധതി ആർക്കുവേണ്ടിയാണ്? കാസർഗോഡുനിന്നും തിരുവനന്തപുരത്തേയ്ക്ക് നാല് മണിക്കൂർകൊണ്ട് എത്താൻ ആരാണ് താൽപ്പര്യം കാണിക്കുന്നത്? അങ്ങനെയുള്ളവർക്ക് വേണ്ടിയാണോ പാവങ്ങളെ കുടിയൊഴിപ്പിച്ചുകൊണ്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. അതോടൊപ്പം ഇവിടത്തെ വികസനത്തിനെല്ലാം ഒരു മാന്ത്രിക കുടംപോലെ കിഫ്ബിയെ അവതരിപ്പിക്കുകയാണ് സർക്കാർ. സർക്കാരിന്റെ വരുമാന സ്രോതസ് കണ്ടെത്തിയെന്ന മേനിപറച്ചിലിനായാണ് കേരളത്തെ വൻ കടക്കെണിയിൽ തള്ളുന്ന കിഫ്ബിയെ കഴിഞ്ഞ സർക്കാറും ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ സർക്കാരും അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. പുതിയ വരുമാന സ്രോതസ്സല്ല, എത്രയോ വർഷങ്ങളായി കേരളത്തിന്റെ നികുതി വരുമാനമടക്കം ആഗോള ധനകാര്യ ശക്തികൾക്ക് വൻ പലിശയ്ക്ക് പണയപ്പെടുത്തിയ വായ്പാകെണിയാണ് കിഫ്ബിയെന്ന് തുറന്ന് പറയാൻ തയ്യാറാകാത്ത ഈ നയപ്രഖ്യാപനം തീർച്ചയായും വഞ്ചനാകരമാണ്. ശ്രീമതി ഗീതാ ഗോപിനാഥിനെപ്പോലെയുള്ള വേൾഡ് ബാങ്ക് സാമ്പത്തിക വിദഗ്ധരെ ഉപദേശികളാക്കുന്ന, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിക്കുന്നവരെ, വിപ്ലവം പോലെ ആഘോഷിക്കുന്നവരെ എങ്ങനെയാണ് ഇടതുപക്ഷ സർക്കാർ എന്ന്

വിശേഷിപ്പിക്കാൻ കഴിയുക? ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഭൂരിഭാഗസമയവും കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിനായാണ് ചെലവഴിച്ചത്. ആരോഗ്യമേഖലയിൽ പതിറ്റാണ്ടുകളായി വിവിധ സർക്കാരുകളുടെ ഇടപെടലിന്റെ ഭാഗമായി നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ആ യാഥാർത്ഥ്യം നിലനിൽക്കുമ്പോൾതന്നെ രണ്ടാംഘട്ട വ്യാപനം ഭയാനകമാണ്. കേരളത്തെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കോവിഡ് വ്യാപനത്തിൽ അതിന്റെ മരണനിരക്കിലും ഒന്നാം സ്ഥാനത്തേക്ക് അല്ലെങ്കിൽ മുൻപന്തിയിലേക്കെത്തുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ കോവിഡ് മരണസംഖ്യയിൽ കാണുന്ന അവ്യക്തതയും കണക്കുകൾ കുറച്ചുകാണിച്ച് അർഹമായ ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമാക്കുന്നതിന്റെ കാരണവും പരിശോധിക്കപ്പെടേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും ഇപ്പോൾ തദ്ദേശസ്ഥാപനങ്ങളിലേയ്ക്കാണ് നൽകപ്പെട്ടിരിക്കുന്നത്. പഞ്ചായത്തുകളിലെ ഫണ്ടിന്റെ അഭാവം വലിയ തോതിൽ ഏകോപനത്തിന് പ്രയാസമുണ്ടാക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് വലിയ ബാധ്യതകളാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എഫ്.എൽ.ടി.സി.-കളുടെ പ്രവർത്തനം സജ്ജമാണെങ്കിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും വലിയ

തോതിലുള്ള പരിമിതിയുണ്ട്. ലോക്ക്ഡൗൺ സമയത്തെ കിറ്റ് വിരണവും വോളണ്ടിയർ സേവനവുമൊക്കെ രാഷ്ട്രീയവത്ക്കരിക്കുകയാണുണ്ടായത്. ദുരിതമനുഭവിക്കുന്ന കുടുബങ്ങൾക്ക് സാമ്പത്തിക സഹായമാണ് വേണ്ടത്. നയപ്രഖ്യാപന പ്രസംഗത്തിൽ ലഹരിമുക്ത കേരളത്തെക്കുറിച്ച് വാചാലമായത് എന്നെ അത്ഭുതപ്പെടുത്തി. കാരണം, മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ വില്പനശാലകൾ കുറയ്ക്കുകയെന്ന സാമാന്യതത്വം പോലും കഴിഞ്ഞ അഞ്ചുവർഷക്കാലം അട്ടിമറിക്കപ്പെട്ടു. പൂട്ടിയ മദ്യശാലകൾ തുറക്കുകയും പുതിയ മദ്യശാലകളും ബാറുകളും ധാരാളം അനുവദിക്കുകയും ചെയ്തുകൊണ്ട് എങ്ങനെയാണ് ഒരു സർക്കാരിന് മദ്യവിമുക്ത കേരളം സൃഷ്ടിക്കാൻ കഴിയുന്നത്? സ്കൂളുകളിലും കോളേജുകളിലും ലഹരിയുപയോഗം വ്യാപകമാവുകയാണ്. ആശങ്കാജനകമായ ഇക്കാര്യങ്ങൾ തിരുത്തിയാൽ മാത്രമേ 'മദ്യവിമുക്ത കേരളം' എന്ന വാക്കിന്റെ അർത്ഥം പൂർണ്ണമായും പാലിക്കാനും അമ്മമാരുടെയും സഹോദരിമാരുടെയും കണ്ണുനീരിന് വില കല്പിക്കാനും കഴിയുകയുള്ളൂ. മനുഷ്യരുടെ നിരവധി വിഷയങ്ങൾ ആ രൂപത്തിൽ കാണാനായി സഭയ്ക്ക് കഴിഞ്ഞില്ലെന്നുള്ളത് വളരെ ഖേദത്തോടുകൂടി അറിയിക്കുകയാണ്. സാധാരണ മനുഷ്യന്റെ നന്മയ്ക്ക് മുഖം കൊടുക്കാത്ത സർക്കാരിന്റെ നയപ്രഖ്യാപനത്തോട് വിയോജിക്കേണ്ടി വരുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ചരിത്രവിജയം നേടിയ രണ്ടാം പിണറായി സർക്കാരിന്റെ ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെയും അതിന്മേൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെയും ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ കൊച്ചുകുട്ടികൾപോലും ആഗ്രഹിച്ചതാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള തുടർഭരണം. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എല്ലായിടത്തും കേട്ടൊരു ശബ്ദമുണ്ട്. കൊച്ചുമക്കൾ അടക്കം പറയുന്നത്, "ഉറപ്പാണ് വീണ്ടും എൽ.ഡി.എഫ്., ഉറപ്പാണ് സഖാവ് പിണറായി വിജയൻ". ആ കുഞ്ഞുമനസ്സുകളിലടക്കം നിറഞ്ഞതും നെഞ്ചോട് ചേർത്തുവച്ചതുമായ സത്ഭരണമായിരുന്നു കഴിഞ്ഞ അഞ്ചുവർഷം നടന്നതെന്ന് എല്ലാവരും അനുഭവിച്ചറിഞ്ഞതാണ്. പ്രോഗ്രസ് കാർഡെന്നും പ്രോഗ്രസ് റിപ്പോർട്ടെന്നുമൊക്കെ നമ്മൾ കേൾക്കാറുണ്ട്. ഏറ്റവും മികച്ച പ്രോഗ്രസ് റിപ്പോർട്ടാണ് നാം ആഗ്രഹിക്കാറും കൊതിക്കാറുമുള്ളത്. 600-ൽ 580 മാർക്ക് നേടിയ പ്രോഗ്രസ്സ് റിപ്പോർട്ടുമായാണ് ശ്രീ. പിണറായി വിജയൻ നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിട്ടത്. അതിന്റെ വിജയമാണ് തുടർഭരണം. അതാണ് കേരളത്തിൽ ചരിത്രവിജയമായി മാറിയത്. കേരളം സാക്ഷര കേരളമാണ്, പ്രബുദ്ധ കേരളമാണ്, മാനവീകതയെ മുറുകെപ്പിടിക്കുന്ന കേരളമാണ്. ഇവയെല്ലാം

നടപ്പിലാക്കാൻ ബഹുമാനപ്പെട്ട പിണറായി വിജയൻ സർക്കാരിന് സാധിച്ചതിന്റെ വിജയമാണ് കേരളമൊന്നാകെ നൽകിയ വിജയം. വിദ്യാലയങ്ങളെക്കുറിച്ചും ആതുരശുശ്രൂഷാ കേന്ദ്രങ്ങളെക്കുറിച്ചും ഇന്ന് നമുക്കറിയാം. ആരാധ്യനായ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വിജ്ഞാന സമ്പാദനത്തിനും വിവര സാങ്കേതികവിദ്യയ്ക്കും ഇരുപതുലക്ഷം തൊഴിലവവസരങ്ങൾക്കും സാഹചര്യമൊരുക്കി യുവതലമുറയെ പരിരക്ഷിച്ച് പരിപോഷിപ്പിക്കാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. സോപ്പ് കുമിളകൾ നിഷ്പ്രഭമാക്കുന്ന കൊറോണ വൈറസിന്റെ മുമ്പിൽ മാനവരാശി വിറങ്ങലിച്ചുനിൽക്കുമ്പോൾ കേരളം ഒരുക്കിയ പ്രതിരോധം ആഗോള പ്രശംസ നേടിയതാണ്. അതിന്റെ തുടർച്ച എങ്ങനെയൊക്കെയായിരിക്കണമെന്ന് നയപ്രഖ്യാപനത്തിൽ അക്കമിട്ട് നിരത്തിയിട്ടുണ്ട്. വിശപ്പുരഹിത കേരളം, സമ്പൂർണ്ണ പാർപ്പിടം തുടങ്ങിയ പദ്ധതികൾ വേണ്ടെന്നാണോ പ്രതിപക്ഷം ആഗ്രഹിക്കുന്നത്. നിങ്ങൾ വർത്തമാന കാലഘട്ടത്തിന്റെ ചുമരെഴുത്ത് തിരിച്ചറിയണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് അപേക്ഷിക്കാനുള്ളത്. ക്ഷേമപ്രവർത്തനങ്ങൾക്കാണ് കേരള ജനത കൊതിക്കുന്നത്. ഈ ചരിത്രം തിരിച്ചറിയാൻ പ്രതിപക്ഷം തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ക്രിയാത്മകമായി പ്രതിപക്ഷം ഉയരാൻ മഹാത്മജി പറഞ്ഞതുപോലെ, അവസാനത്തെ ദരിദ്ര നാരായണനെയും കാണാനുള്ള

മനസ്സായിരുന്നു ശ്രീ. പിണറായി വിജയന്റെ ഭരണത്തിന്റെ നേട്ടം. ഉണർവ്, പുനർഗേഹം, വിദ്യാവനം, ഗോത്ര വാൽസല്യ നിധി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കണം. കേരളം സമ്പൂർണ്ണ ശുചിത്വ പദ്ധതി നേടുന്നതിന് ഒറ്റക്കെട്ടായി മുന്നേറണം. അതോടൊപ്പം 14 ജില്ലകളിലും അതാത് ജില്ലയിലെ സാംസ്കാരിക പശ്ചാത്തലത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് സാംസ്കാരിക സമന്വയ കേന്ദ്രവും യാഥാർത്ഥ്യമാക്കണം. കാർഷിക മൃഗസംരക്ഷ മേഖലയിൽ അത്യുൽപ്പാദനശേഷി സൃഷ്ടിക്കുന്ന ഗവേഷണങ്ങൾ നടപ്പിലാക്കണം. എല്ലാവരുടെയും ഒത്തൊരുമയോടുകൂടിയുള്ള സഹായങ്ങൾ ഇതിന് ആവശ്യമാണ്. അതുകൊണ്ട് അന്ധമായ രാഷ്ട്രീയ വിരോധം അവസാനിപ്പിക്കാനായി അഭ്യർത്ഥിക്കുകയാണ്. നിങ്ങൾ എന്തുപറഞ്ഞാലും കഴിഞ്ഞ തെരഞ്ഞെടുപ്പിലെ പരാജയം നമുക്കറിയാം. സാധാരണ കേൾക്കുന്നൊരു പഴഞ്ചൊല്ലുണ്ട്, 'കണ്ടാൽ അറിയാത്തവൻ കൊണ്ടാൽ പഠിക്കുമെന്ന്'. നിങ്ങൾ പഠിക്കണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്. കഴിഞ്ഞ സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് പഠിക്കണം. ആ നേട്ടങ്ങളാണ് ഇന്ന് വീണ്ടും ചരിത്രവിജയം സമ്പാദിച്ചുകൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി 99 അംഗങ്ങളടക്കം ഈ നിയമസഭയിൽ ഇരിക്കുന്നത്. തുടർഭരണത്തിലും ആ സത്ഭരണം കാഴ്ചവയ്ക്കാൻ

നമുക്ക് സാധിക്കും. കണ്ടാൽ അറിയാത്തവൻ കൊണ്ടാൽ പഠിക്കണമെന്ന് പറഞ്ഞതുപോലെ പ്രതിപക്ഷം പഠിക്കണം. പ്രതിപക്ഷത്തുനിന്നും എല്ലാ സഹായങ്ങളും സർക്കാരിനുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് നന്ദിപ്രമേയത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് നിയോജക മണ്ഡലത്തിൽനിന്നും സഭയിലെത്തിയ പുതിയ അംഗമെന്ന നിലയിൽ പരിണിതപ്രജ്ഞരും ബഹുമാന്യരുമായിട്ടുള്ള എല്ലാ സഭാ അംഗങ്ങളെയും ഞാൻ ആദരപൂർവ്വം അഭിവാദ്യം ചെയ്യുന്നു. ബഹുമാന്യനായ ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ അവതരിപ്പിച്ച രണ്ടാം പിണറായി സർക്കാരിന്റെ നയപ്രഖ്യാപനത്തിന്മേൽ ബഹുമാന്യയായ മുൻ ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. രാഷ്ട്രീയ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായൊരു ദിനമായി മേയ് മാസം 2-ാം തീയതി മാറി. തകർക്കാൻ ശ്രമിച്ചവർക്കും ആക്ഷേപങ്ങൾ ചൊരിയാൻ ശ്രമിച്ചവർക്കും മുന്നിലൂടെ കേരളത്തിന്റെ മുഖ്യമന്ത്രി കസേരയിലേയ്ക്ക് ശ്രീ. പിണറായി വിജയൻ എന്ന ഇടതുപക്ഷ നേതാവ് അഭിമാനത്തോടെ അധികാരമേറ്റ നിമിഷം കേരളത്തിനുണ്ടായി. രാഷ്ട്രീയ കേരള

ചരിത്രത്തിലെ ശ്രദ്ധേയമായ വിജയം കേരളത്തിൽ മാത്രമുള്ളൊരു പ്രാധാന്യമല്ല. ഇന്ത്യയിലെ 'left elimination' എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകുന്ന സംഘപരിവാർ അജണ്ടകൾ, രാജ്യത്താകെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വർഗ്ഗീയമായ നീക്കങ്ങൾ, എങ്ങനെയാണ് ഇടതുപക്ഷത്തെ ഇല്ലാതാക്കുകയെന്ന ആർ.എസ്.എസ്.-സംഘപരിവാർ അജണ്ടയ്ക്കുള്ള ഏറ്റവും ശക്തമായ മറുപടിയാണ് ഈ തുടർഭരണമെന്നത്. ബഹുമാന്യനായ ഗവർണ്ണർ മുന്നോട്ടുവച്ചിട്ടുള്ള നയപ്രഖ്യാപന രേഖയിൽ, ആധുനിക കേരളത്തിന്റെ വളർച്ചയാണ് മുന്നോട്ടുവയ്ക്കുന്നത്. ഇതൊരു പുതിയ കാലമാണ്. സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന കാലത്ത് നാട്ടിലെ സാധാരണ മനുഷ്യൻ ആഗ്രഹിക്കുന്നത് ഇന്നത്തെ സാങ്കേതികവിദ്യയുടെ വളർച്ചയുടെ ഭാഗമായുണ്ടാകുന്ന എല്ലാ നേട്ടങ്ങളും എന്റെ നാട്ടിൽ ലഭ്യമാകണമെന്ന സാധാരണ ഒരു മനുഷ്യന്റെ വികാരവുമായി ചേർത്തുകൊണ്ടാണ് നാം വികസന കാര്യങ്ങളെ അഡ്രസ്സ് ചെയ്യേണ്ടത്. കഴിഞ്ഞ 5 വർഷക്കാലമായി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ശ്രദ്ധേയമായ പരിഷ്കാരങ്ങളെ കഴിഞ്ഞ ദിവസം ബഹുമാന്യരായ സഭാംഗങ്ങൾ ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. വെറും വാക്ക് ആയിരുന്നില്ലല്ലോ; വെറും പ്രഖ്യാപനങ്ങൾ ആയിരുന്നില്ലല്ലോ; അതിനുമുമ്പുള്ള

അഞ്ചുവർഷകാലത്തെ അനുഭവത്തിൽനിന്നും വ്യത്യസ്തമായി കേരളത്തെ ആധുനികവത്ക്കരിക്കാൻ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ശ്രദ്ധേയമായ പദ്ധതികൾ എത്രമാത്രം മാതൃകാപരമാണ്. കഠിനമായ പ്രശ്നങ്ങളും പ്രയാസങ്ങളും നമ്മൾ അഭിമുഖീകരിച്ചു. കേരളം പോലുള്ള ഒരു നാട് വിഭവങ്ങളിലും വരുമാനത്തിലും വലിയ ശേഷിയുള്ളയൊരു സംസ്ഥാനമല്ലെന്ന് നമുക്കറിയാം. എന്നാൽ, സംസ്ഥാനത്ത് തുടർച്ചയായിട്ടുണ്ടായ ദുരന്തങ്ങൾ, ഓഖി, നിപ, മഹാപ്രളയം, കാലവർഷക്കെടുതി തുടർന്നുവന്ന കോവിഡ്-19 എന്നിവ സാധാരണ നിലയിൽ ആലോചിച്ചാൽ മുന്നോട്ടുപോകാൻ കഴിയാത്തൊരു സാഹചര്യമാണുള്ളത്. വികസന പ്രവർത്തനങ്ങളെ ആ സാഹചര്യം  സാരമായി ബാധിക്കും. വികസന പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യാൻ സാധിക്കാത്ത വിഷയങ്ങളുണ്ടാകും. കിഫ്ബി പദ്ധതി, കേരളത്തിലെ അടിസ്ഥാന വികസന മേഖലയിലുണ്ടായ കുതിച്ചുചാട്ടം ആർക്കാണ് വിസ്മരിക്കാൻ കഴിയുക. 63000 കോടി രൂപയുടെ 903 പദ്ധതികൾ, അതിൽ ഏതാണ്ട് 23000 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു. 712 കോടി രൂപയുടെ 27 പദ്ധതികളും 506 കോടി രൂപയുടെ 69 പദ്ധതികളും കമ്മീഷൻ ചെയ്തു. നമ്മുടെ നാട്ടിലെ സാധാരണ ഒരു വികസന രീതിയനുസരിച്ച് ഒരു സ്കൂളിലേയ്ക്ക് അഞ്ചര കോടി രൂപ വരണമെങ്കിൽ എത്ര കാലമെടുക്കും? ഞാൻ പുതിയ ആളാണ്.

പരിണിതപ്രജ്ഞരായ എം.എൽ.എ.-മാരുണ്ട്. ഏറ്റവും ചുരുങ്ങിയത് 25 വർഷമെങ്കിലുമെടുക്കും. എന്താണ് കിഫ്ബിയെന്ന് ചോദിച്ചവരോട് നാട്ടുകാർ പറഞ്ഞു, ആ കാണുന്ന സ്കൂളാണ് കിഫ്ബി, ആ കാണുന്ന സർക്കാർ ആശുപത്രിയാണ് കിഫ്ബിയെന്ന്. സർക്കാർ ആശുപത്രി, സർക്കാർ സ്കൂൾ എന്നൊക്കെ പറയുമ്പോൾ നമ്മുടെ നാട്ടിലുണ്ടായിരുന്ന ചിന്ത എന്തായിരുന്നു; ആരെങ്കിലും മക്കളെ സർക്കാർ സ്കൂളിൽ കൊണ്ടുപോയി ചേർക്കുമോ; കഴിഞ്ഞ അഞ്ച് വർഷക്കാലം കഠിനമായ പ്രതിസന്ധിയിലും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയ വികസന കുതിച്ചുചാട്ടമാണ് കേരളത്തെ നോക്കി ലോകം കയ്യടിച്ചത്. അഞ്ചുവർഷക്കാലത്തിനുള്ളിൽ ഇത്രമേൽ ഭരണ മികവ് പ്രകടമാക്കിയ കേരളത്തിന് ജനങ്ങൾ നൽകിയ മാൻഡേറ്റാണ് തുടർഭരണം. കേരളത്തിലെ ജനങ്ങൾ നൽകിയ അംഗീകാരമാണ്. കാർഷിക മേഖലയുൾപ്പെടെ എല്ലാ മേഖലയിലും വലിയ മാറ്റമുണ്ട്. ഇന്ത്യയിൽ ഏറ്റവും വലിയ കർഷക പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുകയല്ലേ? ആ കർഷക പ്രക്ഷോഭത്തിന്റെ ഭാഗമായി ഇന്ത്യാഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം നമുക്കറിയാം. കഴിഞ്ഞ അഞ്ചുവർഷക്കാലം നാല് മിഷനിലൂടെ കേരളത്തിലെ കാർഷിക മേഖലയിലുണ്ടായ മുന്നേറ്റത്തിന്റെ കണക്ക് ശ്രീമതി പ്രതിഭ, എം.എൽ.എ. ഇന്നലെ സഭയിൽ

അവതരിപ്പിച്ചു. അത് ഞാൻ ആവർത്തിക്കുകയല്ല.

കൃഷിക്കാരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കുമെന്നാണ് ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. ശ്രദ്ധേയമായ ഒരു കമന്റ് " A farmer is better than a doctor" എന്നാണ്. ഇന്ത്യാ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിന് വിരുദ്ധമായി, ഏറ്റവും ശക്തമായ കാർഷിക സംസ്ഥാനമായി ഉയർത്തിപ്പിടിക്കാൻ, ഈ നാട്ടിലെ കൃഷിക്കാരന്റെ സഹായിയായി, അവർക്ക് ആത്മവിശ്വാസം നൽകാനുള്ള ഒരു പ്രഖ്യാപനമായി നമുക്കതിനെ കാണാൻ കഴിയില്ലേ? കേരളത്തിന്റെ അടിസ്ഥാന പശ്ചാത്തല വികസനങ്ങൾ മാത്രമല്ല ഒരുപാട് മുന്നേറ്റമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇന്ന് സ്കൂളിലൊക്കെ പഠിക്കുന്ന കുട്ടികൾ നമ്മളെയാരെയും പോലെയല്ല, അവരുടെ ശേഷി എത്രമാത്രം വലുതാണ്? ഇന്നത്തെ തലമുറ മുഖ്യധാരയിലേക്കു വരുമ്പോൾ കേരളത്തിന് വലിയ മാറ്റം ഉണ്ടാകേണ്ടേ; അതിവേഗ പാത ഈ നാടിന് ആവശ്യമല്ലേ; ഈ നാട് മുന്നോട്ട് പോകേണ്ടതല്ലേ? ഞാൻ ആദ്യമായിട്ടാണ് നിയമസഭയുടെ ലോഞ്ചിൽ ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ പോയത്. ആ ലോഞ്ചിന്റെ പേരിലാണ് പ്രതിപക്ഷം ആക്ഷേപമുന്നയിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്, കൺസ്ട്രക്റ്റീവ് എന്നു പറയുന്നത് ഞങ്ങൾ പറയുന്നത് നിങ്ങൾ

കേൾക്കുക എന്നുള്ളതല്ല, അതിനെയെല്ലാം അങ്ങനെതന്നെ അംഗീകരിക്കുക എന്നതുമല്ല. ഇന്നത്തെ കാലത്തിന്റെ വികസന നേട്ടങ്ങൾ ഈ നാട്ടിൽ ഉണ്ടാകേണ്ടേ; അങ്ങനെ മുന്നോട്ട് പോകേണ്ടേ; ഇതുപോലൊരു ലോഞ്ച് നിയമസഭയ്ക്ക് അനിവാര്യമല്ലേ; ആ ലോഞ്ചിന്റെ പേരിലല്ലേ ബഹുമാന്യനായ മുൻ സ്പീക്കറെ ഇവിടെ ആക്ഷേപിക്കാനിടയുണ്ടായത്; പഴയതു പോലെയാണോ നമ്മുടെ വീട്; പഴയതു പോലെയാണോ നമ്മുടെ നാട്; പഴയതുപോലെയാണോ എല്ലാ കാര്യങ്ങളും മുന്നോട്ട് പോകുന്നത്? ഇന്നത്തെ കാലത്തിന് യോജിച്ച നിലയിലുള്ള വികസന കാഴ്ചപ്പാട് അവതരിപ്പിക്കുക എന്നതിന്റെ ഭാഗമായിട്ടാണ് കഴിഞ്ഞ അഞ്ചു വർഷക്കാലം ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് ഏറ്റവും ശക്തമായ നിലപാടുമായി മുന്നോട്ടുപോയത്. ആധികാരിക രാഷ്ട്രീയ വിജയമാണ് ഇടതുപക്ഷം നേടിയത്. കേരളത്തിലെ യു. ഡി. എഫ്.-ന് തിരിച്ചുവരാൻ കഴിയുന്നതല്ല. ഞാൻ അവരെ ആക്ഷേപിക്കുകയോ കുറ്റപ്പെടുത്തുകയോ അല്ല. അവർക്ക് 6.8 ശതമാനം വോട്ടിന്റെ ഇടിവാണുണ്ടായത്. കേരളത്തിലെ മതനിരപേക്ഷ ജനാധിപത്യ ശക്തികൾക്ക് ഇത്രയേറെ ആത്മവിശ്വാസം നൽകുന്ന ഒരു തെരഞ്ഞെടുപ്പുണ്ടായിട്ടുണ്ടോ? ബി. ജെ. പി. ഗവൺമെന്റിന്റെ ഹിന്ദുത്വ അജണ്ടയെ പ്രതിരോധിക്കാൻ തയ്യാറായ, സി.എ.എ. കൊണ്ടു വന്നപ്പോൾ, സങ്കോചിച്ച

നിൽക്കാതെ, ആശങ്കപ്പെടാതെ, ആരെങ്കിലും പറയുമോയെന്നു നോക്കി നിൽക്കാതെ എന്റെ നാട്ടിലിതു നടക്കില്ല എന്നുപറഞ്ഞ ഇന്ത്യയിലെ ആദ്യത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനല്ലേ; അതിനു ശേഷമല്ലേ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ പോലും ആ നിലപാട് സ്വീകരിച്ചത്? ഞങ്ങൾ ആ ആനുകൂല്യത്തിന്റെ പേരിലാണ് ജയിച്ചതെന്ന് നിങ്ങൾ അതിനെ മോശമാക്കി പറയുകയാണ്. അത് ഞങ്ങളുടെ രാഷ്ട്രീയ നിലപാടാണ്, ആനുകൂല്യമല്ല. മതനിരപേക്ഷതയ്ക്കു വേണ്ടി ഏറ്റവും ശക്തമായ നിലപാട് സ്വീകരിക്കുന്ന ഒരു രാഷ്ട്രീയമാണ് ഞങ്ങളുടേത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്നത് പ്രബല രാഷ്ട്രീയ കക്ഷിയായി കേരളത്തിൽ മാറി. 1959-ൽ ആരംഭിച്ച വിമോചന സമരത്തിന്റെ ഹാങ്ഓവറിൽ കുശാഗ്രബുദ്ധിയിലൂടെ, കുടില തന്ത്രത്തിലൂടെ ഇടതുപക്ഷത്തെ പരാജയപ്പെടുത്താൻ ശ്രമിച്ചാൽ അത് ഈ കേരളത്തിൽ നടക്കാൻ പോകുന്നതല്ല എന്നു പറയുന്ന അഭിമാനകരമായ വിധിയാണ് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് സമ്മാനിച്ചത്. ഇന്നത്തെ കാലത്തിന് യോജിച്ച നിലയിൽ നമ്മുടെ നാട് അടിമുടി മാറണം. അതിന് സഹായകരമായ തരത്തിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ നമുക്ക് കഴിയണം. ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റായി പ്രവർത്തിക്കാൻ

കഴിഞ്ഞ അനുഭവത്തിന്റെകൂടി അടിസ്ഥാനത്തിൽ ഞാൻ പറയുന്നു, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇത്രമേൽ മുഖവിലയ്ക്കെടുത്ത, അവർക്ക് ആത്മവിശ്വാസം നൽകി അവരെ മുന്നോട്ടു നയിക്കാൻ പ്രാപ്തമാക്കിയ ഒരു ഭരണ കാലയളവ് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ ഭാഗമായി നിൽക്കുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഫണ്ട് നൽകുന്നുണ്ട്. അത് കൃത്യമായി നിജപ്പെടുത്താൻ, ഓരോ സാമ്പത്തികവർഷവും പദ്ധതിച്ചെലവ് കൃത്യമായി നിർവ്വഹിക്കാൻ ഗവൺമെന്റ് നടത്തിയ ഇടപെടൽ വിസ്മരിക്കാൻ കഴിയുന്നതല്ല. ആധുനിക കേരളത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും ശക്തമായ ദിശാബോധം നൽകുന്ന ഒരു നയപ്രഖ്യാപനമാണ് ബഹുമാന്യനായ ഗവർണർ ഇവിടെ അവതരിപ്പിച്ചത്. ആ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ആദരപൂർവ്വം പിന്തുണച്ചുകൊണ്ട്, രണ്ടാം പിണറായി സർക്കാർ മുന്നോട്ടുവയ്ക്കുന്ന ശക്തമായ വികസന കാഴ്ചപ്പാടിന് പിന്തുണ നൽകിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട് ബഹുമാനപ്പെട്ട കെ.കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ

ചരിത്രത്തിൽ കഴിഞ്ഞ അഞ്ചു വർഷം നേരിട്ടതു പോലെയുള്ള പ്രതിസന്ധികളും പ്രകൃതി ദുരന്തങ്ങളും മഹാമാരികളും മുമ്പെങ്ങും ഉണ്ടായിട്ടില്ല. ഈ കാലഘട്ടത്തിലെല്ലാം ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്നുനൽകി കരുതലോടെ കാത്തു സംരക്ഷിച്ച് അധികാരത്തിലെത്തിയ ബഹുമാന്യനായ മുഖ്യമന്ത്രിയെ ആദ്യംതന്നെ ഞാൻ അഭിവാദ്യങ്ങൾ അറിയിക്കുകയാണ്. ലോകമെമ്പാടുമുള്ള മലയാളികൾ അത്യന്തം ആവേശത്തോടെയും പ്രതീക്ഷയോടെയുമാണ് ഇടതുപക്ഷ ഗവൺമെന്റിന്റെ തുടർച്ചയെ നോക്കിക്കാണുന്നത്. ഇതൊരു ചരിത്ര നേട്ടമാണ്. കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന പല ആചാരങ്ങളും ലംഘിച്ചുകൊണ്ടാണ് കേരളത്തിൽ നവോത്ഥാന മുന്നേറ്റമുണ്ടായത്. അഞ്ചുവർഷം കൂടുമ്പോൾ ഭരണമാറ്റമെന്നുള്ള ആചാരമാണ് ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ നവോത്ഥാന, മുന്നേറ്റ ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു മാറ്റം തന്നെയാണിത്. സ്ഥാനാർത്ഥി നിർണയത്തിലും മന്ത്രിസഭാ രൂപീകരണത്തിലുമെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ച സമീപനം കേരളത്തിലെ ഭാവി ചരിത്ര രചനയിൽ ആശാവഹമായ പ്രതീക്ഷ നൽകുന്ന ഈടുവയ്പുകളാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇതുവരെ സംഭവിക്കാത്ത രീതിയിലുള്ള നേട്ടങ്ങളും വൻ വികസന, ക്ഷേമപ്രവർത്തനങ്ങളുമാണ് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ നേതൃത്വത്തിൽ

കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. പല വൻകിട പദ്ധതികളും പാതിവഴിയിൽ എത്തി നിൽക്കുകയാണ്. അവയുടെ പൂർത്തീകരണത്തിലേയ്ക്കുള്ളതാണ് ജനങ്ങൾ നൽകിയ ഈ വലിയ പിന്തുണയെന്ന് നമുക്ക് ഉറപ്പുണ്ട്. എനിക്കു മുമ്പ് ഇവിടെ സംസാരിച്ച സുഹൃത്ത് സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പൊതുവിദ്യാഭ്യാസ രംഗം കുത്തഴിഞ്ഞ ഒരു പുസ്തകം പോലെയായിരുന്നു. പുസ്തക/യൂണിഫോം വിതരണത്തിലെ താളപ്പിഴകൾ മാത്രമല്ല, പരീക്ഷ നടത്തിപ്പിലെ ഉത്തരവാദിത്വമില്ലായ്മയും സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥയുമെല്ലാം പൊതുവിദ്യാലയങ്ങളിൽനിന്നും വിദ്യാർത്ഥികളെ സ്വകാര്യ വിദ്യാലയങ്ങളിലേയ്ക്ക് കൊണ്ടുപോയ ഒരു സാഹചര്യമാണ് അന്നുണ്ടായിരുന്നത്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഇവിടെ യു.ഡി.എഫ്.-ന്റെ പ്രതിനിധികൾ ആക്ഷേപിക്കുന്ന കിഫ്ബിയിലൂടെ വലിയ മാറ്റങ്ങൾ നമ്മുടെ പൊതുവിദ്യാലയങ്ങൾക്കുണ്ടാകുകയും കൃത്യമായ ഇടപെടലുകൾ ആ വിദ്യാഭ്യാസ നയത്തിലൂൾപ്പെടെ എടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആറ് ലക്ഷം വിദ്യാർത്ഥികളാണ് പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നത്. ഇന്ന് പൊതുവിദ്യാലയങ്ങളിൽ  പ്രവേശനോത്സവം നടക്കുന്ന ഈ സന്ദർഭത്തിൽ മികച്ച ഭൗതിക അന്തരീക്ഷത്തിലിരുന്ന് വിദ്യാഭ്യാസം ചെയ്യുന്നതിന് നമ്മുടെ കുട്ടികൾക്ക്

സാധ്യമാക്കിയത് കേരളത്തിന്റെ വലിയൊരു ലക്ഷ്യബോധത്തിന്റെ ഉദാഹരണമാണെന്ന് നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കും. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് പ്രാഥമിക ആശുപത്രികളും മെഡിക്കൽ കോളേജുകളും ഉൾപ്പെടെയുള്ള ആരോഗ്യ മേഖലയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ വീണ്ടും ഓർമ്മപ്പെടുത്തേണ്ടതുണ്ട്. കേരളം വളരെയേറെ ഭീതിയോടെ നിന്ന അഞ്ചു വർഷക്കാലമാണ് കടന്നുപോയത്. നിപ്പയും കൊറോണയും പോലുള്ള മഹാമാരികളെയെല്ലാം നമുക്ക് നല്ല രീതിയിൽ തരണം ചെയ്യാനുള്ള സാഹചര്യമുണ്ടായത് നാം ആരോഗ്യമേഖലയിൽ എടുത്ത നിലപാടുകളുടെ ഫലമായാണെന്നുള്ളത് അർത്ഥശങ്കയ്ക്കിടയില്ലാതെ പറയാൻ സാധിക്കും. പ്രാഥമിക ആശുപത്രികളെയും മെഡിക്കൽ കോളേജുകളെയും ശക്തിപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം താലൂക്ക് ആസ്ഥാന കേന്ദ്രങ്ങളിലെ ആശുപത്രികൾക്കും വലിയ സഹായങ്ങളാണ് നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്റെ മണ്ഡലത്തിലുൾപ്പെടെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കും താലൂക്കാശുപത്രിക്കും ഡയാലിസിസ് സെന്ററിനുമെല്ലാം കോടിക്കണക്കിന് രൂപ

അനുവദിച്ചു. ഇന്നതെല്ലാം പ്രായോഗികമായിരിക്കുന്ന ഈ സന്ദർഭത്തിൽ തുടർന്നു വരുന്ന സർക്കാരിനോട് എനിക്കൊരഭ്യർത്ഥന കൂടിയുണ്ട്. ഇപ്പോൾ വൈക്കത്തുനിന്നും ഏകദേശം 45 കിലോമീറ്റർ സഞ്ചരിക്കുമ്പോൾ മാത്രമാണ് ഹൃദ്രോഗ ചികിത്സാലയമായ കോട്ടയം മെഡിക്കൽ കോളേജുള്ളത്. പലപ്പോഴും രോഗികളെ അവിടെ എത്തിക്കുമ്പോഴേയ്ക്കും മരണം സംഭവിക്കുന്ന സാഹചര്യമുണ്ടാകുന്നു. ഹൃദ്രോഗ മരണങ്ങൾ കൂടി വരുന്ന ഈ സാഹചര്യത്തിൽ ദൂരപരിധി മാനദണ്ഡമാക്കിയെടുത്തുകൊണ്ട് താലൂക്കാസ്ഥാന കേന്ദ്രങ്ങളിൽ ഹൃദ്രോഗ ചികിത്സാലയങ്ങൾ തുടങ്ങുന്നതിനുള്ള ഒരു സമീപനം കൂടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

കേരളത്തിന്റെ കാർഷികമേഖലയിൽ കഴിഞ്ഞ അഞ്ചു വർഷം കൊണ്ടുണ്ടായിട്ടുള്ള മാറ്റങ്ങൾ സമാനതകളില്ലാത്തതാണെന്ന് എനിക്ക് മുമ്പ് സംസാരിച്ചവർ പ്രതിപാദിച്ചുകഴിഞ്ഞു. കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിച്ചുവെന്നു മാത്രമല്ല ഭക്ഷ്യസ്വയംപര്യാപ്തതയുടെ കാര്യത്തിൽ നമുക്ക് മുന്നോട്ടു വരുന്നതിന് സാധ്യമായി എന്നുള്ളതുതന്നെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കൃഷിക്കാരനെ കൃഷിയുടെ ബ്രാൻഡ് അംബാസഡറായി കണ്ട ഒരു ഗവൺമെന്റാണ് ഈ കഴിഞ്ഞ അഞ്ചു വർഷം ഭരിച്ചത്. കാർഷിക മേഖലയിൽ വൻ വിപ്ലവത്തിന്,

വികസനക്കുതിപ്പിന് തുടർന്നു വരുന്ന ഗവൺമെന്റിനും സാധ്യമാകും എന്നുതന്നെ പ്രതീക്ഷിക്കുകയാണ്.

കേരളത്തെ പൂർണ്ണ ഭക്ഷ്യസ്വയംപര്യാപ്ത സംസ്ഥാനമായി മാറ്റുവാൻ തീർച്ചയായും ഈ നയപ്രഖ്യാപനത്തിലൂടെ ഗവൺമെന്റിന് സാധ്യമാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാലത്ത് വളരെ കുറച്ചാളുകൾ മാത്രമാണ് പൊതുവിതരണ കേന്ദ്രങ്ങളെ ആശ്രയിച്ചിരുന്നത്. എന്നാൽ സമൂഹത്തിലെ മുഴുവൻ വിഭാഗങ്ങളും പൊതുവിതരണ കേന്ദ്രങ്ങളെ സമീപിക്കുന്ന തരത്തിൽ മികച്ച സംവിധാനമാക്കി മാറ്റുന്നതിന് കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. ആ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ നമുക്ക് നേരിട്ട് ബോധ്യമുള്ള കാര്യങ്ങളാണ്. അതുപോലെതന്നെയാണ് അടിസ്ഥാന സൗകര്യമേഖല. പുതിയ നിരവധി പാലങ്ങളും റോഡുകളും കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് കേരളത്തിൽ പണിതുയർത്തിയിട്ടുണ്ട്. എന്നാൽ നിരവധി പദ്ധതികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. സാങ്കേതികതയുടെ പേരിൽ നീണ്ടുപോയവയും മുടങ്ങിക്കിടക്കുന്നവയുമുണ്ടതിൽ. എന്നാൽ പുതിയ ഗവൺമെന്റ് അധികാരമേറ്റശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യപിച്ച മാറ്റങ്ങൾ പ്രതീക്ഷ നൽകുന്നതാണ്. ഓരോ ജീവനക്കാരന്റെയും അടുത്തെത്തുന്ന ഫയലുകളിൽ തീർപ്പുണ്ടാക്കുന്നതിന്

സമയക്ലിപ്തത നിശ്ചയിച്ചതും തട്ടുകളുടെ എണ്ണം കുറച്ച് കൂടുതൽ വേഗത്തിൽ തീരുമാനങ്ങൾ എടുക്കുവാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചതും വലിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പുതിയ വകുപ്പും ഉദ്യോഗസ്ഥരെയും നിയമിച്ചതും ഈ ഗവൺമെന്റിന്റെ ഉജ്ജ്വലങ്ങളായ തീരുമാനങ്ങളായാണ് ഞാൻ കാണുന്നത്. സർക്കാരിനുള്ള അഭിനന്ദനങ്ങൾ ഈ അവസരത്തിൽ അറിയിക്കുകയാണ്. യു.ഡി.എഫ്. നേതാക്കൾ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുശേഷം പത്രസമ്മേളനത്തിലൂടെ പറഞ്ഞത്, നയപ്രഖ്യാപനത്തിലൊരു പുതുമയുമില്ല, കഴിഞ്ഞ അഞ്ചുവർഷം കേട്ടതുതന്നെയാണ് വീണ്ടും കേട്ടത് എന്നൊക്കെയാണ്. ഇന്നലെ ഇവിടെ ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോഴും, ഇന്ന് ശ്രീ. നജീബ് കാന്തപുരം സംസാരിച്ചപ്പോഴും ചില കാര്യങ്ങൾകൂടി നയപ്രഖ്യപനത്തെ സംബന്ധിച്ച് പറഞ്ഞു. ശ്രീ. നജീബ് കാന്തപുരം പറഞ്ഞത് 'പതിരിനിടയിൽ പേറിയെടുക്കാൻ ഒരു ധാന്യമണി പോലുമില്ലെ'ന്നാണ്. ശ്രീ. പി. ടി. തോമസ് പറഞ്ഞത് 'പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ' എന്നാണ്. ശരിയാണ്, പുതുമയ്ക്കുവേണ്ടിയുള്ള ഒരു പുതുമയായിരുന്നില്ല ഈ നയപ്രഖ്യാപനം. പകരം ജനങ്ങളുടെ ആഗ്രഹങ്ങളാണ്, ജനങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസമാണ് ഈ നയപ്രഖ്യാപനത്തിലൂടെ പുറത്തുവന്നത്. അതുസംരക്ഷിക്കുക

എന്നുതന്നെയാണ് ഞങ്ങളുടെ നയവും. കഴിഞ്ഞ അഞ്ചുവർഷക്കാലം സർക്കാർ നടപ്പിലാക്കിയ ക്ഷേമ, വികസന പ്രവർത്തനങ്ങൾ തുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിച്ചത്. ഏതു പ്രതിസന്ധിയിലും സർക്കാർ ഒപ്പമുണ്ടാകുമെന്ന വിശ്വാസമുള്ളതിനാൽ അവർ ഞങ്ങൾക്ക് വോട്ടുനൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തെപ്പറ്റി വളരെ മേശമായ രീതിയിൽ ഇവിടെ പ്രതിപാദിക്കുന്നതുകണ്ടു. ആറുമണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിലൂടെ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വരുമ്പോൾ അവർക്കുണ്ടായ അത്മവിശ്വാസവും ആത്മവീര്യവും ചെറുതല്ല. എന്നാൽ, കഴിഞ്ഞ ഏഴുവർഷക്കാലമായി ഒരു തവണ പോലും ഒരു പത്രപ്രവർത്തകന്റെ പോലും മുമ്പിൽ വന്നിരിക്കാത്ത പ്രധാനമന്ത്രിയെപ്പറ്റി നിങ്ങളാരും പറഞ്ഞില്ല. ഒരു പത്രസമ്മേളനം പോലും അദ്ദേഹം നടത്തിയിട്ടില്ലല്ലോ? ഇത്രയും വലിയ മഹാമാരി ഇന്ത്യയെ കാർന്നുതിന്നുമ്പോഴും ഒരു പത്രസമ്മേളനം വിളിച്ച് ജനങ്ങൾക്ക് പറയാനുള്ളത് പത്രക്കാരിലൂടെയെങ്കിലും കേൾക്കുവാൻ തയ്യാറാകാത്ത ഒരു പ്രധാനമന്ത്രിയെപ്പറ്റി ഒന്നും പറയാതെ ആറുമണിക്ക് കൃത്യമായി വന്ന് പത്രസമ്മേളനം നടത്തി ജനങ്ങൾക്ക് ആത്മവീര്യം പകരുന്ന ബഹുമാന്യനായ മുഖ്യമന്ത്രിയെ അധിക്ഷേപിക്കുന്നതിന് നിങ്ങൾ സമയം വൃഥാ ചെലവാക്കിയെന്നാണ് എനിക്ക്

അക്കാര്യത്തിൽ പറയാനുള്ളത്. അങ്ങനെ ആത്മവീര്യം പകർന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല ജനങ്ങൾ ഇടതുപക്ഷത്തിന് അനുകൂലമായി നിന്നത്. കേന്ദ്രസർക്കാർ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിയ നോട്ടുനിരോധനം, കാശ്മീരിലെ ജനാധിപത്യ ധ്വംസനങ്ങൾ, പൗരത്വ ഭേദഗതി ബിൽ, കർഷക ദ്രോഹനിയമങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമനിരോധന നിയമത്തിൽ വരുത്തിയ ഭേദഗതികൾ തുടങ്ങിയ അത്യന്തം ജനാധിപത്യവിരുദ്ധവും ജനവിരുദ്ധവുമായ നടപടികൾക്കെതിരെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ഗവൺമെന്റെടുത്ത നിലപാടുകളുടെകൂടി ഫലമായാണ് ജനങ്ങൾ ഞങ്ങളോടൊപ്പം നിന്നത്. അതുകൊണ്ടാണ് ഇന്ന് ഞങ്ങൾ വിജയിച്ച് ഇവിടെയും നിങ്ങൾ പരാജയപ്പെട്ട് അപ്പുറത്തും ഇരിക്കുവാനുള്ള സാഹചര്യം ഉണ്ടായത്. ആ ബോധ്യമുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങളുടെ തുടർച്ച ഞങ്ങൾ ഉറപ്പുവരുത്തുമെന്ന് നയപ്രഖ്യാപനത്തിലൂടെ പറഞ്ഞത്.

പ്രതിപക്ഷനേതാവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. ഡി. സതീശനെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം മറ്റൊന്നുമല്ല, യു.ഡി.എഫ്. മുന്നണി വർഗ്ഗീയ ശക്തികൾക്ക് മുന്നിൽ മുട്ടുമടക്കില്ല എന്നൊരു പ്രസ്താവന അധികാരം ഏറ്റെടുത്തതിനുശേഷം ആദ്യംതന്നെ അദ്ദേഹം നടത്തുകയുണ്ടായി.

അതാണ് അദ്ദേഹത്തെ അഭിനന്ദിക്കാൻ എന്നെ പ്രേരിപ്പിച്ച കാര്യം. പക്ഷെ, ചരിത്രം പരിശോധിക്കുമ്പോൾ സ്വഭാവികമായും ചില സന്ദേഹങ്ങൾ എനിക്കുണ്ട്. യു.ഡി.എഫ്. മുന്നണിക്ക് നേതൃത്വം കൊടുത്തുകൊണ്ട് വർഗ്ഗീയതയ്ക്കെതിരെ പോരാടാൻ അദ്ദേഹത്തിന് എങ്ങനെ സാധിക്കുമെന്ന് രാഷ്ട്രീയ വിദ്യാഭ്യാസം നേടിയ എല്ലാവർക്കും സംശയമുണ്ടാകും. കാരണം, വിമോചന സമരകാലത്ത് ജാതിമത ചേരുവകൾ ആവശ്യാനുസരണം കൂട്ടിച്ചേർത്ത് യു.ഡി.എഫ്. മുന്നണിയുണ്ടാക്കിയ അന്നുമുതൽ ഇന്നുവരെ ജാതിമത ശക്തികൾക്കും വർഗ്ഗീയ ശക്തികൾക്കും അവർ അടിമപ്പെട്ട ചരിത്രമാണ് കേരളം കണ്ടിട്ടുള്ളത്. ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും കടുത്ത വർഗ്ഗീയ ശക്തികളോട് കൈകോർത്തുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെ അവർ മത്സരിച്ചത്. എന്നാൽ ജനഹിതം വർഗ്ഗീയതയ്ക്കെതിരാണെന്ന് മനസ്സിലാക്കിയതുകൊണ്ടാകണം ഒരുപക്ഷെ സ്ഥാനാരോഹണത്തിനുശേഷം ഇത്തരത്തിലൊരു പ്രസ്താവന നടത്താൻ അദ്ദേഹം തയ്യാറായത്. 35 സീറ്റ് ലഭിച്ചാൽ അധികാരത്തിലെത്തുമെന്ന് പ്രസ്താവന നടത്തിയ ബി.ജെ.പി. നേതൃത്വം ഒപ്പമുള്ളപ്പോൾ, കുഴൽപ്പണം കൊണ്ട് വോട്ട് നേടാനുള്ള വിഫലശ്രമം നടത്തിയത് നമ്മുടെ ശ്രദ്ധയിൽ വന്ന സന്ദർഭത്തിൽ, ബഹുമാന്യനായ പ്രതിപക്ഷ നേതാവേ അങ്ങ് സൂക്ഷിക്കണം. കാരണം, അങ്ങയുടെ നേതാവ് തന്നെ

പറഞ്ഞതുപോലെ, പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്-മായുള്ളവർ നിങ്ങളോടൊപ്പമുള്ളതുകൊണ്ട്, തുടർന്നുവരുന്ന അഞ്ചുവർഷക്കാലവും അതിനുശേഷവും അങ്ങയ്ക്ക് പ്രതിപക്ഷ നേതാവായിരിക്കുന്നതിന്, അങ്ങ് സൂക്ഷിച്ചാൽ ദു:ഖിക്കേണ്ടിവരില്ലെന്ന് ഒരു ഓർമ്മപ്പെടുത്തൽ കൂടി നല്കിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഒ.ആർ. കേളു: സർ, ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയിട്ടുള്ള നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തെ എങ്ങനെയാണ് മുന്നോട്ട് നയിച്ചിട്ടുള്ളതെന്ന് കൃത്യമായി മനസ്സിലാക്കിക്കൊണ്ടും വിലയിരുത്തിക്കൊണ്ടുമുള്ള ഒരു നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് എങ്ങനെയാണ് ജനക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത്; എങ്ങനെയാണ് ആപത്തുകാലത്ത് സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഉത്തമ ബോധ്യമുള്ളതുകൊണ്ടാണ് വളരെ അനുഭാവപൂർവ്വമായിട്ടുള്ള ഒരു നയപ്രഖ്യാപനം ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്.

ഒരു ഇടതുപക്ഷ ഗവൺമെന്റാണ് ഇവിടെ വീണ്ടും അധികാരത്തിൽ വന്നിട്ടുള്ളത്. ഇപ്പോഴും പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നത് പഴയ പല്ലവി തന്നെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോഴും അത്തരം കാര്യങ്ങൾ ചർച്ചയ്ക്കെടുത്തപ്പോഴുമൊക്കെ നഖശിഖാന്തം എതിർത്തിട്ടുള്ള പ്രതിപക്ഷം അതേ രീതിയിൽത്തന്നെയുള്ള വിമർശനമാണ് ഇവിടെ വീണ്ടും ഉയർത്തിക്കൊണ്ടിരിക്കുന്നത്. ഇതിലൂടെ കേരള സമൂഹത്തിന് എന്ത് സന്ദേശമാണ് പ്രതിപക്ഷം നൽകുന്നത്? നമുക്കൊരിക്കലും ഇതംഗീകരിക്കാൻ കഴിയില്ല. കോവിഡ് മഹാമാരിവന്നപ്പോഴും പ്രളയം വന്നപ്പോഴും ഒട്ടനവധി ദുരന്തങ്ങൾ വന്നപ്പോഴുമൊക്കെ ഈ ഗവൺമെന്റിനോടൊപ്പം ചേർന്നുനിന്ന് സപ്പോർട്ട് ചെയ്യേണ്ട പ്രതിപക്ഷം അത്തരം കാര്യങ്ങളെ അവതാളത്തിലാക്കാനും ജനക്ഷേമപ്രവർത്തനങ്ങൾ ഇല്ലാതാക്കാനുമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം ശ്രമിച്ചുകൊണ്ടിരുന്നത്. ഇങ്ങനെയുള്ള ഓരോ കാര്യങ്ങളും ഇവിടെ സൂചിപ്പിക്കാൻ കഴിയും. പ്രളയം വന്നപ്പോൾ അത് മനുഷ്യനിർമ്മിതിയാണെന്ന് കൊട്ടിഘോഷിച്ച് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയാണ് സ്വീകരിച്ചത്. അതേസമയം ലൈഫ് ഭവനപദ്ധതി നടപ്പാക്കിയപ്പോൾ ഇവിടെ ഒരു കാരണവശാലും അത് നടപ്പാക്കാൻ പാടില്ലെന്ന് പറഞ്ഞ്

അതിനെതിരായി നിന്നവരാണ് ഇവിടത്തെ പ്രതിപക്ഷാംഗങ്ങൾ. ഇവിടെ കിഫ്ബി പദ്ധതിയെ സംബന്ധിച്ച് സൂചിപ്പിച്ചു, ആധുനിക കാലഘട്ടത്തിൽ ലോകത്തിനനുസരിച്ച് കാലാനുസൃതമായി കേരളത്തെയും നമുക്ക് മുന്നോട്ട് നയിക്കേണ്ടേ? അതിനുവേണ്ടിയാണ് ഒരു ബദൽ സാമ്പത്തിക നയമമുണ്ടാക്കി കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിച്ചത്. പക്ഷെ ആ പദ്ധതിയും നടപ്പാക്കാതിരിക്കാൻ വേണ്ടി എല്ലാവിധ ശ്രമവും പ്രതിപക്ഷം നടത്തി. നിങ്ങൾ അധികാരത്തിൽ വന്നാൽ കിഫ്ബിയും ലൈഫ് ഭവന പദ്ധതിയും എടുത്തുകളയും എന്ന് പറയുന്നതാണല്ലോ നമ്മളെല്ലാവരും കണ്ടതും കേട്ടതും അനുഭവിച്ചതും. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ, ഇലക്ഷൻ അടുത്ത സമയത്ത്, സാധാരണക്കാർക്ക് റേഷൻ കൊടുത്തപ്പോൾ, ഭക്ഷ്യധാന്യ കിറ്റ് കൊടുത്തപ്പോൾ, സ്കൂൾ കുട്ടികൾക്ക് ഭക്ഷ്യധാന്യ കിറ്റ് കൊടുത്തപ്പോൾ അതുപോലും കൊടുക്കാൻ പാടില്ലെന്ന ശക്തമായ നിലപാട് സ്വീകരിച്ച ഒരു പ്രതിപക്ഷത്തെയാണ് കേരളം നോക്കിക്കണ്ടത്. ഇത് എന്ത് സന്ദേശമാണ് നമ്മുടെ സമൂഹത്തിനും രാജ്യത്തിനും കൊടുത്തുകൊണ്ടിരിക്കുന്നത്? ഈ രീതിയിൽ കേരളത്തിലെ ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളെയും കണ്ണടച്ച് ഇരുട്ടാക്കുകയും ഇതൊന്നും ഇവിടെ

നടക്കാൻ പാടില്ലെന്ന് പറയുകയും ചെയ്യുന്ന ഒരു കാഴ്ചപ്പാട് പ്രതിപക്ഷാംഗങ്ങൾ മുന്നോട്ടു കൊണ്ടുവരികയാണ്. ഇവിടെ ഈ സഭ നടക്കുന്ന അവസരത്തിലും ഞാൻ നേരത്തെ സൂചിപ്പിച്ച ആ പഴയ പല്ലവി തന്നെയാണ് പ്രതിപക്ഷം ആവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇത് ഒരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല.

ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന എല്ലാ കാര്യങ്ങളെയും വിമർശിക്കുക എന്നുള്ളതാണ് രാഷ്ട്രീയപരമായ കാര്യങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. ഇപ്പോൾ പ്രതിപക്ഷം പറഞ്ഞിട്ടുള്ളത്, അവർ ക്രിയാത്മകമായൊരു പ്രതിപക്ഷമായി പ്രവർത്തിക്കുമെന്നാണ്. അത് വാക്കിൽ മാത്രം മതിയോ; പ്രവർത്തിയിൽ വേണ്ടേ? നമുക്ക് പ്രാക്ടിക്കലാകണം. കേരളത്തിന്റെ പുരോഗതിക്കും വികസനത്തിനും വേണ്ടിയുള്ള നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കേണ്ടത്. അല്ലാതെ ക്രിയാത്മകമായി പ്രവർത്തിക്കുമെന്ന് പറയുകയും എന്നാൽ ഇപ്രകാരം കാര്യങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്ന നടപടി അംഗീകരിക്കാൻ സാധിക്കില്ല. ഇങ്ങനെയുള്ള നയസമീപനങ്ങൾ വച്ചുപുലർത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് യു.ഡി.എഫ്. കേരളത്തിൽ ഒറ്റപ്പെട്ടുപോയത്. കേരളത്തിലെ രാഷ്ട്രീയ സാഹചര്യങ്ങൾ പരിശോധിച്ചാൽ ഇനിയൊരു കാലത്തും യു.ഡി.എഫ്.-ന്

അധികാരത്തിൽ തിരിച്ചുവരാൻ സാധിക്കില്ലെന്ന് മനസ്സിലാകും. വർഗ്ഗീയ ശക്തികളുമായി കൂട്ടുപിടിച്ചുകൊണ്ടുള്ള സമീപനമാണ് അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

വയനാട്ടിൽ നിന്നുള്ള എം.എൽ.എ. എന്ന നിലയിൽ സൂചിപ്പിക്കട്ടെ, വയനാട്ടിലും വർഗ്ഗീയ ശക്തികളുമായി പങ്കുചേർന്നുകൊണ്ട് വോട്ടുകച്ചവടം നടത്തിയിട്ടുണ്ട്. അതുപോലെതന്നെ വയനാട്ടിൽ നടന്ന മറ്റൊരു സംഭവമുണ്ട്. ലീഗിന്റെ രാഷ്ട്രീയ പ്രതിനിധികളൊക്കെത്തന്നെ ഈ സഭയിലുണ്ട്. അവിടെ യു.ഡി.എഫ്. എടുത്ത രാഷ്ട്രീയ നിലപാട് കേരളക്കരയാകെ കണ്ടതാണ്. പ്രധാനമന്ത്രിയാകുമെന്ന് വ്യാമോഹിച്ച് നടന്ന ശ്രീ. രാഹുൽ ഗാന്ധി മാനന്തവാടിയിൽ വന്നപ്പോൾ യു.ഡി.എഫ്.-ന്റെ പ്രവർത്തകരായ ലീഗുകാരും അങ്ങോട്ട് കടന്നുവന്നു. പക്ഷെ, ശ്രീ. രാഹുൽ ഗാന്ധി ലീഗിന്റെ കൊടി ഇവിടെ വേണ്ടായെന്ന് പറഞ്ഞതും ലീഗിന്റെ പ്രവർത്തകർ ആ കൊടി മടക്കിക്കെട്ടി തിരിച്ച് വീട്ടിലേയ്ക്ക് പോയതും കേരളസമൂഹം കണ്ടതാണ്. ഈ രീതിയിലുള്ള കാര്യങ്ങളാണ് കേരളത്തിൽ കാണാൻ സാധിച്ചത്. ഞാനിത് നുണ പറയുന്നതല്ല. ഇത് യാഥാർത്ഥ്യമാണ്. ഇത് എല്ലാവർക്കും കാണാൻ കഴിഞ്ഞിട്ടുള്ള കാര്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഗവർണറുടെ

നയപ്രഖ്യാപന പ്രസംഗം പോലുള്ള പ്രധാനപ്പെട്ട ഒരു വിഷയത്തിന്മേൽ ചർച്ച നടക്കുമ്പോൾ നിരന്തരമായി അവാസ്തവം പറയുകയാണ്. ശ്രീ. രാഹുൽ ഗാന്ധി എവിടെയാണ് അദ്ദേഹത്തിന്റെ സമ്മേളനത്തിൽ ലീഗിന്റെ കൊടി മാറ്റണമെന്ന് പറഞ്ഞത്? ബഹുമാനപ്പെട്ട അംഗം അവാസ്തവമായൊരു കാര്യമാണിവിടെ പ്രസംഗിക്കുന്നത്. ഇത് രേഖയിലുണ്ടാകാൻ പാടില്ല. ശ്രീ. ഒ. ആർ കേളു, ബഹുമാനപ്പെട്ട അംഗത്തോട് ശ്രീ. രാഹുൽ ഗാന്ധി അങ്ങനെ പറഞ്ഞോ; ഞങ്ങളാരും അറിഞ്ഞിട്ടില്ല. ശ്രീ. രാഹുൽ ഗാന്ധി അങ്ങനെ പറഞ്ഞുവെന്ന് എന്തടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്? ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗ് വേണം.

<u>മി. ചെയർമാൻ</u>: അക്കാര്യം പരിശോധിക്കാം. [+]

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ വെറുതെ പറയുന്നതല്ല. ഇതിന് വ്യക്തമായ തെളിവുകളുണ്ട്. ആ തെളിവിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്. ഇക്കാര്യത്തിൽ പോലും യു.ഡി.എഫ്-ന് ഒന്നിച്ചുനിൽക്കാൻ കഴിയുന്നില്ലെന്ന് സൂചിപ്പിക്കുകയാണ്. ലീഗിനെ കോൺഗ്രസുകാർ ഏത് അർത്ഥത്തിലാണ് കാണുന്നത്? മറുവശത്ത് ബി.ജെ.പി.-ക്കാരുമായി

---

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ. നം.8689/ഇ.ബി./2021/നി. സെ.) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ഇടപാടുണ്ടാക്കുന്നു, കച്ചവടമുണ്ടാക്കുന്നു. ഈ രീതിയിലാണ് യു.ഡി.എഫ്-ന്റെ പ്രവർത്തനം കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഈ രീതിയിലാണ് യു.ഡി.എഫ്. നിലപാട് സ്വീകരിക്കുന്നതെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ, തീർച്ചയായും യു.ഡി.എഫ്-ന് കേരളത്തിൽ ഇനി തിരിച്ചുവരാൻ സാധിക്കില്ല. കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കുന്ന ജനക്ഷേമ പദ്ധതികൾക്കും വികസന പദ്ധതികൾക്കുമൊക്കെ ക്രിയാത്മകമായ പിന്തുണ നൽകുന്നതിന് പ്രതിപക്ഷം തയ്യാറാകണമെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ഒരിക്കൽക്കൂടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പ്രഥമ സമ്മേളനത്തിൽ എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ബഹുമാന്യനായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെത്തുടർന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

പുതിയ പ്രകടനപത്രികയുടെ അടിസ്ഥാനത്തിലാണ് എൽ.ഡി.എഫ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനെ നേരിട്ടത്. എൽ.ഡി.എഫ്.ന് ജനങ്ങൾ ഗംഭീര വിജയമാണ് സമ്മാനിച്ചത്. കേരളത്തിലെ ജനങ്ങളുടെ ജനാഭിലാഷം

പ്രതിഫലിപ്പിക്കുന്ന ഒരു വികസനരേഖയാണ് സർക്കാരിന്റെ പുതിയ നയപ്രഖ്യാപനം. ഈ സർക്കാരിന് ഒരു ഭരണത്തുടർച്ച ഉണ്ടാകാതിരിക്കാൻ യു.ഡി.എഫ്.ന്റെ നേതൃത്വത്തിൽ ഒരു നുണഫാക്ടറിതന്നെ ഇവിടെ പ്രവർത്തിക്കുകയായിരുന്നു. മ്ലേച്ഛമായ കള്ളപ്രചരണങ്ങൾ ആയിരുന്നു നടത്തിയിരുന്നത്. അതിനെയെല്ലാം കേരളജനത തൃണവൽക്കരിച്ചതുകൊണ്ടാണ് ഈ വിജയം നേടാനായത്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അതിനെ സധൈര്യം നേരിടുകയായിരുന്നു. വെടിയുണ്ടയെ വെല്ലുന്ന മനക്കരുത്തും ജീവത്യാഗ സന്നദ്ധതയും കൈമുതലായുള്ള അദ്ദേഹം ജനങ്ങൾക്കുവേണ്ടി സ്വയം സമർപ്പിക്കുകയായിരുന്നു. ഗ്രീക്ക് പുരാണത്തിലെ പ്രൊമിത്യൂസ് ദേവനെക്കുറിച്ചുള്ള കഥ ഈ സന്ദർഭത്തിൽ എന്റെ ഓർമ്മയിൽ വരികയാണ്. അന്ധകാരത്തിൽ ഉഴലുന്ന ഭൂമിയിലെ മനുഷ്യന്റെ മോചനത്തിനായി, അവന് വെളിച്ചമേകാൻ പൊതുസമൂഹത്തിന് അഗ്നി നൽകിയ കഥയാണത്. സഹനത്തിന്റെയും ക്ഷമാശീലത്തിന്റെയും ധീരതയുടെയും പ്രതിരൂപമാണ് പ്രൊമിത്യൂസ് എന്ന ഗ്രീക്ക് ഇതിഹാസ കഥാപാത്രം. ഒളിമ്പസ് പർവ്വതനിരകളിൽ ഒളിപ്പിച്ചുവച്ച വെളിച്ചം ഭൂമിയിൽ എത്തിച്ചുവെന്നുള്ളതിന്റെ കുറ്റത്താൽ സോയൂസ് ദേവന്റെ കൽപ്പന പ്രകാരം പ്രൊമിത്യൂസിന്റെ നെഞ്ചകം പിളർന്ന്, തലകീഴായി കെട്ടിത്തൂക്കി പച്ചക്കരൾ

കഴുകന്മാർക്ക് കൊത്തിവലിച്ച് ഭക്ഷിക്കാൻ അവസരമൊരുക്കി. പക്ഷെ, ഓരോ ദിവസവും ആയിരക്കണക്കിന് കഴുകന്മാർ കരൾ കൊത്തി പിളരുമ്പോഴും, നീതിയുടെ കാവലാളായ പ്രൊമിത്യൂസിന്റെ കരൾ ഓരോ ദിവസവും വളർന്ന് പൂർവ്വസ്ഥിതി പ്രാപിക്കുന്ന സ്ഥിതിയാണുണ്ടായത്. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയനെ പ്രൊമിത്യൂസിനോട് ഉപമിക്കാനാണ് എനിക്കിഷ്ടം. കാരണം അദ്ദേഹത്തെ ഇ.ഡി.യും കസ്റ്റംസും മാധ്യമ സിൻഡിക്കേറ്റുകളും വേട്ടയാടുകയുണ്ടായി. എന്നാൽ അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് രണ്ടാം ഭരണത്തുടർച്ച നേടിയത്. കോവിഡ്-19 എന്ന പകർച്ചവ്യാധിയുടെ മുന്നിൽ പകച്ചുനിൽക്കാതെ, സധൈര്യം നേരിട്ടുകൊണ്ടിരിക്കുമ്പോഴാണ് സമീപകാലത്തുണ്ടായ കടലാക്രമണം തീരപ്രദേശത്തെ ജനങ്ങളുടെ ജീവിതത്തെ തകർത്തിട്ടുള്ളത്.

നന്ദിപ്രമേയ ചർച്ചയിൽ പ്രധാനമായും തീരദേശവുമായി ബന്ധപ്പെട്ട മൂന്ന് കാര്യങ്ങൾ ഉന്നയിക്കാനാണ് ആഗ്രഹിക്കുന്നത്. ചുഴലിക്കാറ്റും പ്രളയവുമെല്ലാം വന്ന സന്ദർഭത്തിൽ അതിനെ അതിജീവിക്കാൻ കഴിഞ്ഞ സർക്കാർ, തീരദേശത്തെ ജനങ്ങളെ ചേർത്തുനിർത്തിയത് മറക്കാനാകില്ല. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശ നിവാസികൾ സർക്കാരിന് പിന്നിൽ അണിനിരന്നതിന്റെ

അമ്പരപ്പിലാണ് ആഴക്കടൽ മത്സ്യബന്ധനത്തിന്റെ ഇല്ലാക്കഥകൾ പ്രതിപക്ഷം മെനഞ്ഞത്. അടിക്കടിയുണ്ടാകുന്ന കടലാക്രമണം തീരദേശവാസികളിൽ വലിയ ആശങ്കയാണുണ്ടാക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തെത്തുടർന്ന് ഇനിയും മാറ്റങ്ങൾ വരാം. കടൽ ഒരുപാട് സവിശേഷതകളുള്ളതാണ്. അതിന്റെ ശാന്തത മാത്രമല്ല, രൗദ്ര ഭാവവും പ്രധാനമാണ്. കടലും കായലും അതിരിടുന്ന മണ്ഡലത്തെയാണ് ഞാൻ പ്രതിനിധാനം ചെയ്യുന്നത്. 590 കി.മീറ്റർ തീരദേശം പങ്കുവയ്ക്കുന്ന കേരളത്തെ കടലാക്രമണ ഭീഷണിയിൽ നിന്ന് രക്ഷിക്കണം. നയപ്രഖ്യാപന പ്രസംഗത്തിൽ 248-ാം ഖണ്ഡികയിൽ കടലാക്രമണം രൂക്ഷമാകുന്ന തീരമേഖലകളായ ചെല്ലാനം, കയ്പമംഗലം, ചേർത്തല, പൂന്തുറ എന്നിവിടങ്ങളിലെ അന്തേവാസികളുടെ സ്വത്തിനും ജീവനും സുരക്ഷ ഉറപ്പുവരുത്താനായി അതീവ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് പറയുന്നുണ്ട്. അത് സ്വാഗതാർഹമാണ്. എന്നാൽ അത് മാത്രം പോരാ. കടലാക്രമണ നാളുകളിലും കാലവർഷക്കെടുതിയിലും കാലംതെറ്റി വരുന്ന വേലിയേറ്റത്തിനിടയിലും മത്സ്യത്തൊഴിലാളികളും കുട്ടികളും സ്കൂൾ വരാന്തകളിൽ അഭയം പ്രാപിക്കേണ്ടി വരുന്ന സ്ഥിതിയുണ്ടാകരുത്. അതിന് ഭാവനാസന്നദ്ധതയോടും ദീർഘവീക്ഷണത്തോടെയുമുള്ള സമുദ്രതീരപഠനവും പദ്ധതികളും ആവിഷ്കരിക്കണം. ഞാനിത് പറയാൻ കാരണം, ചെല്ലാനം

ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പുതിയ പരീക്ഷണത്തിന് നാം തയ്യാറെടുക്കുകയാണല്ലോ. ഞാൻ പ്രതിനിധാനം ചെയ്യുന്നത് വൈപ്പിൻ മണ്ഡലത്തെയാണ്. വൈപ്പിന്റെയും ഫോർട്ട് കൊച്ചിയുടെയും മധ്യഭാഗത്തുകൂടിയാണ് കൊച്ചി തുറമുഖത്തേയ്ക്ക് അഴിമുഖം വഴി കപ്പൽ കടന്നുവരുന്നത്. കൊച്ചി തുറമുഖം രൂപകല്പന ചെയ്യുന്ന സമയത്ത് അന്നത്തെ തിരുവിതാംകൂർ ദിവാന് കൊച്ചി തുറമുഖം പണിയുന്നതുമായി ബന്ധപ്പെട്ട് Lester Partners Ltd., London എന്ന സ്ഥാപനത്തിലെ പ്രശസ്തനായ ആർക്കിടെക്ട് Sir John Wolfe Barry ഒരു റിപ്പോർട്ട് നൽകുകയുണ്ടായി. 1918 ജനുവരി 18-ന് അദ്ദേഹം കൊടുത്ത റിപ്പോർട്ടിൽ കൊച്ചി തുറമുഖം നിർമ്മിക്കുന്നതിനുമുമ്പ് ഫോർട്ട് കൊച്ചിയുടെ വലുതായ കടപ്പുറവും വൈപ്പിൻകരയുടെ സ്ഥാനവുമെല്ലാം മനസ്സിലാക്കി ഈ രണ്ട് തീരവും സംരക്ഷിക്കാൻ ഒരു പദ്ധതി രേഖപ്പെടുത്തുകയുണ്ടായി. സമയചുരുക്കംമൂലം ഞാൻ ആ ഭാഗം ഒഴിവാക്കുകയാണ്. അതിൽ രണ്ട് മൈൽ നീളത്തിൽ പുലിമുട്ട് കെട്ടണമെന്നും ഒരു മൈൽ ഉൾക്കായൽ നിർമ്മിക്കണമെന്നുമാണ്. അതുപോലെ ഫോർട്ട് കൊച്ചി ചെല്ലാനം ഭാഗത്തും തീരസംരക്ഷണം ഉറപ്പുവരുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ടാണ് കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ നടന്നത്.

ഇന്റർനാഷണൽ ടൂറിസം മാപ്പിൽ ഇടംനേടിയ മഹാത്മാഗാന്ധിയുടെ പേരിൽ അറിയപ്പെടുന്ന ഫോർട്ട് കൊച്ചി തീരം ഇന്ന് ഇല്ലാതായി. തീരദേശസംരക്ഷണത്തിനായി ഓരോ സ്ഥലത്തിന്റെയും കിടപ്പും കടലിന്റെ ഒഴുക്കും തിരയുടെ സ്വഭാവവും മനസ്സിലാക്കിവേണം കല്ലുകളിടാൻ. എന്നാൽ പല സ്ഥലങ്ങളിലും വ്യത്യസ്തമായ അനുഭവമാണുള്ളത്. ലക്ഷദ്വീപ് കടലിന് നടുവിലാണെങ്കിലും അവിടെ കടലാക്രമണമില്ല. അതുപോലെ ഒരുപാട് ദ്വീപസമൂഹങ്ങളുള്ള മാലിദ്വീപിലും കടലാക്രമണമില്ല. കോഴിക്കോട് നഗരം കടലിനോട് ചേർന്നാണ് കിടക്കുന്നത്. അവിടെയും കടലാക്രമണമില്ല. കടലിന് പ്രത്യേകമായ ചില സവിശേഷതകൾ കാണാൻ കഴിയും. തലശ്ശേരിയിലും കണ്ണൂരിലും ഇത് കാണാൻ കഴിയും. ഇപ്പോൾ പുതിയ തീരസംരക്ഷണത്തിന് കേട്ടുവരുന്ന പേരാണ് ടെട്രാപോഡ്. ഓരോ പ്രദേശത്തെയും കടലിന്റെ സ്വഭാവമനുസരിച്ചുവേണം ടെട്രാപോഡുകളും ജിയോ ട്യൂബുകളും സീവാളും പണിയാൻ. അതുകൊണ്ട് മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ ഫിഷറീസ്-തുറമുഖ-ടൂറിസം-ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ ഒരു സംഘമുണ്ടാക്കി തീരദേശസംരക്ഷണത്തിന് പൊതുവിലും വൈപ്പിൻകരയ്ക്ക് പ്രത്യേകിച്ചും ഒരു പാക്കേജ് തയ്യാറാക്കണം. ആവശ്യമെങ്കിൽ വിശദമായ പഠനം നടത്തി നല്ല

പരിജ്ഞാനമുള്ള വിദേശ ഏജൻസിയെകൊണ്ടുവന്ന് കടലാക്രമണത്തെ ചെറുക്കാനും കേരളത്തിന്റെ മുഴുവൻ തീരദേശങ്ങളും സംരക്ഷിക്കാനും മത്സ്യത്തൊഴിലാളികളുടെയും സാധാരണക്കാരുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ. അത് എറണാകുളത്തിനും മറ്റ് ജില്ലകൾക്കും വേണ്ടി അവതരിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ഓരോ പഞ്ചായത്തുകളും അതിന്റെ അഭിപ്രായം പറയേണ്ട സമയം കഴിഞ്ഞ 31-ാം തീയതിയായിരുന്നു. കോവിഡ് കാലത്ത് രണ്ടാഴ്ചയെന്നുള്ളത് മതിയായ ഒരു സമയമല്ലായിരുന്നു. 2017-18-ൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുറപ്പെടുവിച്ച മാപ്പ് പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ അന്ന് പ്രളയകാലമായിരുന്നു. അന്നും ആളുകൾക്ക് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. 2019-ലെ ഈ പ്ലാൻ പ്രകാരം സ്വാഭാവികമായും ചെറിയ കുടിലുകൾപോലും വയ്ക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയാണ്. 1957-ലെ ഗവൺമെന്റിന്റെ ഭൂപരിഷ്കരണ നടപടികളിലൂടെ തീരപ്രദേശങ്ങളിൽ 3 സെന്റും 5 സെന്റും സ്ഥലം നാം വാങ്ങി

കൊടുത്തിട്ടുണ്ടെങ്കിൽ ആ സ്ഥലംവരെ ഒഴിഞ്ഞുപോകേണ്ട സ്ഥിതിയാണ് കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ പ്ലാൻ വഴി വന്നിരിക്കുന്നത്. ഗവൺമെന്റിന്റെ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേരള മാരിടൈം ബോർഡ് 2014-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വന്നതാണെങ്കിലും അന്ന് ആ ബില്ല് കേന്ദ്രം മടക്കി അയയ്ക്കുകയാണ് ചെയ്തത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 2017-ൽ വന്നപ്പോൾ ആ നിയമം പാസ്സാക്കുകയുണ്ടായി. 2018-ൽ ബോർഡ് ചുമതല എടുത്തതിനുശേഷം വിവിധ മേഖലകളിൽ ഉൾപ്പെടെ നൂറുകോടിയിലധികം രൂപ വരുമാനമുണ്ടാക്കുന്നുണ്ട്. മാരിടൈം ബോർഡിന് അനന്തമായ സാദ്ധ്യതകളുണ്ട്. സമുദ്രതീര പഠനത്തിനും അതുപോലുള്ള അനന്തമായ സാദ്ധ്യതകൾക്കുംവേണ്ടി മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങളെ കുറേക്കൂടി വികസിപ്പിക്കാൻ നമുക്ക് കഴിയണം.

മത്സ്യത്തൊഴിലാളി മേഖലയിലെ ധാരാളം കാര്യങ്ങളിൽ വളരെ ഭാവനയോടുകൂടി നമ്മുടെ ഗവൺമെന്റ് പ്രവർത്തിച്ചിട്ടുണ്ട്. 'പുനർഗേഹം' പദ്ധതി, 'വിദ്യാ തീരം' പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്ന പദ്ധതി തുടങ്ങി 10-15 കാര്യങ്ങൾ മത്സ്യത്തൊഴിലാളി

മേഖലകളിൽ ഭാവനാസമ്പന്നതയോടെ നടപ്പിലാക്കിയിട്ടുള്ള ഒരു ഗവൺമെന്റാണിത്. ഒരു പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുംവേണ്ടിയുള്ള നമ്മുടെ അന്വേഷണം പോലെ അഴിമതിയില്ലാത്ത ഐശ്വര്യസമ്പൂർണ്ണമായ കേരളത്തിനുവേണ്ടി, ഒരു പുതിയ കേരളം സൃഷ്ടിക്കാനുള്ള മാർഗ്ഗരേഖയായി മാറട്ടെ. ഈ യാത്രയിൽ നമുക്കൊരു വിളക്കുമാടം പോലെ വെളിച്ചം പകരുന്ന ഒന്നായി ഈ നയപ്രഖ്യാപനരേഖയെ ഞാൻ കാണുകയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ഞാൻ ഈ നിയമസഭയിലെ പുതിയ സാമാജികനാണ്. മലയോര മേഖലയായ ഇരിക്കൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ട് ഏറെ അഭിമാനത്തോടെയാണ് ഞാൻ ഈ സഭയിൽ നിൽക്കുന്നത്. ഈ നാടിനെയും ഈ സഭയെയും സ്വന്തം ആത്മാവിനെപ്പോലെ ജീവനെപ്പോലെ കരുതുന്ന ഇരിക്കൂറിലെ നിഷ്കളങ്കരായ ജനങ്ങളുടെ സ്നേഹാഭിവാദനങ്ങൾ ഈ സന്ദർഭത്തിൽ ഞാൻ ഇവിടെ അർപ്പിക്കുകയാണ്. എന്നെ വിജയിപ്പിച്ച ഇരിക്കൂറിലെ

സാധാരണക്കാരായിട്ടുള്ള ജനങ്ങളോടും എന്റെ സഹപ്രവർത്തകരോടും പ്രിയപ്പെട്ട നേതാക്കന്മാരോടുമുള്ള നന്ദി ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയാണ്.

പ്രകൃതിരമണീയമായ ഒരു പ്രദേശമാണ് ഇരിക്കൂർ. മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലമാണ് ഇരിക്കൂറിലെ കൊച്ചു ഗ്രാമങ്ങൾ. നാടൻ കലകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും സാംസ്കാരിക പൈതൃകങ്ങളും അതുപോലെ കഠിനാധ്വാനികളായിട്ടുള്ള കർഷകരും പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി മുന്നോട്ടുപോകുന്ന പുതിയ തലമുറയും ഇരിക്കൂറിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതകളാണ്. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഇനിയും നിരവധിയായ വികസനപ്രവർത്തനങ്ങൾ ആഗ്രഹിക്കുന്നു, സ്വപ്നം കാണുന്നു. ഞങ്ങളുടെ മേഖല കടുത്ത പ്രയാസത്തിലാണ്. പ്രധാനമായും ഒരു കാർഷികമേഖലയെന്ന നിലയിലാണ് ഇരിക്കൂർ അറിയപ്പെടുന്നത്. ജീവിതം വഴിമുട്ടിയ കർഷകർ ആത്മഹത്യയുടെ വക്കിലാണ് ഇപ്പോൾ നിൽക്കുന്നത്. കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച, വന്യമൃഗശല്യം, ആരോഗ്യ-വിദ്യാഭ്യാസ-ഗതാഗത രംഗത്തെ പിന്നോക്കാവസ്ഥ തുടങ്ങി നിരവധി വെല്ലുവിളികൾ ഞങ്ങളുടെ മുന്നിലുണ്ട്. പ്രത്യേകിച്ച് ഈ കോവിഡ് സാഹചര്യം കൂടി വന്നപ്പോൾ കർഷകരെല്ലാം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. കർഷകരുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി, സംസ്ഥാന

സർക്കാർ ചെറുകിട കർഷകരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. വന്യമൃഗശല്യംമൂലം മലയോര മേഖലയിലെ ജനങ്ങളേറെ ദുരിതത്തിലാണ്. മനുഷ്യജീവൻ നഷ്ടപ്പെടുന്നു. കൃഷിയിടങ്ങളിലെ കൃഷികൾ പൂർണ്ണമായി നശിക്കുന്നു. ഈ ദുരിതത്തിന് പരിഹാരമുണ്ടാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. അവസര സമത്വത്തെക്കുറിച്ച് പ്രധാനമായും പറയുന്ന ഈ സർക്കാർ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വികസന സ്വപ്നങ്ങൾക്കും അവസര സമത്വം ഉറപ്പുവരുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വളരെ പ്രതീക്ഷയോടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനുവേണ്ടി അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ കേട്ടത്. പതിവിൽനിന്നും വ്യത്യസ്തമായി യാഥാർത്ഥ്യബോധത്തോടെയും ആത്മാർത്ഥതയോടെയും ഈ പ്രഖ്യാപനം നടത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ ആത്മാർത്ഥതയില്ലാത്ത, വെറും വീമ്പ് പറച്ചിൽ മാത്രമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കണ്ടത്. 2021 ജനുവരി 8-ന് രണ്ടുമണിക്കൂറും അഞ്ച് മിനിട്ടും മേയ് 28-ന് ഒരു മണിക്കൂറും 52 മിനിട്ടും ഗവർണറെ കൊണ്ട് പ്രസംഗിപ്പിച്ചു. ഇതുരണ്ടും പരിശോധിച്ചാൽ പലതും

നടപ്പിലാക്കാനുള്ളതല്ലെന്ന് മനസ്സിലാക്കാം. ഇത് കേവലം പ്രഖ്യാപനത്തിനുവേണ്ടി മാത്രമുള്ള പ്രസംഗമാണ്. 2016-ലെ ആദ്യപ്രഖ്യാപനത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാത്തിലാണ് ഞാനിത് പറയുന്നത്. 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിലെ 55-ാം ഖണ്ഡികയിൽ റബ്ബറുൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ച പരിഹരിക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചുവർഷമായി ന്യായമായ വില ലഭിക്കാതെ കർഷകർ പ്രയാസത്തിലാണ്. 2000 രൂപയുണ്ടായിരുന്ന ഏലത്തിന് ഇപ്പോൾ കേവലം 800 രൂപ മാത്രമാണ് ലഭിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നൽകി. പക്ഷേ കഴിഞ്ഞ അഞ്ചുവർഷമായി ആ 150 രൂപയിൽനിന്നും ഒരു രൂപ പോലും വർദ്ധിപ്പിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടില്ല. പിന്നീട് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് 170 രൂപ പ്രഖ്യാപിച്ചു, നൽകുമെന്നും പറഞ്ഞു. പക്ഷേ ഇതുവരെ 170 രൂപ നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. ഈ പ്രത്യേക സാഹചര്യത്തിൽ എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത് റബ്ബർ കർഷകരുടെ പ്രതിസന്ധി കണക്കിലെടുത്ത് റബ്ബറിന് താങ്ങുവിലയായി 250 രൂപ നിശ്ചയിക്കണമെന്ന ആവശ്യമാണ്.

ഇന്ന് ജൂൺ ഒന്നാം തീയതിയാണ്. നമ്മുടെ സ്കൂളുകൾ ഇന്ന് തുറക്കുകയാണ്.

അറിവിന്റെ വാതിലുകൾ തുറന്ന് കുരുന്നുകൾ വിരുന്നുവരുകയാണ്. പുത്തനുടുപ്പും പുത്തൻ ബാഗുമായി സ്കൂളിലേയ്ക്കുപോകുന്ന ആ സുന്ദര കാഴ്ച ഇന്ന് ഇല്ലാതായിരിക്കുന്നു. അതിലേയ്ക്ക് ഉടൻ തിരിച്ചെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പുതിയ അധ്യയന വർഷത്തിന്റെ എല്ലാവിധ ആശംസകളും നേരാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിലെ ഒന്നാം പേജിൽ ഒന്നാം ഖണ്ഡികയിൽ പറയുന്നു, സാമ്പത്തികവളർച്ചയുടെ ഗുണഫലങ്ങൾ ലഭിക്കാതെ വരുന്ന ഒരാൾപോലുമുണ്ടാകില്ലെന്ന്. അവസര സമത്വമാണ് ഈ സർക്കാരിന്റെ അടിസ്ഥാന നയമെന്ന് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഇവിടെ പ്രസംഗത്തിൽ സൂചിപ്പിച്ചു. കേരളത്തിലെന്നും പ്രഥമപരിഗണന നൽകിയത് വിദ്യാഭ്യാസത്തിനാണ്. 2021-ലെ ഓൺലൈൻ പഠനം ഒട്ടുംതന്നെ ഫലപ്രദമായിരുന്നില്ല. ആവശ്യമായ മുന്നൊരുക്കങ്ങളും സൂക്ഷ്മതയില്ലാതെയും ന്യൂനതകൾ പരിഹരിക്കാതെയുമാണ് പുതിയ അധ്യയന വർഷത്തിലേയ്ക്ക് കടക്കുന്നത്. അനേകായിരം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളായ ടി.വി.യോ സ്മാർട്ട് ഫോണോ ഇല്ല. പിന്നോക്ക മേഖലകളിൽ ഇന്റർനെറ്റ്, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളില്ല. ഇക്കാര്യത്തിൽ പോലും അവസരസമത്വം ഉറപ്പാക്കാൻ

കഴിയാത്ത സർക്കാരിന് എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും, വിദ്യാർത്ഥികളുടെ ഭാവി രക്ഷിക്കാൻ സാധിക്കും. ഇന്നലെ ഏഷ്യാനെറ്റിന്റെ ഒരു ന്യൂസ് സ്റ്റോറിയുണ്ടായിരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ചന്ദനക്കാംപാറ എന്ന ഗ്രാമത്തിലെ ചെറുപുഷ്പം ഹയർ സെക്കണ്ടറി സ്കൂളിലെ 9-ാം ക്ലാസ്സുകാരി അശ്വതിയുടെയും അഭിനന്ദിന്റെയും കാര്യമാണ് ആ സ്റ്റോറിയിലുള്ളത്. അവർ താമസിക്കുന്നത് ഒരു ഗ്രാമത്തിലാണ്. അവരുടെ അച്ഛനും അമ്മയും കലിങ്കിന്റെ ജോലിക്കുപോയാൽ ഒരാഴ്ച കൂടുമ്പോഴാണ് തിരിച്ചുവരുന്നത്. അവിടെ വൈദ്യുതിയുമില്ല, പഠിക്കാൻ ടി.വി.-യും സ്മാർട്ട് ഫോണുമില്ല. കഴിഞ്ഞ ഒരു വർഷമായി അവർക്ക് പഠിക്കാൻ സാധിക്കുന്നില്ല. മറ്റ് വിദ്യാർത്ഥികളെല്ലാം പഠിക്കുമ്പോൾ അവസരം ലഭിക്കാതെ, പഠനോപകരണങ്ങളില്ലാതെ, ഈ രണ്ട് വിദ്യാർത്ഥികളും വീട്ടിൽ ഒറ്റപ്പെട്ട് കഴിയുകയാണ്. ആ വേർതിരിവ് ഏറെ പ്രയാസത്തോടെ ആ കുട്ടികൾ അനുഭവിച്ചറിയുകയാണ്. ഞങ്ങളുടെ പ്രയാസങ്ങൾ കാണാൻ ആരുമില്ലെന്ന് അവർ പറയുകയാണ്. ഇത് ഒരു അശ്വതിയുടെയോ ഒരു അഭിനന്ദിന്റെയോ കാര്യമല്ല, നമ്മുടെ സംസ്ഥാനത്തെ നിരവധി കുട്ടികൾ നിരവധി ഗ്രാമങ്ങളിൽ, ഊരുകളിൽ, ആദിവാസി കുടിലുകളിൽ പഠനോപകരണങ്ങളോ പഠിക്കാൻ സൗകര്യമോയില്ലാതെ ഒറ്റപ്പെട്ട് കഴിയുകയാണ്. അവരുടെ വേദന

മനസ്സിലാക്കാൻ ഒപ്പം ചേർത്തുനിർത്തുമെന്ന് പറഞ്ഞ പ്രിയപ്പെട്ട കെ. കെ. ശൈലജ ടീച്ചറും ഈ സർക്കാരിന്റെ ഭാഗമായുള്ള വിദ്യാഭ്യാസ വകുപ്പും എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ട്. ഈ സന്ദർഭത്തിൽ വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളുടെ സുരക്ഷിതമായ വിദ്യാഭ്യാസത്തിനുവേണ്ടി സഭ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. സമയക്കുറവുകൊണ്ട് മറ്റുകാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയെയും അപഹസിക്കുന്നതിനും പരിഹസിക്കുന്നതിനുംവേണ്ടി ചില അംഗങ്ങൾ ഇവിടെ പരാമർശങ്ങൾ നടത്തി. അത് വളരെയേറെ പ്രതിഷേധാർഹമാണ്. ഒരു കാര്യം മാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. മാർക്സിസ്റ്റ് പാർട്ടി നമ്മുടെ രാജ്യത്ത് പല സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഓക്സിജൻ കൊണ്ടുമാത്രമാണ്. ആ യാഥാർത്ഥ്യം മനസിലാക്കി, നമ്മുടെ രാജ്യത്തിന്റെ സാഹചര്യം മനസിലാക്കി, മുന്നോട്ടുപോകണമെന്ന് ഈ സന്ദർഭത്തിൽ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടും ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ടും എന്റെ വാക്കുകൾ നിർത്തുന്നു. നിങ്ങൾക്കേവർക്കും നമസ്കാരം. ജയ്ഹിന്ദ്.

ശ്രീ. എൻ. കെ. അക്ബർ: സർ, രണ്ടാം പിണറായി സർക്കാരിനുവേണ്ടി ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വിജയത്തെ ലഘൂകരിക്കാനും വക്രീകരിക്കാനും വർഗ്ഗീയവൽക്കരിക്കാനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ. കോൺഗ്രസ്മുക്ത കേരളത്തിനായി ബി.ജെ.പി. എല്ലാ മണ്ഡലത്തിലും പഠനശിബിരം നടത്തിയാണ് യു.ഡി.എഫ്.-നെ തോൽപ്പിച്ചതെന്ന് പറഞ്ഞു. ഇവിടെ ഭാരതീയ ജനതാ പാർട്ടിയുടെ രാജ്യസഭാംഗവും തൃശ്ശൂരിലെ സ്ഥാനാർത്ഥിയുമായ ഒരു മാന്യദ്ദേഹം ഈ തെരഞ്ഞെടുപ്പിൽ തലശ്ശേരിയിൽ ശ്രീ. എ. എൻ. ഷംസീറിനെ തോൽപ്പിക്കണമെന്നും ഗുരുവായൂരിൽ മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥിയെ വിജയിപ്പിക്കണമെന്നും പറഞ്ഞത് ഏത് പഠനശിബിരത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പറഞ്ഞാൽ കൊള്ളാം. കോൺഗ്രസ് തിരിച്ചുവരും, ഞങ്ങൾ അതിനുവേണ്ടി ശക്തമായി ശ്രമിക്കും എന്നൊക്കെ പറയുമ്പോൾ നമുക്കതിൽ സന്തോഷമുണ്ട്. പക്ഷേ അതിന്റെ ഗ്രൗണ്ട് റിയാലിറ്റി എന്താണ്? കോൺഗ്രസ് പരാജയപ്പെട്ടത് പരിശോധിക്കാൻവേണ്ടി, ബഹുമാന്യയായ

സോണിയാഗാന്ധി ശ്രീ. അശോക് ചവാനെ കേരളത്തിലേയ്ക്ക് പറഞ്ഞയച്ചു. കെ.പി.സി.സി. പ്രസിഡന്റ് മാധ്യമങ്ങളോട് എന്താണ് പറഞ്ഞത്? ഞാൻ അദ്ദേഹത്തെ കാണുന്നില്ല, ഞാൻ അദ്ദേഹത്തിന് മൊഴി കൊടുക്കുന്നില്ല എന്നാണ്. ഇതുകേൾക്കുമ്പോൾ യു.ഡി.എഫ്.-ന്റെ വിജയത്തിനുവേണ്ടി പ്രവർത്തിച്ച ഒരു ശരാശരി കോൺഗ്രസുകാരന്റെ മനസ്സിൽ എന്ത് പ്രതികരണമാണുണ്ടാകുന്നത്? ഐക്യജനാധിപത്യമുന്നണി പരാജയപ്പെട്ട് ആദ്യമായി ചേർന്ന യോഗത്തിൽ, കോൺഗ്രസിന്റെ കെ.പി.സി.സി. പ്രസിഡന്റ് പത്രക്കാരെ വിളിച്ചുപറയുന്നു, ഞാൻ അതിൽ പങ്കെടുത്തില്ല എന്ന്. മുൻ പ്രതിപക്ഷനേതാവ് ആ യോഗത്തിലൊന്നും മിണ്ടിയില്ല എന്നാണ് പത്രങ്ങൾ പറയുന്നത്. നിങ്ങൾ ഇങ്ങനെയാണോ കോൺഗ്രസിനെ ശക്തിപ്പെടുത്തുന്നത്. ഇങ്ങനെയാണോ കോൺഗ്രസിനെ സഹായിക്കുന്നത്? ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നയപ്രഖ്യാപനം നടത്തുന്ന അതേ സന്ദർഭത്തിൽ കെ.പി.സി.സി. ആസ്ഥാനത്തിനുമുന്നിൽ കോമാളി നാടകം അരങ്ങേറി, ഒരു പരിഹാസ്യ നാടകം; ഇവിടെ മുഖ്യമന്ത്രിയുടെ വീട്ടിലെ കരിമീനിനെ സംബന്ധിച്ചതടക്കം അസാധാരണമായ ഉത്കണ്ഠയോടുകൂടി അന്വേഷണം നടത്തുന്ന ബഹുമാനപ്പെട്ട അംഗം കോൺഗ്രസ് ചെന്നുകപ്പെട്ടിട്ടുള്ള ഈ അഗാധഗർത്തങ്ങൾ പരിശോധിച്ചതിനുശേഷം മതിയില്ലേ കേരളത്തിലെ മുഖ്യമന്ത്രിയുടെ

അടുക്കളയിലേയ്ക്കുള്ള എത്തിനോട്ടമെന്ന് ഞങ്ങൾ ചോദിക്കുകയാണ്. ഇവിടെ കോൺഗ്രസ് തിരിച്ചുവരും, ഒൻപതുപേരുമായി കെ. കരുണാകരൻ വന്ന കാര്യങ്ങളൊക്കെ പറഞ്ഞു. എങ്ങനെയാണ് കരുണാകരനെ ഇവർ മുഖ്യമന്ത്രി കസേരയിൽനിന്നും ഇറക്കി ശ്രീ. എ. കെ. ആന്റണിയെ അവരോധിച്ചത്? അതൊരുപക്ഷേ നിങ്ങളുടെ ആഭ്യന്തര കാര്യമാകും, പക്ഷേ അതിന്റെ പേരിൽ വലിയൊരു സംഭവം അരങ്ങേറി. ബഹുമാനപ്പെട്ട സുപ്രീം കോടതി 50 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കാൻ പറഞ്ഞ ഒരു കേസ്സുണ്ട്. കേരളത്തിന്റെ സാമ്പത്തിക തകർച്ചയിൽ അങ്ങേയറ്റം ഉൽക്കണ്ഠപ്പെട്ട് ഈ ഗവൺമെന്റിന്റെ ഭരണംകൊണ്ട് സാമ്പത്തികമായി തകരുന്നുവെന്ന് പറയുമ്പോൾ നിങ്ങളുടെ ഗ്രൂപ്പ് രാഷ്ട്രീയം കൊണ്ട് കേരളത്തിന്റെ ഖജനാവിൽനിന്നും കൊടുക്കേണ്ടിവന്നതാണ് ഈ 50 ലക്ഷം രൂപ എന്നെങ്കിലും നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെ കെ. കരുണാകരൻ ഒൻപത് അംഗങ്ങളേയും കൊണ്ട് തിരിച്ചുവന്നു എന്ന് വലിയ വർത്തമാനം പറയുന്ന ആളുകൾ അദ്ദേഹത്തിന്റെ മക്കൾ രണ്ടുപേരും ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരെ മത്സരിക്കുകയും പരാജയപ്പെടുകയും ചെയ്തുവെന്നുള്ള കാര്യം മനസ്സിലാക്കണമെന്ന് സാന്ദർഭികമായി ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ 'മലയാള മനോരമ'-യുടെ വിമതൻ 'ദിഗ്കൃത

ശക്ത പരാക്രമി' എന്നാണ് വിശേഷിപ്പിച്ചത്. തന്റേടമുള്ള ശക്തനായ പ്രതിപക്ഷ നേതാവ്. പ്രതിപക്ഷ നേതാവിനെ തെരഞ്ഞെടുത്തപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി അദ്ദേഹത്തെ അഭിനന്ദിച്ചു. മുഖ്യമന്ത്രിയുടെ ഗുഡ് സർട്ടിഫിക്കറ്റ് വേണ്ടെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞിട്ടുണ്ടല്ലോയെന്ന് പത്രക്കാർ ചോദിച്ചപ്പോൾ കേരളത്തിലെ പ്രതിപക്ഷത്തിന് സർട്ടിഫിക്കറ്റ് നൽകുന്ന സർവ്വകലാശാലയുടെ വൈസ്ചാൻസിലർ അല്ല കേരളത്തിന്റെ മുഖ്യമന്ത്രി എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തിന് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. കേരളത്തിലെ പതിത ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾക്കുള്ള ചാൻസിലർ പദവിയാണ് ആ സർട്ടിഫിക്കറ്റ്. മുഖ്യമന്ത്രി പി. ആർ. വർക്ക് നടത്തുന്നു എന്നു പറഞ്ഞു. അത് ശരിയാണ്, മുഖ്യമന്ത്രിയുടെ പി. ആർ. വർക്ക് എന്നുപറഞ്ഞാൽ പബ്ലിക് റിലേഷനല്ല, പബ്ലിക് റിലീഫാണ് എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇവിടെ അഴിമതിയുടെ കാര്യം രണ്ട് വരിയിലൊതുങ്ങി എന്ന് ചിലർ ആശങ്കപ്പെട്ടു. രണ്ട് വരിയായിട്ടാണ് കേരളത്തിന്റെ മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേരളത്തിന്റെ മുൻ മഞ്ചേശ്വരം എം.എൽ.എ.-യും ചിലപ്പോൾ ജയിലിലേയ്ക്ക് പോയിട്ടുള്ളതെന്ന കാര്യവും സത്യമാണ്. 'Small is beautiful' എന്ന വരി ചെറുതായിക്കോട്ടെ. കേരളത്തിലെ ഗവൺമെന്റ്

അഴിമതിക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർക്ക് യാതൊരു ആശങ്കയും വേണ്ട. മുഖ്യമന്ത്രി വയനാട്ടിൽ 7500 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചത് ഒരു 'ബള്ള്' ആകരുതെന്ന് പറഞ്ഞു. മുഖ്യമന്ത്രി അത് വെറുതെ പറഞ്ഞതല്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപ്പത്രികയിൽ വയനാടിന് 7,500 കോടി രൂപയുടെയും ഇടുക്കിക്ക് 12,000 കോടി രൂപയുടെയും പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഞങ്ങളുടെ പ്രകടനപത്രിക എന്തായാലും നിങ്ങളുടെ പഴയ 'ബേക്കാരി ഹഠാവോ'-യും 'ഗരീബി ഹഠാവോ'-യും പോലെ നടപ്പിലാക്കാത്തതായിരിക്കില്ല, അത് നടപ്പിലാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. ബഹുമാന്യനായ അങ്ങയോട് എനിക്ക് പറയാനുള്ളത്, ഗുരുവായൂരിൽ നിന്നാണ് എളിയവനായുള്ളവൻ വരുന്നത്. സാധാരണ മുസ്ലീം ലീഗിന്റെ പൊതുയോഗങ്ങളും പരിപാടികളുമൊക്കെ ആരംഭിക്കുന്നത് 'ഖിറാത്ത്' ഓട്ടുകൂടിയാണ്. ഖിറാത്ത് എന്നുപറഞ്ഞാൽ പാരായണം. എന്നാൽ ഇപ്രാവശ്യം അവർ തുടങ്ങിയത് അവൽ പൊതി, തുളസീദാസിന്റെ രാമചരിതമാനസം, കമ്പ രാമായണം ഇവയെല്ലാമായിട്ടാണ്. കുചേലൻ ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി ഗുരുവായൂരപ്പനെ കാണാൻ വരികയും ഗുരുവായൂരപ്പനെ കണ്ടപ്പോൾ പറയാൻ വിചാരിച്ച കാര്യംപോലും മറന്ന് പോകുന്ന

വഴിക്ക് ഭാര്യ പറഞ്ഞയച്ച കാര്യം മറന്നുപോയി എന്ന് വിഷമിക്കുന്ന ഒരു കുചേല വൃത്താന്തമാണ് എനിക്കും നിങ്ങൾക്കുമെല്ലാം അറിയാവുന്നത്. എന്നാൽ ഇവിടെ കാര്യം പറയാനോ മോഹം പറയാനോ അല്ല വന്നത്, അതിമോഹം പറയാൻ വേണ്ടിയാണ് വന്നത്. സാക്ഷാൽ ശ്രീകൃഷ്ണൻ അതെങ്ങനെയാണ് കൈകാര്യം ചെയ്തത്. മഹാഭാരത യുദ്ധത്തിൽ അർജ്ജുനനോട് ഗീതോപദേശം നടത്തിയതുപോലെ ഈ തെരഞ്ഞെടുപ്പിൽ ഗുരുവായൂരപ്പൻ ആരോടൊപ്പമാണ് നിന്നതെന്നുള്ളത് മെയ് മാസം രണ്ടാം തീയതി നമുക്ക് ബോദ്ധ്യമായി. വോട്ടെടുപ്പ് പൂർത്തിയായപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഒരു സമുദായ സംഘടനാ നേതാവിന്റെ പ്രതികരണത്തെപ്പറ്റി ചോദിച്ചപ്പോൾ എല്ലാ ദേവഗണങ്ങളും എൽ.ഡി.എഫ്.-നൊപ്പമാണ് എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. മുഖ്യമന്ത്രി പറഞ്ഞത് അക്ഷരംപ്രതി ശരിയായിരിക്കുന്നുവെന്നുള്ള കാര്യം മനസ്സിലാക്കണം. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനോട് പറയാനുള്ളത് നിങ്ങൾ കുറെക്കൂടി സൃഷ്ടിപരമാകണം. ഇല്ലെങ്കിൽ ഭാവിയിലും നിങ്ങൾ പ്രതിപക്ഷമായി തുടരും, പക്ഷെ നിങ്ങളുടെ അംഗബലം ഇനിയും കുറയാൻ സാദ്ധ്യതയുണ്ടെന്നുകൂടി പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി

രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായ വിജയം കേരള രാഷ്ട്രീയത്തിൽ മാത്രമല്ല, ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. 'ഗാർഡിയൻ' പത്രത്തെപ്പറ്റി നമുക്കെല്ലാവർക്കുമറിയാം. ലോകപ്രശസ്തമായ ഒരു മാധ്യമമാണ്. ലോകം വലതുപക്ഷത്തേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ കേരളത്തിലെ ഇടതുപക്ഷത്തിന്റെ വിജയം ശ്രദ്ധേയമാണ് എന്ന ലേഖനമാണ് ഗാർഡിയൻ പത്രത്തിൽ പ്രസിദ്ധീകരിച്ചത്. ഇത് പലർക്കും സഹിക്കില്ലെന്ന് ഞങ്ങൾക്കറിയാം. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരാതിരിക്കാൻവേണ്ടി നടത്തിയ ഹീനമായ നടപടികളെ സംബന്ധിച്ച് ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചു. എന്തുകൊണ്ടാണ് യു.ഡി.എഫ്.-ന് ഇത്രയും പരാജയം സംഭവിച്ചതെന്നതിനെ സംബന്ധിച്ച് ഒരാത്മ പരിശോധന നടത്താൻ അവർ ഇപ്പോഴും തയ്യാറാകുന്നില്ല എന്ന കാര്യം വ്യക്തമാണ്. ഇവിടെ സംസാരിച്ച പല മെമ്പർമാരുടെയും പ്രസംഗത്തിൽ നിന്നും 'എന്നെ തല്ലേണ്ടമ്മാവാ ഞാൻ നേരെയാവൂല' എന്ന് തീരുമാനിച്ചാൽ ഒരു രക്ഷയും ഇല്ല. പ്രതിസന്ധിയുടെ ഘട്ടം വലയം ചെയ്തപ്പോഴും ഈ സർക്കാരിന്റെ പ്രവർത്തനം

ഏത് വിധത്തിലായിരുന്നുവെന്ന് നമ്മൾ കണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് സാമ്പത്തികമായി എല്ലാവിധത്തിലും ഞെരുക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഈ സന്ദർഭത്തിലും കഴിഞ്ഞ അഞ്ചുവർഷം പ്രഖ്യാപിച്ച പദ്ധതികളിൽനിന്നും ജനക്ഷേമ പ്രവർത്തനങ്ങളിൽനിന്നും ഒരിഞ്ചുപോലും പുറകോട്ട് പോകാതെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനം അനുഭവിച്ചറിഞ്ഞ ജനതയാണ് പ്രതിപക്ഷത്തിന് ഈ കൂലി കൊടുത്തതെന്ന് നാം മനസ്സിലാക്കണം. ഈ അപവാദ പ്രചരണങ്ങളൊന്നുംതന്നെ ജനങ്ങൾ അംഗീകരിച്ചില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഇത്തരം നേട്ടങ്ങൾ കണ്ട് സഹിക്കവയ്യാതെ നാടൻ ശൈലിയിൽ പറഞ്ഞാൽ 'കൊനിഷ്ടും കുശുമ്പും' വച്ചുപുലർത്തി അതിന്റെ പ്രകടിതവും കോപ്രായങ്ങളുമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം പ്രതിപക്ഷം ഇവിടെ കാണിച്ചുകൊണ്ടിരുന്നത്. ഈ ഗവൺമെന്റിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ പ്രഖ്യാപിച്ച മൂന്ന് കാര്യങ്ങൾ ഗവൺമെന്റ് ആർക്കൊപ്പമാണെന്ന് വ്യക്തമാക്കുന്നതാണ്. അതിദാരിദ്ര്യ ലഘൂകരണം, എല്ലാവർക്കും ഭവനം, ജപ്തി നടപടികളിലൂടെ കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഇല്ലാതാക്കൽ ഇവയെല്ലാം വെറും വാഗ്ദാനങ്ങൾ മാത്രമല്ല പ്രയോഗത്തിൽ വരാൻ പോകുകയാണ്. എൽ.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയെന്നത് വെറും പ്രഖ്യാപനമല്ല, പ്രയോഗത്തിൽക്കൂടി

നടപ്പാക്കുന്നതാണെന്ന് കഴിഞ്ഞ അഞ്ചുവർഷക്കാലം തെളിയിച്ച ഗവൺമെന്റ് ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങളും പൂർണ്ണമായും നടപ്പിലാക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. ഇവിടെ ചിലർ പ്രതിപക്ഷ പ്രവർത്തനത്തെപ്പറ്റിയും ജനാധിപത്യ ബോധത്തെപ്പറ്റിയും നെഹ്റുവിയൻ നയങ്ങളെപ്പറ്റിയുമെല്ലാം പരാമർശിക്കുകയുണ്ടായി. കോൺഗ്രസ് പാർട്ടിക്ക് ജനാധിപത്യത്തെപ്പറ്റി പറയാൻ എന്തവകാശമാണുള്ളത്? സ്വന്തം പാർട്ടിക്കകത്ത് വർഷങ്ങളായി തെരഞ്ഞെടുപ്പുപോലും നടത്താത്ത ഒരു പാർട്ടിയാണ് ജനാധിപത്യ ബോധത്തെപ്പറ്റി പ്രസംഗിക്കുന്നത്. പ്രതിപക്ഷത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന നെഹ്റുവിന്റെ ചില ഉദ്ധരണികളെപ്പറ്റി പറഞ്ഞു. അന്നത്തെ പ്രതിപക്ഷ സമീപനമെന്താണ്? നെഹ്റു അന്ന് പ്രതിപക്ഷത്തെ പ്രകീർത്തിച്ചുകൊണ്ട് പ്രസംഗിച്ചതും ചൂണ്ടിക്കാണിച്ചതും പ്രതിപക്ഷത്തിന്റെ കടമയെ സംബന്ധിച്ചാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ജനങ്ങളുടെ ജീവിത പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടുണ്ടോ? പ്രതിപക്ഷത്തിന്റെ ധാർമ്മികമായ ഉത്തരവാദിത്തമെന്ന് പറയുന്നത് ഒരു സർക്കാരിന്റെ നയസമീപനങ്ങൾ അവർ എടുക്കുന്ന നടപടികൾ അത് ജനങ്ങളെ ബാധിക്കുന്നവയാണെന്ന് മനസ്സിലാക്കി അതിൽ ഇടപെടുകയും അത്

അസംബ്ലിക്കകത്തായാലും പുറത്തായാലും, പുറത്താണെങ്കിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ട് ആ പ്രശ്നങ്ങൾ ഉന്നയിക്കുക എന്നുള്ളതാണ്. വളരെ സൃഷ്ടിപരമായ പ്രവർത്തനമാണ്. അതിനെയാണ് നെഹ്റു പ്രകീർത്തിച്ചത്. ഇവിടെ നടക്കുന്നത് അതാണോ? സംഹാരപൂർവ്വം എല്ലാത്തിനേയും തുരങ്കം വയ്ക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്. ഇന്ത്യയിലെ പ്രതിപക്ഷം മഹാമാരിക്കാലത്തും വെള്ളപ്പൊക്കക്കാലത്തും ജനങ്ങളെ സഹായിക്കാൻ പാടില്ലെന്ന സമീപനം സ്വീകരിച്ച പ്രതിപക്ഷമായിരുന്നില്ല. അതുകൊണ്ടാണ് നെഹ്റു പ്രകീർത്തിച്ചത്. എന്നാൽ ഇവിടത്തെ പ്രതിപക്ഷ സമീപനമെന്താണ്? കിറ്റ് കൊടുക്കുന്ന കാര്യത്തിൽപ്പോലും കോടതിയിൽ പോകുന്നൊരു അവസ്ഥയുണ്ടാക്കിയ പ്രതിപക്ഷമല്ലേ ഇവിടെയുള്ളത്; ഇ.എം.എസ്.-നേയും എ.കെ.ജി.-യേയും അതുപോലെ ജ്യോതിബസുവിനെപോലും ഇവിടെ പരാമർശിക്കപ്പെട്ടു. ഞാൻ അതിലേയ്ക്ക് വിശദമായി കടക്കുന്നില്ല. എ.കെ.ജി.-യെ സംബന്ധിച്ചൊക്കെത്തന്നെ പഴയ കാലത്ത് ഇവരുടെ മുൻതലമുറക്കാർ വിളിച്ചിട്ടുള്ള മുദ്രാവാക്യം എന്താണെന്ന് കേട്ടവരാണ് ഞങ്ങളൊക്കെ. മതനിരപേക്ഷ രാഷ്ട്രീയത്തിന്റെ വക്താക്കളായി തീരുകയാണ് ഇപ്പോൾ പലരും. മതനിരപേക്ഷ രാഷ്ട്രീയത്തെപ്പറ്റി പ്രസംഗിക്കാൻ കോൺഗ്രസ്സിന് അവകാശമുണ്ടോ; മതനിരപേക്ഷതയെ സംബന്ധിച്ചിടത്തോളം

ഇപ്പോഴത്തെ കോൺഗ്രസ്സുകാർക്ക് വല്ലതും പറയാൻ അധികാരമുണ്ടോ; രാമക്ഷേത്രം നിർമ്മിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് ഇപ്പോൾ അടുത്തകാലത്ത് ചർച്ച ചെയ്യപ്പെട്ട കാര്യമല്ലേ; അതിൽ ഞങ്ങളെ പങ്കാളികളാക്കിയില്ല എന്ന ആക്ഷേപം ഉന്നയിച്ചവരാണ് കോൺഗ്രസ്സിന്റെ പല നേതാക്കന്മാരും. അവർ നമ്മുടെ രാജ്യത്തുവന്നിട്ട് മതനിരപേക്ഷതയെപ്പറ്റി പ്രസംഗിക്കുകയാണ്. അതിന് താങ്ങിക്കൊടുക്കുവാൻ മുസ്ലീം ലീഗുകാരും.

പൊതുമേഖലയാകെ വിറ്റുതുലയ്ക്കാൻ ബി.ജെ.പി.ക്ക് ധൈര്യമുണ്ടാക്കിക്കൊടുത്തത് കോൺഗ്രസ്സല്ലേ; എൽ.ഡി.എഫ്. സർക്കാരിന് ശ്രീ. നരേന്ദ്ര മോദി സർക്കാരിനോട് മൃദുസമീപനമാണ്, അവരോട് ഒരു സോഫ്റ്റ്കോർണർ എടുക്കുകയാണെന്ന് പലരും ഇവിടെ പ്രസംഗിച്ചു. ഒരു മൃദു നയവുമില്ല. ബി.ജെ.പി.-യുടെ സാമ്പത്തിക-രാഷ്ട്രീയ നയങ്ങൾക്കെതിരായിനിന്ന് പോരാടുന്നത് മുഖ്യമായും ഇടതുപക്ഷമാണ്. വെറും വാചകമടി മാത്രമല്ല. നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽനിന്ന് നോക്കുക. കേന്ദ്രത്തിന്റെ ഏത് ജനദ്രോഹ നടപടിക്കെതിരായിട്ടാണ് ഇന്ത്യൻ പാർലമെന്റിനകത്തും പുറത്തും ഒരു പ്രക്ഷോഭം സംഘടിപ്പിക്കാൻ കോൺഗ്രസ് തയ്യാറായത്. കോർപ്പറേറ്റുകൾക്കുവേണ്ടി തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും കവർന്നെടുക്കുകയും അവരെ

തെരുവാധാരമാക്കുകയും ചെയ്യുന്ന ഒരു നിയമം കൊണ്ടുവന്നപ്പോൾ കോൺഗ്രസ് എവിടെയായിരുന്നു. രാജ്യസഭയ്ക്കകത്തും ലോകസഭയ്ക്കകത്തും മുഖ്യപ്രതിപക്ഷം അവരല്ലേ; എന്ത് സമീപനമാണ് അവർ കൈക്കൊണ്ടത്; അതിനെ എതിർക്കാൻ തയ്യാറായോ; ശക്തമായി പ്രതികരിക്കാൻ അവർ തയ്യാറായോ; ഇടതുപക്ഷമല്ലേ പ്രതികരിച്ചത്; രാജ്യം ഇപ്പോഴും കർഷക പ്രക്ഷോഭത്തിലാണ്. ഇന്നും സജീവമായി നിൽക്കുകയാണ്. കൃഷിക്കാരെ കുത്തുപാളയെടുപ്പിക്കുന്ന കരിനിയമം ഇന്ത്യൻ പാർലമെന്റിൽ വന്നപ്പോൾ അതിനെ എതിർക്കാൻ കോൺഗ്രസ് തയ്യാറായോ; ഒരാൾ മാത്രമാണ് എതിർത്തത്, ഇടതുപക്ഷക്കാരൻ. രാജ്യസഭയ്ക്കകത്ത് ഇടതുപക്ഷ പ്രസ്ഥാനക്കാരല്ലേ ശക്തമായി എതിർത്തത്. അവിടെ ശ്രീ. നരേന്ദ്ര മോദിയുടെ മുഖത്ത് നോക്കിക്കൊണ്ട് എതിർക്കാനും പ്രതിപക്ഷത്തിന്റെ ധർമ്മം നിർവ്വഹിക്കാനും എന്തുകൊണ്ട് കോൺഗ്രസ്സിന് കഴിയുന്നില്ല; പല നയങ്ങളിലും ബി.ജെ.പി.യുടെ രാഷ്ട്രീയ സമീപനംതന്നെയാണ് കോൺഗ്രസ്സിനുള്ളത്. ആ നയം മാറ്റാതെ, ആ നയം തിരുത്താതെ, സെക്കുലർ സ്വഭാവത്തിലേയ്ക്ക് മടങ്ങിവരാതെ കോൺഗ്രസ് രക്ഷപ്പെടാൻ പോകുന്നില്ല എന്ന കാര്യം കോൺഗ്രസ് സുഹൃത്തുക്കൾ മനസ്സിലാക്കണം.

നിയമസഭയ്ക്കകത്തും പുറത്തും അപവാദപ്രചരണം നടത്തിയതുകൊണ്ടുമാത്രം,

അല്ലെങ്കിൽ മാധ്യമങ്ങളുടെ കൂട്ടോട്ടുകൂടി അനാവശ്യകാര്യം പ്രചരിപ്പിച്ചതുകൊണ്ടുമാത്രം പ്രതിപക്ഷത്തിന് നിൽക്കാൻ സാധിക്കില്ല. അതിന്റെ പ്രതിഫലനമാണ് തെരഞ്ഞെടുപ്പിൽ ഉണ്ടായിട്ടുള്ളതെന്ന കാര്യം ഇപ്പോഴും അവർ തിരിച്ചറിയുന്നില്ല. ഡോ. കെ. ടി. ജലീലിനെ സംബന്ധിച്ചിടത്തോളവും മുൻസ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനെ ചോദ്യം ചെയ്ത കാര്യങ്ങളുമൊക്കെ ഇവിടെ പരാമർശിക്കപ്പെട്ടു. ഈ സഭയ്ക്കകത്തിരിക്കുന്ന എത്ര ആളുകളെ ഏതൊക്കെ കേസുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഞാനിപ്പോൾ ഇവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് വേണമെങ്കിൽ ചർച്ച ചെയ്യാം.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഒരു പ്രസ്താവന അടുത്തകാലത്ത് ഞാൻ വായിച്ചു, കോൺഗ്രസ് കൊടുങ്കാറ്റുപോലെ മടങ്ങിവരാൻ പോകുകയാണെന്ന്. പേടിപ്പെടുത്തല്ലേ, അതാണ് എനിക്ക് പറയാനുള്ളത്. ഒരു കൊടുങ്കാറ്റുപോലെ മടങ്ങിവരുമെന്നാണ് പറഞ്ഞത്. സാധാരണ കാറ്റടിക്കുമ്പോൾത്തന്നെ കോൺഗ്രസ്സിന്റെ അവസ്ഥ എന്താണ്; ആ കൊടുങ്കാറ്റായി ഇങ്ങോട്ടുവന്നാൽ ഇനി കോൺഗ്രസ് വെറും മണൽപ്പുറ്റായി മാറും. അതാണ് വസ്തുത.

ഞാൻ വളരെയധികം ദീർഘിപ്പിക്കുന്നില്ല. ഒരു കാര്യം സൂചിപ്പിക്കുകയാണ്. മതന്യൂനപക്ഷത്തിന്റെ ഹോൾസെയിൽ കച്ചവടക്കാരാണല്ലോ മുസ്ലീംലീഗുകാർ.

അതിനുവേണ്ടി എല്ലാ മുസ്ലീം മതസംഘടനകളെയും കൂട്ടുപിടിച്ചുകൊണ്ട്, സാമുദായിക സംഘടനകളെ മാത്രമല്ല മതരാഷ്ട്രവാദികളെയടക്കം കൂട്ടുപിടിച്ചുകൊണ്ട് ഈ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയുണ്ടായി. മുസ്ലീം ലീഗിനുണ്ടായ അവസ്ഥ എന്താണ്; വളരെ ഗൗരവപൂർവ്വം മുസ്ലീം ലീഗ് സുഹൃത്തുക്കൾ അത് മനസ്സിലാക്കണം. നിങ്ങളുടെ പാപ്പരായ രാഷ്ട്രീയ നയം മുസ്ലീം ജനസാമാന്യം തിരിച്ചറിഞ്ഞിരിക്കുന്നു. പണ്ടുകാലത്ത് മലപ്പുറം ജില്ലയിൽ മത്സരിക്കുന്നതിനായി ചെന്നൈയിൽനിന്നും ബോംബെയിൽനിന്നുമൊക്കെ വരുന്ന പല നേതാക്കന്മാരും നോമിനേഷൻ നൽകി പോയതിനുശേഷം മടങ്ങിവരുന്നത് ജയിച്ചു എന്നുള്ള വിവരം കിട്ടിക്കഴിയുമ്പോഴാണ്. അവർ വരേണ്ട ആവശ്യമില്ല. ആ കാലം കഴിഞ്ഞിരിക്കുന്നുവെന്ന് മുസ്ലീം ലീഗ് സുഹൃത്തുക്കൾ മനസ്സിലാക്കണം. മുസ്ലീം ജനസാമാന്യത്തിൽ നിങ്ങൾ ഒറ്റപ്പെട്ട് കഴിഞ്ഞിരിക്കുന്നു. കോൺഗ്രസ്സിനോട് കൂട്ടുകൂടിക്കഴിഞ്ഞാൽ നിങ്ങൾ ഒരു കാലത്തും രക്ഷപ്പെടാൻ പോകുന്നില്ല. അതാണ് സാഹചര്യം. അവരുടെ പൊന്നാപുരം കോട്ടകളൊക്കെ തകർന്നിരിക്കുകയാണ്. ഈ പാർലമെന്റ് ഇലക്ഷനിൽ മത്സരിച്ച മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥിക്ക് കഴിഞ്ഞ പ്രാവശ്യത്തേക്കാൾ ഒന്നര ലക്ഷം വോട്ടാണ് കുറഞ്ഞത്. വേങ്ങരയിൽപ്പോലും മുസ്ലീം ലീഗിന് വോട്ട് കുറഞ്ഞു. എന്തുകൊണ്ട് അതുണ്ടായി എന്നുള്ള കാര്യം അവർ മനസ്സിലാക്കുന്നില്ല. ഇപ്പോഴും

അന്ധമായ രാഷ്ട്രീയത്തിന്റെ മഞ്ഞക്കണ്ണടകൾകൊണ്ട് നോക്കിയാണ് അവർ ഇടതുപക്ഷത്തെ കാണുന്നത്, ഇവിടത്തെ മതനിരപേക്ഷ പ്രസ്ഥാനങ്ങളെ കാണുന്നത്. അവരുടെ സ്വഭാവത്തിലും പ്രവർത്തനത്തിലും മാറ്റം വരുത്തണം. ഈ സമുദായം അവരെ ഒറ്റപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് എന്നുള്ള കാര്യം അവർ മനസ്സിലാക്കണം. കോൺഗ്രസ്സിന്റെ കൂടെ കൂടിക്കഴിഞ്ഞാൽ ഒരുകാലത്തും രക്ഷപ്പെടാൻ പോകുന്നില്ല.

ഒരുകാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇടതുപക്ഷ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നേരത്തെ ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. സൂചിപ്പിച്ച ഗ്രീക്ക് മിത്തോളജിയിലെ ഒരു കഥാപാത്രത്തെ സംബന്ധിച്ച് ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്, Achilles. ജനങ്ങൾക്കകത്ത് കാലൂന്നി നിൽക്കുന്നിടത്തോളം കാലം ആ ജയന്റിനെ ഒരിക്കലും പരാജയപ്പെടുത്താൻ കഴിയില്ലെന്നതാണ് ആ കഥാപാത്രത്തിന്റെ പ്രത്യേകത. ഞങ്ങൾ ജനങ്ങൾക്കകത്ത് കാലൂന്നി നിൽക്കുന്നവരാണ്. ജനങ്ങളുടെ പ്രശ്നം മനസ്സിലാക്കുന്നവരാണ്. ജനങ്ങളുടെ വികാരം ഉൾക്കൊള്ളുന്നവരാണ്. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ആ നേട്ടം കാരണമാണ് കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് ഞങ്ങൾ വീണ്ടും തിരിച്ച് അധികാരത്തിൽ വന്നത്. ആ

ജനങ്ങൾക്കകത്ത് കാലൂന്നിക്കൊണ്ടുതന്നെ ഞങ്ങൾ നിൽക്കും. ജനങ്ങളുടെ പ്രശ്നം പരിഹരിക്കും. ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കും. അവരോടൊപ്പം നിൽക്കും. അങ്ങനെയൊരു ഗവൺമെന്റാണ് ഇപ്പോൾ തുടർച്ചയായി വന്നിട്ടുള്ളത്. ഞങ്ങളുടെ മാനിഫെസ്റ്റോയും പ്രഖ്യാപനവും പൂർണ്ണമായും നടപ്പിലാക്കാൻ ഈ ഗവൺമെന്റിനാകും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, 15-ാം കേരള നിയമസഭയിൽ ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ഇത് നയമില്ലാത്ത ഒരു നയപ്രഖ്യാപനമാണ്. കോഴിക്കോട് മുതലക്കുളം മൈതാനത്തെക്കുറിച്ച് നമ്മൾ പറഞ്ഞുകേട്ടിട്ടുണ്ട്. അതുപോലെതന്നെ തൃശ്ശൂർ തേക്കിൻകാട് മൈതാനം. മുതലക്കുളം മൈതാനിയിൽ മുതലയുമില്ല കുളവുമില്ല. തേക്കിൻകാടിൽ തേക്കുമില്ല കാടുമില്ല. അതുപോലെയുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണിത്. ഇതിൽ നയവുമില്ല പ്രഖ്യാപനവുമില്ല. അതുപോലെതന്നെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവരുടെ പ്രസംഗത്തിൽ പറഞ്ഞു, "ഈ

നയപ്രഖ്യാപനത്തെ ഞാൻ ആത്മാർത്ഥതയോടുകൂടി പിന്താങ്ങുകയാണ്" എന്ന്. അവരുടെ ആത്മാർത്ഥതയിൽ നമുക്കൊരു സംശയവുമില്ല. പക്ഷേ അവരുടെ ആത്മാർത്ഥതയിൽ സംശയമുള്ള ആളുകൾ അവർക്ക് വേണ്ട പണികൊടുത്തു എന്ന് നമുക്കെല്ലാവർക്കും അറിയാം. നമുക്ക് ഒരു ആത്മാർത്ഥതയും ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ കാര്യത്തിലില്ല.

നയപ്രഖ്യാപനത്തെയും നന്ദിപ്രമേയത്തെയും അനുകൂലിച്ചാൽ ബഹുമാനപ്പെട്ട ഗവർണർപോലും പൊറുക്കുകയില്ല എന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, ഇഷ്ടമില്ലാത്തൊരു പണി ആർക്കോവേണ്ടി ചെയ്യുന്നതുപോലെയാണ് ഗവർണർ അദ്ദേഹത്തിന്റെ പ്രസംഗം നടത്തിയത് എന്നത് നമുക്കെല്ലാവർക്കും അനുഭവപ്പെട്ടൊരു കാര്യമാണ്. അദ്ദേഹം പലതവണ ഈ സഭയിൽ നയപ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇതിനുമുൻപ് ഒരിക്കലും നടത്തിയിട്ടില്ലാത്ത ഒരു മട്ടുപ്പ് അദ്ദേഹത്തിന് ഇപ്രാവശ്യം ഉണ്ടായിരുന്നുവെന്ന് നമ്മൾ നേരിൽ കണ്ടതാണ്. അദ്ദേഹം ബഹുമാനപ്പെട്ട സ്പീക്കറുടെ ചെവിയിൽ എന്തോ മന്ത്രിക്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്. എനിക്ക് തോന്നുന്നത് സ്പീക്കറോട് അദ്ദേഹം പറഞ്ഞിട്ടുണ്ടാകുക "This is a bitter pill to swallow" എന്നായിരിക്കും.... വെള്ളം വേണമെന്ന് പറഞ്ഞതല്ല. അങ്ങനെ പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്.

ഇന്നിപ്പോൾ നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി കൊവിഡ്-19 ആണ്. ഗവർണറുടെ പ്രസംഗത്തിൽ ഈ പ്രതിസന്ധിയെ ഗൗരവമായി കണ്ടിട്ടുണ്ടോയെന്ന് നമ്മൾ പരിശോധിക്കണം. അദ്ദേഹം പ്രസംഗത്തിൽ കൊവിഡുമായി ബന്ധപ്പെട്ട് ആകെ പറഞ്ഞത് നിരീക്ഷണം, സി.എഫ്.എൽ.ടി.സി., ഡി.സി.സി., കമ്മ്യൂണിറ്റി കിച്ചൺ എന്നിവ മാത്രമാണ്. നമ്മുടെ നാട്ടിൽ കമ്മ്യൂണിറ്റി കിച്ചൺ എങ്ങനെ നടക്കുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. സന്നദ്ധ സംഘടനകളുടെ ഔദാര്യത്തിലാണ് നമ്മുടെ നാട്ടിൽ എല്ലായിടങ്ങളിലും കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ സന്നദ്ധ സംഘടനകൾ ഒരു വിഭാഗത്തിന്റേത് മാത്രമല്ല, മുസ്ലീം ലീഗ്, മുസ്ലീം യൂത്ത് ലീഗ്, കോൺഗ്രസ്, യൂത്ത് കോൺഗ്രസ്, ഡി.വൈ.എഫ്.ഐ., സി.പി.ഐ.(എം) തുടങ്ങിയ എല്ലാവരും അടങ്ങുന്നതാണ് ആ സന്നദ്ധസംഘടനകൾ എന്ന് നമുക്കെല്ലാപേർക്കും അറിയാം. ആ സന്നദ്ധസംഘടനകളുടെ സഹായം കൊണ്ടാണ് നമ്മുടെ നാട്ടിൽ സാമൂഹിക അടുക്കളകൾ പ്രവർത്തിക്കുന്നത്. യൂത്ത് ലീഗിനെക്കുറിച്ച് പറയുമ്പോൾ ഞാൻ ഒരു കാര്യം പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. കൊവിഡ് ബാധിച്ച് ധാരാളം ആളുകൾ നമ്മുടെ നാട്ടിൽ മരണപ്പെടുന്നുണ്ട്, ആ മൃതശരീരം മറവ് ചെയ്യുന്ന കാര്യത്തിൽ യൂത്ത് ലീഗിന്റെ

വൈറ്റ് ഗാർഡിന്റെ സേവനം പ്രശംസനീയമാണ്. ആ മൃതശരീരങ്ങളുടെ അടുത്ത് പോകാൻപോലും പലരും മടിക്കുന്ന അവസരത്തിൽ, ബന്ധുക്കൾ പോലും പോകാൻ മടിക്കുന്ന അവസരത്തിൽ, ജാതി നോക്കാതെ, മതം നോക്കാതെ യൂത്ത് ലീഗ് പ്രവർത്തകരാണ്, യൂത്ത് ലീഗിന്റെ വൈറ്റ് ഗാർഡുകളാണ് നാടെമ്പാടും അങ്ങനെയുള്ള മൃതശരീരങ്ങൾ മറവ് ചെയ്യാൻ മുന്നിട്ടിറങ്ങുന്നതെന്ന് നമ്മൾ ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്. ഞങ്ങളെക്കുറിച്ച് എന്താണ് പറയുന്നത്, കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നുവെന്നാണ്. ആരാണ് ഈ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നത്; തെറ്റുകൾ ചൂണ്ടിക്കാട്ടുകയെന്നത് ഒരു ക്രിയാത്മക പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്തമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ സർക്കാരിന്റെ അഴിമതികളെക്കുറിച്ച് മിണ്ടാതിരിക്കുന്നത് ഒരു പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ശരിയല്ലായെന്ന് നമ്മൾ മനസ്സിലാക്കണം. ഞങ്ങൾ എന്താണ് പറഞ്ഞിട്ടുള്ളത് അഴിമതി, ആ അഴിമതിയെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. പമ്പാ ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ കോടിക്കണക്കിന് രൂപ മൂല്യമുള്ള ഒന്നേകാൽ ലക്ഷം ഘനമീറ്ററിലധികം വരുന്ന മണൽ, സംസ്ഥാനത്തെ പ്രവർത്തനക്ഷമമല്ലാത്ത ഒരു പൊതുമേഖലാ

സ്ഥാപനത്തിന്റെ മറവിൽ ചില സ്വകാര്യ കമ്പനികൾക്ക് കൈമാറാനുള്ള നീക്കം നടന്നത് നമുക്കെല്ലാവർക്കും അറിയാം. അതുപോലെതന്നെ ബെവ്കോ വെർച്വൽ ക്യൂ ആപ്പ് തയ്യാറാക്കാനായി സ്റ്റാർട്ട് അപ്പ് കമ്പനിയെ തെരഞ്ഞെടുത്തതിലെ അഴിമതി. സ്പ്രിംഗ്ലർ, അതിനെക്കുറിച്ചൊന്നും ഞാൻ വിശദമായി ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ നമ്മുടെ മുൻമന്ത്രി ഡോ. കെ. ടി. ജലീലിന്റെ കാര്യം, സ്വജനപക്ഷപാതത്തിന്റെ കാര്യത്തിലാണ് അദ്ദേഹത്തിന് മന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടി വന്നത്. അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് സ്വജനം എന്നുപറയാവുന്ന ഒരു ജനം അദ്ദേഹത്തിന്റെ കൂടെയില്ല, അതുപോലെ അദ്ദേഹത്തിന് പക്ഷപാതമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. നല്ല ആരോഗ്യ ദൃഢഗാത്രനാണ്. എനിക്കുപോലും ആരോഗ്യപരമായ നിർദ്ദേശങ്ങൾ നൽകുന്ന ആളാണ്, ഞാൻ അദ്ദേഹത്തിന്റെയടുത്ത് എപ്പോൾ പോയാലും എന്റെ ആരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഒരുപാട് ഉപദേശങ്ങൾ അദ്ദേഹം എനിക്ക് നൽകുന്നുണ്ട്, അങ്ങനെയുള്ള ഒരാൾക്ക് പക്ഷപാതമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെ കടൽ വിൽക്കാനൊരുങ്ങിയത്, അതേക്കുറിച്ച് ഞാൻ വിശദമായി പറയുന്നില്ല. ഏതായാലും അത് നന്നായി, നമ്മുടെ മുൻമന്ത്രിക്ക് കടൽ വിൽക്കാനുള്ള തോന്നൽ ഉണ്ടായത് നന്നായി, അതുകൊണ്ടാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഈ

സഭയിൽ എത്തിയത്. ഒരാൾക്ക് ഒരു തോന്നൽ ഉണ്ടായാൽ അത് നല്ല തോന്നലായാലും മോശമായ തോന്നലായാലും അതിന്റെ ഗുണം ഒരാൾക്ക് ലഭിക്കുമെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഈ സഭയിൽ എത്തിയത്. ഇവിടെ പാലാരിവട്ടത്തെക്കുറിച്ച് ചിലയാളുകൾ പ്രസംഗിക്കുന്നത് കേട്ടു, എന്താണ് മുൻമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ചെയ്ത തെറ്റ്? മൊബിലൈസേഷൻ അഡ്വാൻസ് കരാറുകാർക്ക് കൊടുത്തുവെന്നതാണ്. മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കുന്നത് കേരളത്തിൽ ആദ്യമായാണോ? എല്ലാ സർക്കാരുകളും കരാറുകാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കാറുണ്ട്. ഈ സർക്കാർ മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കാനുള്ള സമയമായിട്ടില്ല. കഴിഞ്ഞ സർക്കാർ എത്രയോ ആളുകൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തിട്ടുണ്ടെങ്കിൽ ആ കരാറുകാരിൽനിന്നും പലിശയടക്കം അത് തിരികെ വാങ്ങുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ സർക്കാർ കൊടുത്ത മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചുവാങ്ങിയോ, അതിന്റെ പലിശ വാങ്ങിയോ എന്നതുകൂടി നമുക്ക് മനസ്സിലാക്കേണ്ടതുണ്ട്. എന്റെ സ്നേഹിതൻ മുൻ എം.എൽ.എ. ശ്രീ. എം. സി. കമറുദ്ദീനെക്കുറിച്ച് ഇവിടെ

പരാമർശിച്ചു. അദ്ദേഹം ഒരു ബിസിനസ്സ് നടത്തി, ആ ബിസിനസ്സ് പൊളിഞ്ഞു. ബിസിനസ്സ് തകർച്ച എങ്ങനെയാണ് അഴിമതിയാകുന്നത്, അത് മാത്രമാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. വമ്പിച്ച ഭൂരിപക്ഷത്തോടെ എൽ.ഡി.എഫ്. അധികാരത്തിൽ വന്നുവെന്നത് ശരി തന്നെയാണ്, ജനവിധിയെ നമ്മൾ അംഗീകരിക്കുന്നു. പക്ഷെ നമ്മൾ മനസ്സിലാക്കേണ്ട കാര്യം ആ ജനവിധിയെ നമ്മൾ അംഗീകരിക്കുമ്പോഴും കഴിഞ്ഞ സർക്കാർ ചെയ്ത കൊള്ളരുതായ്മയ്ക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണോ ഇതെന്നത് നമ്മൾ പരിശോധിക്കേണ്ടതുണ്ട്. അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത് ഒരു അച്ഛൻ മകനെ ക്രൂരമായി, വളരെ പൈശാചികമായി, മനുഷ്യത്വരഹിതമായി തല്ലുന്നു, അവസാനം മിഠായി നൽകി ആ മകനെ മെരുക്കിയെടുക്കുന്നു, അതുകൊണ്ട് അടിച്ചതിന്റെ ക്രൂരത ഇല്ലാതാകുമോ. ഈ കിറ്റ് നൽകിയതിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്ത ക്രൂരതകൾ ജനങ്ങൾ മറക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇപ്പോൾ സി.എഫ്.എൽ.ടി.സി.-കളെക്കുറിച്ചും കമ്മ്യൂണിറ്റി കിച്ചണിനെക്കുറിച്ചും പറഞ്ഞതല്ലാതെ കൊവിഡുമായി ബന്ധപ്പെട്ട സുപ്രധാന കാര്യങ്ങൾ ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞില്ല. ഓക്സിജനും വെന്റിലേറ്ററും ലഭിക്കാതെ നമ്മുടെ

സംസ്ഥാനത്ത് ആളുകൾ പിടഞ്ഞുമരിക്കുകയാണ്. ഇന്നലെവരെ 8815 ആളുകളാണ് കൊവിഡ് ബാധിച്ച് നമ്മുടെ സംസ്ഥാനത്ത് മരണപ്പെട്ടത്. എന്തുകൊണ്ടാണ് ഇത്രയും മരണസംഖ്യ വർദ്ധിച്ചത്, ഓക്സിജനും വെന്റിലേറ്ററും ഇല്ലാത്തതുകൊണ്ടാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ ജില്ലയായ കാസർഗോഡ്, ഓക്സിജനും വെന്റിലേറ്ററുമില്ലാതെ ഓരോ ദിവസവും ആളുകൾ ഇഞ്ചിഞ്ചായി മരിക്കുകയാണ്. അന്ധമായ രാഷ്ട്രീയനയം ഞങ്ങൾക്കില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇവിടെ ശ്രീമതി സി. കെ. ആശയാണെന്ന് തോന്നുന്ന അവരുടെ പ്രസംഗത്തിൽ പറഞ്ഞു, വൈകുന്നേരത്തെ മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനത്തേയും ഞങ്ങൾ പരിഹസിക്കുന്നുവെന്ന്. അതിനാൽ ഞാൻ ഒരു സംഭവം ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. മുഖ്യമന്ത്രിയുടെ വൈകുന്നേരത്തെ വാർത്താസമ്മേളനം കേൾക്കുന്ന ഒരാളാണ് ഞാൻ. ഒരുദിവസം എന്റെ വീട്ടിലിരുന്ന് വാർത്താ സമ്മേളനം കേൾക്കുമ്പോൾ രണ്ടാംക്ലാസ്സിൽ പഠിക്കുന്ന എന്റെ പേരക്കുട്ടി അടുത്തുവന്ന് നമ്മുടെ മുഖ്യമന്ത്രിയെ കാണിച്ചിട്ട് പറഞ്ഞു, 'ഇയാളെ എനിക്ക് വലിയ ഇഷ്ടമാണ്' എന്ന്. ഇയാളെന്ന് മുഖ്യമന്ത്രിയെക്കുറിച്ച് ഞാൻ പറഞ്ഞതല്ല, അങ്ങനെയുള്ള പദം മുഖ്യമന്ത്രിയെക്കുറിച്ച് ഉപയോഗിക്കാൻ പാടില്ല, എന്റെ പേരക്കുട്ടിയുടെ വാക്ക്

ഇവിടെ ഞാൻ റീപ്രൊഡ്യൂസ് ചെയ്യുവെന്നേയുള്ളൂ. ഇയാളെ എനിക്ക് വല്ലാതെ ഇഷ്ടമാണെന്ന് പറഞ്ഞു, ഞാൻ ചോദിച്ച നീ ജീവിതത്തിൽ മുഖ്യമന്ത്രിയെ കണ്ടിട്ടില്ലല്ലോ, പിന്നെ എന്താണ് നിനക്ക് ഇഷ്ടമെന്ന്. പേരക്കുട്ടി എന്നോട് പറഞ്ഞത് മുഖ്യമന്ത്രി പറയാറുണ്ട് ലോക്ക്ഡൗൺ കാലത്ത് വീട്ടിൽ ഇരിക്കുമ്പോൾ അമ്മമാർ കുട്ടികളെ ശകാരിക്കാൻ പാടില്ല, തല്ലാൻ പാടില്ലായെന്ന്. ഞാൻ എന്റെ പേരക്കുട്ടിയോട് പറഞ്ഞില്ല, നീ മുഖ്യമന്ത്രിയുടെ ഫാൻ ആകാൻ പാടില്ലായെന്ന്. മുഖ്യമന്ത്രിയുടെ ഫാനായിക്കോട്ടെ, എനിക്ക് സന്തോഷമേയുള്ളൂ, ഞാൻ ഈ സംഭവം ഇവിടെ പറയാൻ കാരണം അപ്പുറത്ത് ഇരിക്കുന്ന ഏതെങ്കിലും ഒരാളുടെ വീട്ടിലെ കുട്ടിയാണ് ഇത് പറഞ്ഞിട്ടുള്ളതെങ്കിൽ അവർക്ക് ആ സഹിഷ്ണുത ഉണ്ടാകുമായിരുന്നോ, ആ കുട്ടിയുടെ അവസ്ഥ എന്താകുമായിരുന്നു. ഞങ്ങളുടെ രാഷ്ട്രീയ നിലപാട് അതാണ്, ഞങ്ങളുടെ ആദർശം അതാണ്, ഞാൻ എന്റെ വാക്കുകൾ ദീർഘിപ്പിക്കുന്നില്ല, ഈ നന്ദിപ്രമേയത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, സഖാവ് കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഐക്യകേരളം നിലവിൽ വന്നതിനുശേഷം സേവനരംഗത്തും ക്ഷേമരംഗത്തും വലിയ

മുന്നേറ്റമുണ്ടായി. എന്നാൽ കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ആ നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ല. നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല, പിറകോട്ട് പോകുന്ന അവസ്ഥയുമുണ്ടായി. കഴിഞ്ഞ അഞ്ചുവർഷക്കാലവും ഈ അടിസ്ഥാന വികസന പ്രശ്നങ്ങളിൽ ഊന്നി നിന്നുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോയത്. അതിന്റെ ഫലമായി നഷ്ടപ്പെട്ടുപോയ കാർഷിക സംസ്കൃതി വീണ്ടെടുക്കാൻ നമുക്ക് കഴിഞ്ഞു. കേന്ദ്രം സ്വീകരിക്കുന്ന ജനവിരുദ്ധ, കർഷകവിരുദ്ധ, വ്യവസായവിരുദ്ധ നിലപാടുകൾക്ക് ബദലായിട്ടുള്ള സമീപനമാണ് ഇവിടെ സ്വീകരിച്ചുവരുന്നതെന്ന് എല്ലാവർക്കുമറിയാം. കാർഷികമേഖല സമ്പൂർണ്ണമായും കോർപ്പറേറ്റ്‌വൽക്കരിക്കുന്നു. കൃഷിക്കാരെ കാർഷിക ഭൂമിയിൽനിന്ന് ആട്ടിയകറ്റുന്നു. ഇതിനെതിരായി വലിയ രൂപത്തിലുള്ള സമരം കഴിഞ്ഞ ആറുമാസക്കാലമായി നടക്കുന്നു. എന്തുകൊണ്ടാണ് കേരളത്തിൽ ഇത്തരമൊരു കർഷകസമരം ഉയർന്നുവരാത്തത്, കർഷകരെ സംരക്ഷിക്കുന്ന നിലപാടും ബദലുമാണ് കേരളത്തിൽ നടപ്പിലാക്കി മുന്നോട്ടുപോകുന്നതെന്നറിയാം. നെല്ലുൽപ്പാദനരംഗത്ത്, പാലുൽപ്പാദനരംഗത്ത്, മുട്ട ഉൽപ്പാദനത്തിൽ, പച്ചക്കറി ഉൽപ്പാദനത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. ലോക്ഡൗൺ കാലഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഹ്വാനം കേട്ടുകൊണ്ട്

കേരളത്തിലെ ഒരു വലിയ വിഭാഗം ജനം കാർഷിക രംഗത്തേയ്ക്ക് ഇറങ്ങിത്തിരിച്ച കാഴ്ചയും നാം കണ്ടതാണ്. ഇന്ത്യയ്ക്കാകെ മാതൃകയാക്കിക്കൊണ്ട് ഇന്ത്യാരാജ്യത്ത് മറ്റൊരു സ്ഥലത്തും ഇല്ലാത്ത രൂപത്തിൽ കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നു. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളില്ലേ, മറ്റ് പാർട്ടികൾ ഭരിക്കുന്നില്ലേ, എവിടെനിന്നെങ്കിലും ഇത്തരമൊരു പദ്ധതിയുണ്ടോ? ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വരാൻ പോകുന്ന അഞ്ച് വർഷക്കാലം 50 ശതമാനം കാർഷിക വരുമാനം വർദ്ധിപ്പിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്, ആവേശത്തോടുകൂടിയാണ് കേരളത്തിലെ കൃഷിക്കാർ ഇതിനെ വരവേൽക്കുകയെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഏറ്റവും ഗൗരവതരമായ പ്രശ്നമാണ്. സർക്കാർ ജോലി കൊണ്ടുമാത്രം അത് പരിഹരിക്കാൻ കഴിയില്ലെന്ന് എല്ലാവർക്കുമറിയാം. വ്യാവസായികവത്കരണത്തിലൂടെ മാത്രമേ കഴിയൂ. വ്യാവസായികവത്കരണം കഴിയണമെങ്കിൽ നിക്ഷേപം ആകർഷിക്കാൻ കഴിയണം. നിക്ഷേപം ആകർഷിക്കാൻ കഴിയണമെങ്കിൽ സമാധാനപരമായ അന്തരീക്ഷം വേണം; പശ്ചാത്തലസൗകര്യം മെച്ചപ്പെടണം, നല്ല റോഡും വേഗതയുള്ള റെയിലും വിമാനത്താവളവും വേണം. പക്ഷേ ഇവിടെ ഉയർന്നുകേട്ട

ശബ്ദം കെ-റെയിൽ പാടില്ല, അതിവേഗ റെയിൽ പാടില്ല, നാഷണൽ ഹൈവേ വീതി വരരുത്, വിമാനത്താവളങ്ങൾ പാടില്ല എന്നാണ്. ചുരുക്കത്തിൽ കേരളം നന്നാകരുതെന്ന മനോഭാവത്തോടുകൂടി സംസാരിക്കുന്ന ദൗർഭാഗ്യകരമായ സ്ഥിതിയാണ് ഇവിടെ കാണാൻ കഴിഞ്ഞത്. മുസ്ലീങ്ങളുടെ കുത്തകമുഴുവനും ഞങ്ങൾക്കാണ്, ലീഗ് പലപ്പോഴും പറയുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. ആ അവകാശവാദത്തെ പൊളിക്കുന്ന തെരഞ്ഞെടുപ്പ് ഫലമാണ് ഇത്തവണ ഉണ്ടായിട്ടുള്ളതെന്ന് നാം മനസ്സിലാക്കേണ്ടതാണ്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ മലപ്പുറത്തായാലും വേങ്ങരയിലായാലും വോട്ട് വൻതോതിൽ ചോർന്നുപോയി. പണ്ടൊക്കെ മലപ്പുറത്ത് ചെറിയ തോതിലുള്ള പോളിംഗ് നടന്നാലും വലിയ ഭൂരിപക്ഷമുണ്ടാകുമായിരുന്നു. ഇപ്പോൾ കാലംമാറി, കനത്ത പോളിംഗ് നടന്നാലും ഭൂരിപക്ഷം കുറയുന്ന കാഴ്ച നാം കാണുകയാണ്. അതുകൊണ്ട് കുത്തക ഞങ്ങൾക്കാണെന്നുള്ള അവകാശവാദമുയർത്തണ്ട. ആ കുത്തകയൊക്കെ മാറിപ്പോയിരിക്കുന്നു. മുസ്ലീം മന്ത്രിയുണ്ടായാൽ മാത്രമേ മുസ്ലീങ്ങൾക്ക് നേട്ടമുണ്ടാകൂ എന്ന ഒരു തെറ്റായ ധാരണ, കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ഒരു ധാരണ കേരളീയ സമൂഹത്തിലുണ്ട്. കിറ്റ് നൽകി, പാവപ്പെട്ട മുസൽമാന് രക്ഷ കിട്ടിയില്ലേ; പെൻഷൻ നൽകി, പാവപ്പെട്ട മുസൽമാന് രക്ഷ കിട്ടിയില്ലേ; തോട്ടം,

ചുമട്, മോട്ടോർ തൊഴിലാളി ക്ഷേമനിധി പെൻഷൻ നൽകി, അതത് മേഖലകളിലെ പാവപ്പെട്ട മുസ്ലീം തൊഴിലാളികൾക്ക് നേട്ടം കിട്ടിയില്ലേ; ഇതൊക്കെ മുസ്ലീം മന്ത്രി നേതൃത്വം കൊടുത്തതുകൊണ്ടാണോ? അതിനുകൂടിയുള്ള മറുപടിയാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പുഫലം എന്ന് നമുക്ക് കാണാൻ കഴിയും. ന്യൂനപക്ഷക്ഷേമ വകുപ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്നു. യഥാർത്ഥത്തിൽ നേരത്തെ നല്ല നിലയിൽ നടന്നുപോയ വകുപ്പ് ഒന്നുകൂടി മെച്ചപ്പെട്ട രൂപത്തിൽ നടത്താനുള്ള അവസരമല്ലേ സംജാതമാകുന്നത്. അതിനെ ആ രൂപത്തിൽ കാണുന്നതിനുപകരം മതമൗലികവാദികളും മുസ്ലീം ലീഗും വളരെ മോശമായ രൂപത്തിൽ സാമുദായിക വിഭജനമുണ്ടാക്കാൻവേണ്ടിയുള്ള മുദ്രാവാക്യമായി എടുത്തുപയോഗിച്ചതെന്ന് നമുക്ക് കാണാൻ കഴിയും. എന്നാൽ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന മുസ്ലീം സംഘടനകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പൂർണ്ണമായി പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ചിത്രം നമ്മൾ കണ്ടു. ഇതിനർത്ഥം കേരളത്തിലെ മുസ്ലീങ്ങളിൽ മഹാഭൂരിപക്ഷവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ വിശ്വാസം രേഖപ്പെടുത്തുന്നു എന്നതാണ് നാം കാണേണ്ടത്. അതുകൊണ്ട് മുസ്ലീങ്ങളുടെ കുത്തക ഞങ്ങൾക്കാണെന്ന അവകാശവാദം ആരും ഉയർത്തേണ്ടതില്ല. വർഗ്ഗീയശക്തിക്കൾക്കെതിരെ കേരളം

നിലകൊള്ളും, വർഗ്ഗീയശക്തികളെ തുടച്ചുനീക്കികൊണ്ടുള്ള ഒരു സംസ്ഥാനമായിരിക്കണം എന്നായിരുന്നു പ്രതിപക്ഷനേതാവിന്റെ പ്രസ്താവന. മതേതരവാദികൾക്ക് കേൾക്കാൻ ഇമ്പമുള്ള ഒരു പ്രസ്താവനയാണ്. കോൺഗ്രസ് ഒരു അഖിലേന്ത്യാപാർട്ടിയല്ലേ. അഖിലേന്ത്യാ നയത്തിൽനിന്നും വ്യത്യസ്തമായ നയം ഒരു സംസ്ഥാനത്ത് പാർട്ടിക്ക് സ്വീകരിക്കാൻ കഴിയുമോ? രണ്ട് ദശാബ്ദക്കാലമായി അഖിലേന്ത്യാടിസ്ഥാനത്തിൽ കോൺഗ്രസ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാട് നമുക്കെല്ലാം അറിയാമല്ലോ. ഇന്ത്യൻ ഭരണഘടന വെല്ലുവിളിക്കപ്പെടുന്നു. പാർലമെന്റ് വെല്ലുവിളിക്കപ്പെടുന്നു. മതനിരപേക്ഷത ചോദ്യം ചെയ്യുന്നു. ഫെഡറലിസം ഏറ്റവും വലിയ വെല്ലുവിളിയെ നേരിടുന്നു. ഇതിനോടെല്ലാം കോൺഗ്രസിന്റെ നിലപാടെന്താണ്? നെഹ്റൂവിയൻ നയം ഉയർത്തിപിടിച്ചുകൊണ്ട് ശക്തമായി പ്രതിരോധിക്കേണ്ട കോൺഗ്രസ് സംഘപരിവാർ ശക്തികളുടെ മുമ്പിൽ മുട്ടിട്ടിഴയുന്ന ദയനീയമായ കാഴ്ച നമ്മൾ കാണുന്നു. ഈ നയം സ്വീകരിക്കുന്ന കോൺഗ്രസ്സിന്റെ കേരളഘടകത്തിന് എങ്ങനെയാണ് വർഗ്ഗീയതയ്ക്കെതിരായി ശബ്ദമുയർത്തി മുന്നോട്ടുപോകാൻ കഴിയുക. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 90 സീറ്റുകളിൽ ബി.ജെ.പി.-യുമായി വോട്ടു കച്ചവടം നടത്തിയില്ലേ. കുറേക്കാലമായി ബി.ജെ.പി.-യെ വിമർശിക്കാറുണ്ടോ. തെരഞ്ഞെടുപ്പ് ഘട്ടങ്ങളിൽപ്പോലും

മതന്യൂനപക്ഷങ്ങൾക്കെതിരായി നടക്കുന്ന കിരാതമായ നടപടികളെ ചോദ്യം ചെയ്യാൻപോലും യു.ഡി.എഫ്. തയ്യാറായില്ല. ഒരു രാഷ്ട്രീയമായ സാഹചര്യം, ബി.ജെ.പി. വോട്ടിനുവേണ്ടി രാഷ്ട്രീയ അടിത്തറ തീർക്കാൻ കുറേക്കാലമായി ബി.ജെ.പി.-ക്കെതിരായി വിമർശനമുയർത്താറില്ല. ബി.ജെ.പി.-ക്കെതിരായി ഉയർത്തുന്ന ആ സന്ദർഭംപോലും എൽ.ഡി.എഫ്-ന് എതിരായി ഉയർത്തി സാഹചര്യം അനുയോജ്യമാക്കി മാറ്റുന്ന നിലപാടല്ലേ സ്വീകരിച്ചത്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പേ അല്ലേ പോണ്ടിച്ചേരിയിലെ കാലുമാറ്റമുണ്ടായത്. പോണ്ടിച്ചേരിയിൽ കാലുമാറി കോൺഗ്രസ് ഭരണം തകർന്നു. കേരളത്തിലെ കോൺഗ്രസ് നേതാക്കന്മാർ മിണ്ടിയോ, അതിലെന്തെങ്കിലും നിലപാട് സ്വീകരിച്ചോ? കാരണം വരാൻപോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യെ പിണക്കരുത് എന്ന ലക്ഷ്യത്തോടുകൂടി കണ്ടില്ലെന്ന് നടിച്ചുകൊണ്ട് മുന്നോട്ടുപോയവരല്ലേ? യഥാർത്ഥത്തിൽ പരിശോധിച്ചാൽ കോൺഗ്രസ് മൃദുഹിന്ദുത്വമല്ല കേരളത്തിൽ സ്വീകരിച്ചത്. ഹിന്ദുത്വരാഷ്ട്രീയം തന്നെയാണ്. മൃദുഹിന്ദുത്വമെന്ന് പറയാൻ കഴിയില്ല. ബി.ജെ.പി. വോട്ടുകച്ചവടം ചെയ്തുകൊണ്ട് ഒരുപാട് പേർ ഇവിടെ വന്നിട്ടുണ്ട്. ഞാൻ ഉൾപ്പെടെയുള്ളവർ ആ വോട്ടുകച്ചവടത്തെ അതിജീവിച്ചാണ് ഇവിടെയെത്തിയിട്ടുള്ളത് എന്നറിയാം. ബഹുമാന്യനായ പ്രതിപക്ഷനേതാവിന്

ബി.ജെ.പി. വോട്ടുകൊണ്ടുമാത്രം ജയിച്ചുവന്ന തന്റെ സഹപ്രവർത്തകന്മാരെ വച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ഒരു ഭാഗത്ത് മതമൗലീകവാദികൾ, മറ്റൊരു ഭാഗത്ത് വർഗ്ഗീയവാദികൾ, ഇവരെയെല്ലാം വച്ചുകൊണ്ട് എങ്ങനെയാണ് വർഗ്ഗീയതയ്ക്കെതിരായി ശബ്ദമുയർത്താൻ കഴിയുക. കേന്ദ്ര കോൺഗ്രസ് പാർട്ടി സ്വീകരിക്കുന്ന മൃദുഹിന്ദുത്വ നിലപാടിനെതിരായി ശക്തമായി പ്രതികരിക്കാനും തിരുത്തിക്കാനുംവേണ്ടിയുള്ള സമരങ്ങളിൽ ശബ്ദമുയർത്താൻ അദ്ദേഹം തയ്യാറുണ്ടോ; അദ്ദേഹമൊരു തിരുത്തൽവാദിയായി ഈ കാര്യത്തിലുയർന്ന് വരാൻ തയ്യാറുണ്ടോ? എങ്കിൽ കോൺഗ്രസ് രക്ഷപ്പെടും. ഇല്ലെങ്കിൽ ഉപ്പിൽ വച്ച ശർക്കര പോലെ കോൺഗ്രസ് മാറുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി പിന്താങ്ങുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ആദ്യമായി തെരഞ്ഞെടുപ്പിൽ എന്നെ ഇവിടെ എത്തിച്ച തൃപ്പൂണിത്തുറയിലെ പ്രബുദ്ധരായ വോട്ടർമാരോട് നന്ദി രേഖപ്പെടുത്തുകയാണ്. നിങ്ങൾ ആവർത്തിച്ച് ആവർത്തിച്ച് എന്റെ വിജയത്തെക്കുറിച്ച് പരാമർശിച്ചു. ഞാൻ ഇപ്പോൾ കൂടുതൽ പറയുന്നില്ല. പക്ഷേ എന്നെ വിജയിപ്പിച്ച തൃപ്പൂണിത്തുറയിലെ ജനങ്ങളെ നിങ്ങൾ അപമാനിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ

നയപ്രഖ്യാപനത്തിൽ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ പറയുന്നുണ്ട്. നമ്മൾ പല ദുരന്തങ്ങൾ കണ്ടു. ഇനി കേരളം കാണാൻ പോകുന്ന ഏറ്റവും വലിയ ദുരന്തം സാമ്പത്തിക രംഗത്തുണ്ടാകാൻ പോകുന്ന ദുരന്തമാണ്. 2016-ൽ നിങ്ങൾ അധികാരമേറ്റെടുക്കുമ്പോൾ 1,55,380 കോടി രൂപയായിരുന്നു കടബാധ്യത. ഇപ്പോൾ അത് 3,32,279.79 കോടി രൂപയായി. കിഫ്ബിയുടെ അമ്പതിനായിരം കോടി രൂപ കൂടി കൂട്ടുമ്പോൾ നാലുലക്ഷം കോടി രൂപയാണ് കേരളത്തിന്റെ പൊതുകടം. ഇതാണ് അടുത്ത ദുരന്തം എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ നയപ്രഖ്യാപനത്തിൽ 258 ഖണ്ഡികകളിലായി ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ഞാൻ ഇതിനുമുമ്പ് സഭയിലുണ്ടായിരുന്ന സമയത്ത് ഗവർണറുടെ നയപ്രഖ്യാപനം നടക്കുമ്പോഴും ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും ഭരണകക്ഷിക്കാർ ഡെസ്കിലടിച്ച് വലിയ ആഘോഷം നടത്തും. പക്ഷേ ഇവിടെ അന്ന് മൂകമായിരുന്നു. അപ്പോൾ ഈ നയപ്രഖ്യാപനത്തിലൊന്നുമില്ലെന്ന് നിങ്ങൾക്കുതന്നെ അറിയാം. അല്ലെങ്കിൽ നിങ്ങളാരെങ്കിലുമൊന്ന് ഡെസ്കിലടിക്കില്ലേ? അടിച്ചില്ല. 258 കാര്യങ്ങളിൽ ഒരു കാര്യം ഞാൻ പറയാം. "219. വരും വർഷത്തിൽ തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിൽ 12 ലോകോത്തര ടോയ്‌ലറ്റ് പദ്ധതികൾകൂടി

ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു." നിങ്ങൾ ടോയ്ലെറ്റ് പണിയുന്നതിൽ ഒരു കുഴപ്പവുമില്ല. പക്ഷേ ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ഇത് പറയിക്കണോ, ഗവർണറെക്കൊണ്ട് കുറച്ചുകൂടി നല്ല കാര്യങ്ങളൊക്കെ പറയിപ്പിക്കുന്നതാണ് നല്ലത്.

ഇവിടെ തൊഴിൽരഹിതരെക്കുറിച്ച് നിങ്ങൾ ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തി. 2017-ൽ നിങ്ങൾ അധികാരത്തിൽ വന്ന് നടത്തിയ ആദ്യത്തെ നയപ്രഖ്യാപനത്തിൽ പറഞ്ഞു, അഞ്ച് വർഷം കൊണ്ട് പത്ത് ലക്ഷം ഐ.ടി. മേഖലയിലും പതിനഞ്ച് ലക്ഷം കൃഷി, നിർമ്മാണം, അനുബന്ധ മേഖലകളിലും തൊഴിലവസരം, പത്ത് ലക്ഷം യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം. അങ്ങനെ 25 ലക്ഷം പേർക്ക് തൊഴിലും പത്ത് ലക്ഷം പേർക്ക് നൈപുണ്യ പരിശീലനവും. തൊഴിൽ ദാന പദ്ധതികൾ അപര്യാപ്തമാണ് എന്ന് 2021-ലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി പറഞ്ഞു. അപ്പോൾ നിങ്ങളുടേത് പ്രഖ്യാപനങ്ങൾ മാത്രമായി ഒതുങ്ങി. ഈ നയപ്രഖ്യാപനത്തിൽ ഇരുപത് ലക്ഷം പേർക്കെങ്കിലും ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ കൊടുക്കുന്ന പദ്ധതി നടപ്പാക്കും. നിയമസഭാ രേഖ അനുസരിച്ച് ഐ. ടി. മേഖലയിൽ കേരളത്തിൽ ആകെ ജോലി ചെയ്യുന്ന ആളുകൾ എത്രയെന്ന് അറിയുമോ? ഒരു

ലക്ഷത്തി ഒൻപതിനായിരം പേരാണ് കേരളത്തിൽ ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നത്. 'റീബിൽഡ് കേരള' ഇത്തവണ വീണ്ടും പ്രഖ്യാപിച്ചിട്ടുണ്ട്. 2018-ൽ പ്രഖ്യാപിച്ച പദ്ധതിയാണ്. ഈ ബഡ്ജറ്റിലും അത് പ്രഖ്യാപിച്ചു. അന്ന് 7193 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു. പ്രോഗ്രസ് കാർഡിനെക്കുറിച്ച് നിങ്ങൾ ഒരുപാട് ആവേശംകൊണ്ട് പറഞ്ഞു. ആ പ്രോഗ്രസ് കാർഡിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്നറിയുമോ? 2.49 ശതമാനമാണ് ചെലവഴിച്ചത്. അതായത് 179.13. 'റീബിൽഡ് കേരള' 2018-ൽ പ്രഖ്യാപിച്ചതാണ്. ഇപ്പോൾ വീണ്ടും 7405 കോടി രൂപയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അറിയാൻവേണ്ടി ഞാൻ ഒരു കാര്യം പറയുകയാണ്. അവസാനത്തെ ബഡ്ജറ്റിൽ ലൈഫ് മിഷനിലൂടെ 2, 3 -ഘട്ടങ്ങളിലായി പട്ടിജാതി പട്ടിക വിഭാഗക്കാർക്ക് നാൽപ്പതിനായിരം ഭവനം നിർമ്മിക്കും എന്ന് പ്രഖ്യാപിച്ചു. ഇപ്പോൾ ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത് നാലായിരം വീടുകൾ നിർമ്മിക്കുമെന്നാണ്, അങ്ങ് ഒന്ന് വായിക്കണം. തെരഞ്ഞെടുപ്പിന് മുമ്പ് നാൽപ്പതിനായിരം, തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നാലായിരം. പട്ടികജാതിക്കാരെ ഇങ്ങനെ കബളിപ്പിക്കണോ? അതുപോലെ സിൽവർ ലൈൻ റെയിൽ പ്രോജക്ടിനെപ്പറ്റി 2020-ലെ നയത്തിൽ പ്രഖ്യാപിച്ചു. ഇപ്പോൾ വീണ്ടും

ആവർത്തിച്ചു. ആദ്യത്തെ പ്രഖ്യാപനത്തിൽ 56442 കോടി രൂപയാണ്. ഇപ്പോൾ 63900 കോടി രൂപയായി ഉയർന്നു. 7458 കോടി രൂപ ഒറ്റ വർഷംകൊണ്ട് വർദ്ധിച്ചു. ഇതിങ്ങനെ വർദ്ധിച്ചുകൊണ്ടേയിരിക്കും. ഒരു തീരുമാനവും ഉണ്ടാകുകയുമില്ല. അതാണ് നയപ്രഖ്യാപനം. പൗരന്റെ കാലൊച്ച കേൾക്കുമ്പോൾ വാതിൽ തുറക്കുകയാണ് ഗവൺമെന്റിന്റെ നയമെന്ന് നിങ്ങൾ 2016-ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞു. നിങ്ങൾ ആർക്കുവേണ്ടിയാണ് വാതിൽ തുറന്നത്? പാവപ്പെട്ടവർക്ക് വേണ്ടിയാണോ? സ്വജനപക്ഷപാതവും, അതുപോലെ ഇത്രയേറെ പാർട്ടിക്കുവേണ്ടി മാത്രം ഭരിച്ച ഒരു ഗവൺമെന്റ് ഉണ്ടായിട്ടില്ല. നിങ്ങൾ പൗരന്റെ കാലൊച്ച കേട്ടു എന്ന് എനിക്ക് തോന്നുന്നില്ല. മറ്റൊരു പ്രഖ്യാപനം, 'ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിരന്തരം നിറവേറ്റാനുള്ളതാണെന്നും അഞ്ച് വർഷത്തെ കാലയളവിൽ ആവർത്തിച്ച് പറയാനുള്ളതല്ലെന്നും എന്റെ സർക്കാർ വിശ്വസിക്കുന്നു' എന്നാണ്. ഇത് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതിൽ ഇരുപത്തിയേഴ് പ്രഖ്യാപനമൊഴിച്ച് ബാക്കിയെല്ലാം അഞ്ച് കൊല്ലം തുടർച്ചയായി ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും നടത്തിയ പ്രഖ്യാപനങ്ങൾ തന്നെയാണ്, ആവർത്തനം തന്നെയാണ്. ഒരു മാറ്റവുമുണ്ടായിട്ടില്ല. പ്രവാസികളുടെ കാര്യം..... നിങ്ങളുടെ കണക്കനുസരിച്ച് പതിനാല് ലക്ഷം പ്രവാസികൾ തിരിച്ചുവന്നു. അതിൽ

8.4 ലക്ഷം പേർക്ക് തൊഴിലില്ല (60 ശതമാനം). എന്ത് പദ്ധതിയാണ് അവർക്കുവേണ്ടി ഈ നയപ്രഖ്യാപനത്തിലുള്ളത്? ഇതുപോലെ അർത്ഥശൂന്യമായ പ്രഖ്യാപനങ്ങൾ മാത്രമാണ് ഇതിലുള്ളത്. ഈ ഗവൺമെന്റിന്റെ രൂപീകരണം; ഈ ഗവൺമെന്റിലെ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ഇന്ന് ഇവിടെ ഉണ്ടായിരുന്നു. ദുരന്ത നിവാരണത്തെക്കുറിച്ചായിരുന്നു പ്രധാന ചർച്ച. റവന്യൂ വകുപ്പുമന്ത്രിക്ക് വല്ല റോളുമുണ്ടായിരുന്നോ? ദുരന്തനിവാരണം നേരത്തേമുതൽ റവന്യൂ വകുപ്പിന്റെ ഭാഗമാണ്. ഇപ്പോൾ ആരാണ് ദുരന്തനിവാരണ വകുപ്പുമന്ത്രി; പറയാമോ? ആർക്കാണ് അതിന്റെ ചുമതല? സി.പി.ഐ.-ക്കാരെ ഇതുപോലെ കബളിപ്പിച്ച ഒരു കാലം..... അവരുടെ വനം വകുപ്പ് പോയി, ഇപ്പോൾ ദുരന്ത നിവാരണവും പോയി. അവരും ദുരന്തത്തിലായി. അതാണ് യഥാർത്ഥ വസ്തുത. ഈ കേരള ചരിത്രത്തിൽ ആദ്യമായി അരമന്ത്രിമാരെ സൃഷ്ടിച്ച ഗവൺമെന്റല്ലേ? ഹോട്ടലിൽ പോയാൽ 1/2 സൂപ്പ് ഓർഡർ ചെയ്യാറുണ്ട്. ഇപ്പോൾ അഞ്ച് കൊല്ലത്തിനുള്ളിൽ ഒരു വകുപ്പിന് രണ്ട് മന്ത്രിമാരാണ്. അര മന്ത്രിമാരെ ഏതെങ്കിലും ഗവൺമെന്റ് സൃഷ്ടിച്ചിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ..........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: ബഹുമാനപ്പെട്ട മന്ത്രി, സമയമില്ല.

ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കില്ല. ഞാൻ പുതിയ മെമ്പറാണ്. കന്നി പ്രസംഗമാണ്. പുതിയ മെമ്പറുടെ പ്രസംഗത്തിൽ ഞാൻ ഇടപെടാറില്ല.

മി. സ്പീക്കർ: വളരെ സീനിയറായ അംഗമാണ്. അങ്ങ് പുതിയ അംഗമല്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, രണ്ട് അര മന്ത്രിമാർ ടെസ്റ്റ് ട്യൂബിൽ കിടക്കുകയാണ്. രണ്ടരക്കൊല്ലം കഴിയണം പിറക്കാൻ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇതുപോലെ നാണംകെട്ട മന്ത്രിസഭാ രൂപീകരണം കണ്ടിട്ടുണ്ടോ? ഇത്തവണ നിങ്ങൾക്ക് വലിയ വിജയമുണ്ടായി. ഇത് ഞാൻ അംഗീകരിക്കുന്നു, ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ ഇത് ആരുടെ വിജയമാണ്? ഇത് എൽ.ഡി.എഫ്.-ന്റെ വിജയമാണോ അതോ ക്യാപ്റ്റന്റെ വിജയമാണോ? ഇത് ക്യാപ്റ്റന്റെ വിജയമാണെന്നാണ് നിങ്ങൾ പറയുന്നത്. ഞാൻ ഒരു കാര്യംകൂടി പറയാം. അത് നിങ്ങളുടെ കാര്യമാണ്. സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റിക്ക് ഒരു റോളുമില്ലാതിരുന്ന തെരഞ്ഞെടുപ്പാണിത്. ശ്രീ. കെ. രാധാകൃഷ്ണൻ, എനിക്ക് അങ്ങയോട് അങ്ങേയറ്റം ബഹുമാനമാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, രണ്ട് മിനിറ്റ്. ശ്രീ. കെ. രാധാകൃഷ്ണൻ

ഈ മന്ത്രിസഭയിലെ ഏറ്റവും സീനിയർ മെമ്പറാണ്. അദ്ദേഹത്തിന് ഏത് വകുപ്പാണ് കൊടുത്തത്. അദ്ദേഹത്തിന് വെടിവഴിപാട് നടത്താനുള്ള വകുപ്പ് കൊടുത്തു.

ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ..........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സമയമില്ലാത്തതുകൊണ്ട് ഞാൻ വഴങ്ങില്ല. (...ബഹളം...) ഇങ്ങനെ ശല്യമുണ്ടാക്കരുത്.

മി. സ്പീക്കർ: അങ്ങ് അദ്ദേഹത്തിന്റെ പേര് പരാമർശിച്ച സ്ഥിതിക്ക് ......

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് വഴങ്ങാം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. എന്നെ മന്ത്രിയാക്കിയതിനുശേഷം ചില മാധ്യമങ്ങളും ചില വ്യക്തികളും ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ഉം എനിക്ക് തന്ന വകുപ്പ് ചെറുതാണെന്ന് പറഞ്ഞ് കളിയാക്കുന്നുണ്ട്. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് എന്ന് പറയുന്നത് നമ്മുടെ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ആളുകളാണുള്ളത്. അവരെ സമൂഹത്തിലേയ്ക്കുയർത്തിയെടുക്കുക എന്ന് പറഞ്ഞാൽ അത് ഏറ്റവും വലിയ കാര്യമാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ചെറിയ വകുപ്പാണെന്ന് പറഞ്ഞ് ഇനിയും എന്നെ ആരും കളിയാക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സഹതാപംകൊണ്ട് പറഞ്ഞുപോയതാണ്. ഞാൻ പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, (...ബഹളം...) ഇങ്ങനെ ബഹളം വയ്ക്കേണ്ട ഒരു കാര്യവുമില്ല.

മി. സ്പീക്കർ: സമയം ഒരുപാട് അധികരിച്ചു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡറിന്റെ സമയം കുറയ്ക്കണം. പലരും, ഞങ്ങളുടെ ഭാഗത്തുള്ളവരുൾപ്പെടെ മുഖ്യമന്ത്രിയുടെ മരുമകനെ മന്ത്രിയാക്കിയെന്ന ആക്ഷേപം പറഞ്ഞു. അക്കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പമാണ്. നമ്മുടെ മക്കൾ നന്നായി കാണണമെന്ന് നമ്മൾ ആഗ്രഹിക്കില്ലേ. അതിലെന്താണ് തെറ്റ്. അതിലൊരു തെറ്റുമില്ല. ഞാൻ അദ്ദേഹത്തിന്റെ പക്ഷത്താണ്. (...ബഹളം...) (...ബഹളം...)

മി. സ്പീക്കർ: അങ്ങ് ഇരിക്കണം... ഇരിക്കണം.

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ പരാമർശം സഭാരേഖയിൽ കാണാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം*.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ...........(മൈക്ക് ഓഫ്).....

ശ്രീ. എം. എം. മണി: ബഹുമാന്യനായ സ്പീക്കർ അവർകളേ, ബഹുമാന്യരായ സഭാംഗങ്ങളേ, ഞാൻ ഇവിടെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ശക്തമായി പിന്താങ്ങുകയാണ്. ബഹുമാന്യനായ കേരള ഗവർണർ ഇവിടെ അവതരിപ്പിച്ചത് 258 പോയിന്റുകൾ അടങ്ങുന്ന ബൃഹത്തായ ഒരു നയപ്രഖ്യാപന പ്രസംഗമാണ്. ആ നയപ്രഖ്യാപന പ്രസംഗം രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗദർശകമാണ്, ഭാവിയിൽ ഈ ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന കർമ്മ പരിപാടിയുടെ സംക്ഷിപ്ത രൂപമാണ് എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പിണറായി സഖാവിന്റെ നേതൃത്വത്തിലുള്ള ഒന്നാം ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ അന്ന് ഗവർണർമാർ നടത്തിയ നയപ്രഖ്യാപനപ്രസംഗവും ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവച്ച പ്രകടനപത്രികയും ഏതാണ്ട് പൂർണ്ണമായും നടപ്പിലാക്കിയ യശസ്സോടുകൂടിയാണ് ഒന്നാം ഗവൺമെന്റിന്റെ ഭരണം പൂർത്തിയാക്കിയതെന്ന കാര്യം

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 8690/ഇ.ബി./2021/നി.സെ. തീയതി 03/06/2021) സഭാരേഖകളിൽ നിലനിർത്തി.

അഭിമാനബോധത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ആ ഗവൺമെന്റിനോട് കോൺഗ്രസ്സും പ്രതിപക്ഷനേതാക്കന്മാരും പ്രതിപക്ഷവും സ്വീകരിച്ച നിഷേധാത്മകമായ നിലപാട് കണക്കിലെടുത്തുകൊണ്ടാണ്, അതിന്റെ ഫലമായിട്ടുതന്നെയാണ് കേരളത്തിലെ ജനങ്ങൾ നിങ്ങളെ ശക്തമായി കൈകാര്യം ചെയ്തത്, വളരെ ദയനീയമായി നിങ്ങളെ പരാജയപ്പെടുത്തിയത് എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പ്രകടനപത്രിക എന്നുപറയുന്നത് കോൺഗ്രസ്സിനും ബി.ജെ.പി.-ക്കുമെല്ലാം ജനങ്ങളെ കബളിപ്പിച്ച് വോട്ടുകൾ വാങ്ങാൻവേണ്ടിയുള്ള പരിപാടിയാണ് എങ്കിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അത് അങ്ങനെയല്ല, നടപ്പിലാക്കാൻ വേണ്ടിയുള്ള രൂപരേഖയാണ്, ജനങ്ങൾക്ക് നൽകുന്ന ഉറപ്പാണ്. അതാണ് പ്രകടനപത്രിക എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നമുക്കറിയാം, ഇന്ത്യയുടെ ചരിത്രം പരിശോധിച്ചാൽ എത്രയോ പ്രകടനപത്രികകൾ, എത്രയോ പ്രമേയങ്ങൾ പാസ്സാക്കിയവരാണ് കോൺഗ്രസ്സ് നേതൃത്വവും ഇപ്പോൾ ഭരിക്കുന്ന ബി.ജെ.പി.യും എന്നുള്ളത് നമുക്ക് അറിവുള്ള കാര്യമാണ്. എന്നാൽ പ്രിയപ്പെട്ടവരേ,

അതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. പറയുന്ന കാര്യം ചെയ്യുക, ചെയ്യുന്ന കാര്യമേ പറയൂ, അതാണ് ഞങ്ങളുടെ പ്രത്യേകത എന്ന കാര്യം അഭിമാനബോധത്തോടുകൂടി എനിക്ക് നിങ്ങളോട് പറയാൻ കഴിയും. അതുകൊണ്ട് പ്രകടനപത്രിക എന്നുപറയുന്നത് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറയുന്നതുപോലെ അധരവ്യായാമം നടത്താനുള്ള കാര്യമല്ല. ജനങ്ങളോട് പറയുന്ന കാര്യങ്ങൾ കൃത്യതയോടുകൂടി നടപ്പിലാക്കുക എന്നിട്ട് വീണ്ടും ജനങ്ങളെ സമീപിക്കുക അതാണ് ഞങ്ങളുടെ പ്രവർത്തനരീതിയും ശൈലിയും എന്ന കാര്യം അഭിമാനബോധത്തൊടുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒന്നാം പിണറായി സർക്കാർ പറഞ്ഞ കാര്യങ്ങൾ പൂർത്തിയാക്കിയതുകൊണ്ടുതന്നെ രണ്ടാം ഗവൺമെന്റിന് ജനങ്ങൾ വീണ്ടും ഞങ്ങൾക്ക് അവസരം നൽകിയിരിക്കുന്നു. ആ അവസരം ഇടതുപക്ഷ ജനാധിപത്യമുന്നണി പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് ഈ നാടിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് നിങ്ങളുടെ ലീഗിന്റെയും കോൺഗ്രസ്സിന്റെയും അടിയിളക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട എന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ ഇക്കാര്യത്തിൽ വലിയ അങ്കലാപ്പിലാണെന്നൊക്കെ

ഞങ്ങൾക്കറിയാം. നിങ്ങൾ എത്ര അങ്കലാപ്പ് നടത്തിയാലും ഇതെല്ലാം സഹിക്കുക എന്നല്ലാതെ യാതൊരു വഴിയുമില്ല. ഇത് സഹിക്കാൻ നിങ്ങൾ ബാധ്യസ്ഥരാണ് എന്നാണ് എന്റെ വിനീതമായ അഭിപ്രായം. ക്രിയാത്മക പ്രതിപക്ഷം ആവുമെന്ന് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. പക്ഷെ ഈ ക്രിയാത്മകം എന്നുപറഞ്ഞാൽ അതിന് പുതിയ അർത്ഥം കാണേണ്ട ഗതികേടിലാണ് ഇപ്പോൾ നിൽക്കുന്നത്. എന്താണ് നിങ്ങളുടെ ക്രിയാത്മകം എന്നത് ഇപ്പോൾ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ഉം ഇന്നലെ ചർച്ചയിൽ പങ്കെടുത്ത ശ്രീ. പി. ടി. തോമസും ഇവിടെ കാണിച്ചുതന്നു. കൽപ്പറ്റയിലെ പുതിയ അംഗം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെപ്പറ്റിയെല്ലാം വലിയ ഊറ്റംകൊള്ളുന്നത് കണ്ടു. എന്റെ പ്രിയപ്പെട്ട പ്രതിപക്ഷ പ്രവർത്തകരേ, സഭാംഗങ്ങളേ, ഞാൻ പറയാം എത്ര വലിയ ദയനീയമായ ഗതികേടിലാണ്... ഇന്നലെയും ഇന്നുമെല്ലാമായി നടത്തിയ ചർച്ചയിൽ കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന നിലപാട്, കോവിഡിനെ പ്രതിരോധിക്കുന്നതിൽ അവർ വരുത്തുന്ന വിവേചനം, വാക്സിൻ നൽകുന്ന കാര്യത്തിൽ കാണിക്കുന്ന വീഴ്ച ഇതു സംബന്ധിച്ച് ഒരൊറ്റ വാക്കെങ്കിലും പ്രതിപക്ഷം ഈ കേരള നിയമസഭയിൽ ഉയർത്തിയോ എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു വാക്കുപോലും നിങ്ങൾ പറഞ്ഞില്ല എന്നുള്ളതാണ്

വാസ്തവം. നിങ്ങൾ പറയുമ്പോൾ 'ക്രിയാത്മകം, ക്രിയാത്മകം' എന്നുപറയും. ഞാൻ ഇന്നലെ മുതൽ ആലോചിക്കുകയാണ് ഈ ക്രിയാത്മകം എന്നുപറഞ്ഞാൽ എന്താണ് എന്ന്. ക്രിയാത്മകം എന്നുപറഞ്ഞാൽ ഞാൻ മനസ്സിലാക്കിയത് നല്ല കാര്യങ്ങളെ പിന്താങ്ങുകയും തെറ്റായ കാര്യങ്ങൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന മാർഗ്ഗമാണെന്നാണ്. പക്ഷെ നിങ്ങൾ വെറുതെ അധരവ്യായാമം നടത്തുകയാണെന്ന് നിങ്ങളുടെ നിലപാട് അസന്ദിഗ്ദ്ധമായിതന്നെ വ്യക്തമാക്കുന്നു എന്നകാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ കേരള സംസ്ഥാനത്ത് ശക്തിപ്പെടുത്തുമെന്നും ഇന്ത്യയിലെ പുരോഗമന ജനാധിപത്യ ശക്തികൾക്ക്, നരേന്ദ്രമോഡി ഗവൺമെന്റിനെതിരെ പൊരുതുന്ന ജനതയ്ക്ക് ആത്മവിശ്വാസം പകരുന്നതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എന്ന കാര്യം അഭിമാനബോധത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ കോൺഗ്രസ്സുകാർപോലും ഈ ഗവൺമെന്റിനെപ്പറ്റി ഓർക്കുമ്പോൾ ആവേശംകൊള്ളും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം

കോൺഗ്രസ്സ് പാർട്ടിക്ക് അത്തരത്തിലൊരു ഗവൺമെന്റിന് നേതൃത്വം കൊടുക്കാൻ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്നേവരെ കഴിഞ്ഞിട്ടില്ല. ഇന്നലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ശക്തമായി തിരിച്ചുവരുമെന്ന് പറഞ്ഞു. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളേ, അതിന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എവിടെയാണുള്ളത്? തപ്പി നോക്കണം. ഏഴ് സംസ്ഥാന ഗവൺമെന്റുകളെ ബി.ജെ.പി.ക്ക് അടിയറ വച്ചവരാണ് നിങ്ങൾ. എന്നിട്ട് നിങ്ങളുടെ എം.എൽ.എ.മാർ കോഴ വാങ്ങിച്ചു, നൂറുകണക്കിന് എം.പി. മാരെ ബി.ജെ.പി. ചാക്കിട്ട് പിടിച്ചു. പണം, 100 കോടി, 10 കോടി, 5 കോടി എന്ന് കേൾക്കുമ്പോൾ കോൺഗ്രസ്സുകാരുടെ വായിൽ വെള്ളമൂറുകയാണ്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ നിങ്ങളെ അടുത്ത തെരഞ്ഞെടുപ്പിൽ തീരെ വിജയിപ്പിക്കില്ല, കാരണം എന്താണ്? ബി.ജെ.പി. ശക്തിപ്പെടാതിരിക്കണമെങ്കിൽ നിങ്ങൾ തോൽക്കണം. കാരണം നിങ്ങൾക്ക് വോട്ട് ചെയ്ത് ജയിപ്പിച്ചാൽ കോഴ വാങ്ങി നിങ്ങൾ കൂറ് മാറും, അത് ഉറപ്പാണ്. അതുകൊണ്ട് നടക്കാൻ പോകുന്നത് അതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ പറയാം, 'ഹോ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ശക്തിപ്പെട്ടു,' എന്റെ പ്രിയപ്പെട്ട സ്നേഹിതന്മാരേ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്നുപറഞ്ഞാൽ ഭൂതകണ്ണാടി വച്ച് നോക്കേണ്ട ഗതികേടിലാണ്. എവിടെയാണ്

ഉള്ളത്? എ.ഐ.സി.സി. ഉണ്ടോ? ഹൈക്കമാന്റ്, എന്തോ മാന്റോ? എ.ഐ.സി.സി. സമ്മേളനമുണ്ടോ? രാഷ്ട്രീയ പ്രമേയമുണ്ടോ, സാമ്പത്തിക പ്രമേയമുണ്ടോ, ചർച്ചയുണ്ടോ? ഇല്ല. ഇവിടെ പ്രതിപക്ഷനേതാവിനെ നിശ്ചയിക്കുന്നതിനുപോലും ശ്രീമതി സോണിയാ ഗാന്ധിയുടെ വീട്ടിലേയ്ക്ക് കുറുക്കൻ കോഴിക്കൂട്ടിലേയ്ക്ക് കണ്ണുംനട്ടിരിക്കുന്നതുപോലെ നോക്കിയിരിക്കുകയാണ്. എന്ത് ഗതികേടാണ് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളേ ഇത്? ഇതിൽപ്പരം അപമാനമെന്താണ്. ആ നിങ്ങളാണ് ഇവിടെ നിന്നുപറയുന്നത് 'ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ശക്തിയായി തിരിച്ചുവരും' എന്ന്. ഇതിൽപ്പരം ബഡായി വേറെയെന്താണ് എന്ന് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ പറയാം പ്രിയമുള്ളവരേ, ഈ രാജ്യത്തെ സ്ഥിതിയെന്താണ്? അധികാര സ്വതന്ത്ര്യത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും മറ്റ് അവാന്തര വിഭാഗങ്ങളും വലിയ പങ്ക് വഹിച്ചു, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി പോരാടി, ആയിരക്കണക്കിന് ജനങ്ങൾ ജീവത്യാഗം ചെയ്താണ് സ്വാതന്ത്ര്യം നേടിയത്. എന്നിട്ട് നിങ്ങൾ എന്തുചെയ്തു? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഭരണകാലത്തുതന്നെ ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ആദരണീയനായ രാഷ്ട്രപിതാവിനെ നിഷ്ഠൂരമായി കൊന്നു. ഗാന്ധിജിയെ നിഷ്ഠൂരമായി കൊല ചെയ്തവരുടെ കയ്യിൽ അവസാനം ഇന്ത്യയുടെ

രാഷ്ട്രീയാധികാരം എത്തിച്ചുകൊടുത്ത മഹാപാപികളാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്നുപറഞ്ഞാൽ ആർക്കാണ് നിഷേധിക്കാൻ സാധിക്കുന്നത്. ഇപ്പോൾ എന്താണുണ്ടായത്; അയോദ്ധ്യയിൽ ശിലാന്യാസം നടത്താൻ ഇന്ത്യൻ പ്രധാനമന്ത്രി പോയപ്പോൾ ശ്രീ. രാഹുൽഗാന്ധിക്ക് വിഷമം, ശ്രീമതി സോണിയാ ഗാന്ധിക്ക് വിഷമം, ശ്രീമതി പ്രിയങ്കാ ഗാന്ധിക്ക് വിഷമം, ഒരു കോൺഗ്രസ്സ് നേതാവ് വെള്ളി ഇഷ്ടികകളാണ് അങ്ങോട്ട് കൊടുത്തയച്ചത്. എന്നിട്ട് നിങ്ങൾ ഇവിടെ വാചകമടിക്കുന്നു. അതോ നല്ല ആത്മാർത്ഥമായി പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയെയും ഈ ഗവൺമെന്റിനെയും അപമാനിക്കുന്ന പ്രവൃത്തിയാണ് നിങ്ങൾ ചെയ്യുന്നത്. കഴിഞ്ഞ നാളുകളിൽ നിങ്ങൾ എടുത്ത നിലപാട് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശരിക്കും നിങ്ങൾ നേരിട്ടു, നേരിടേണ്ടി വന്നു, ഉത്തരം പറയേണ്ടി വന്നു. അതുകൊണ്ട് ക്രിയാത്മകം എന്നുപറഞ്ഞാൽ നിങ്ങൾ ഇപ്പോൾ എടുക്കുന്ന നിലപാട് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ പറയുന്ന ഈ ക്രിയാത്മകം ക്രിയാത്മകമല്ല, നിഷേധാത്മകമാണ് എന്ന കാര്യത്തിൽ ഒരു സംശയവുംവേണ്ട എന്നാണ് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല പ്രവർത്തനങ്ങളെ സഹായിക്കണം. ഇല്ലാതാക്കിയിട്ട് ബദലായി

പറഞ്ഞിട്ട് കാര്യമില്ല. ശരിയായ നിലപാടെടുത്താൽ ജനങ്ങൾ നിങ്ങളോടൊപ്പം നിൽക്കും. അതല്ലെങ്കിൽ നിങ്ങളുടെ കാര്യം വട്ടപൂജ്യമാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മുസ്ലീം ലീഗിലുള്ള എന്റെ സ്നേഹിതന്മാർ.. സുഹൃത്തുകളെ, ബഹുമാന്യനായ പി. കെ. കുഞ്ഞാലിക്കുട്ടി ബി.ജെ.പി.ക്കെതിരെ ഡൽഹിയിൽ പൊരുതാൻ പോയതാണ്. പൊരുതലും കഴിഞ്ഞ് അവിടെ ചുമ്മാ ലല്ലല്ലാ പാടി നടന്നതല്ലാതെ വല്ലതും നടന്നോ, ഒന്നും നടക്കില്ല. അതോടുകൂടി രാജി വച്ച് ഇപ്പോൾ കേറും വീണ്ടും ഭരിക്കാമെന്നുപറഞ്ഞ് ഇവിടെ വന്നതാണ്. ഇത് ഇപ്പോൾ കടിച്ചതുമില്ല പിടിച്ചതുമില്ല എന്ന അവസ്ഥയായി, ഗതികേടായിരിക്കുകയാണ്. ഏറ്റവും വലിയ നാണക്കേടായി എന്നാണ് അത് സംബന്ധിച്ച് പറയാനുള്ളത്. അതുകൊണ്ട് മുസ്ലീം ലീഗിലെ സ്നേഹിതന്മാരേ, ഒരു കാര്യം നിങ്ങൾ ഓർത്തോളൂ, ഇന്ത്യയിൽ ലക്ഷക്കണക്കിന് ഇസ്ലാമുകളെ ആർ.എസ്.എസ്.കാർ കശാപ്പ് ചെയ്തിട്ടുണ്ട്. കോൺഗ്രസ്സ് ഗവൺമെന്റിന്റെ കീഴിലാണ് ഇതെല്ലാം നടന്നിരുന്നത് എന്ന കാര്യം ഞാൻ ഈ അവസരത്തിൽ പ്രത്യേകം നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ ഒരിക്കൽക്കൂടി നന്ദി പ്രമേയത്തെ പിന്താങ്ങി അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ

രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂൺ മാസം 2-ാം ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.22-ന് പിരിഞ്ഞു.)

***********